# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/TVM/GP8/1844 /2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 26/12/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/TVM/GP8/1844 /2023 തീയ്യതി: 26/12/2023

## തിരുവനന്തപുരം ജില്ലയിലെ ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 40 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 37 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 06-12-2023 | 16-12-2023 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-12-2023 | 16-12-2023 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ലതാകുമാരി. എം, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീ.അഭിജിത്ത്. ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ ( 11.12.2023 മുതൽ 15.12.2023 വരെ)

ശ്രീമതി ലേഖ.എം.എൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ ( 06.12.2023 മാത്രം)

ശ്രീ.സജേഷ് ആർ.എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി രശ്മി ആർ.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ ( 16.12.2023 മാത്രം)

ശ്രീമതി മിനിമോൾ.എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി ശശികല .എസ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി മിനി .ജി | സെക്രട്ടറി | 01-04-2022 | 07-10-2022 |
| ശ്രീമതി അമിത .സി.ഒ | സെക്രട്ടറി | 08-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സുനിൽ കുമാർ .എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 18-10-2022 |
| ശ്രീ. നിഷാദ് | അസിസ്റ്റന്റ് സെക്രട്ടറി | 19-10-2022 | 31-03-2023 |
| ശ്രീ. ജോസ് .എം.എ. | എച്ച്.എം. - ജി.എൽ.പി.എസ്, ചെറുന്നിയൂർ | 01-04-2022 | 07-07-2022 |
| ശ്രീമതി മിനി | എച്ച്.എം. - ജി.എൽ.പി.എസ്, ചെറുന്നിയൂർ | 08-07-2022 | 31-03-2023 |
| ഡോ. വി. രമ | വെറ്റിനറി സർജൻ | 01-04-2022 | 18-01-2023 |
| ഡോ. ബൈജു | വെറ്റിനറി സർജൻ | 19-01-2023 | 31-03-2023 |
| ശ്രീമതി സന്ധ്യ.ആർ.നായർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 19-07-2022 |
| ശ്രീമതി ശ്രുതി സിങ് | അസിസ്റ്റന്റ് എഞ്ചിനീയർ | 20-07-2022 | 30-09-2022 |
| ശ്രീമതി അശ്വതി.എസ്.പ്രസാദ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-10-2022 | 27-11-2022 |
| ശ്രീമതി ജസ്ന ഫാത്തിമ | അസിസ്റ്റന്റ് എഞ്ചിനീയർ | 28-11-2022 | 31-03-2023 |
| ശ്രീമതി ബിന്ദു | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2022 | 18-04-2022 |
| ശ്രീമതി മിനി കുമാരി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 19-04-2022 | 01-03-2023 |
| ശ്രീമതി രമ്യമോൾ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-03-2023 | 31-03-2023 |
| ഡോ. അമിത് മീട്ടു | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 01-04-2022 | 31-03-2023 |
| ശ്രീമതി ലക്ഷ്മി ഭാസി | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി ബീന .എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 02-01-2023 |
| ശ്രീ. കൃഷ്ണകുമാർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 03-01-2023 | 31-03-2023 |
| ശ്രീമതി സെമ്മി.എസ്. | വി.ഇ.ഒ. 1 | 01-04-2022 | 31-03-2023 |
| ശ്രീ. ഷാജി | വി.ഇ.ഒ. 2 | 01-04-2022 | 25-09-2022 |
| ശ്രീമതി സെമ്മി.എസ്. | വി.ഇ.ഒ. 2 (ചാർജ്) | 26-09-2022 | 05-12-2022 |
| ശ്രീ. പ്രവീൺ | വി.ഇ.ഒ. 2 | 06-12-2022 | 25-01-2023 |
| ശ്രീമതി സെമ്മി.എസ്. | വി.ഇ.ഒ. 2 (ചാർജ്) | 26-01-2023 | 31-03-2023 |
| ശ്രീമതി മേരി ഷൈനി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-12-2022 |
| Vacant | -- | 01-01-2023 | 19-01-2023 |
| ശ്രീമതി സബിത | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 20-01-2023 | 31-03-2023 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക അനുപാതങ്ങൾ, അക്കൗണ്ട്സിന്മേലുള്ള കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യപത്രികയ്ക്കൊപ്പം സമർപ്പിച്ചിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | Excess Of Income Over Expenditure നിർണ്ണയിച്ചതിൽ വ്യക്തതയില്ല | 1-1-3 |
| 5 | വർഷാന്ത്യത്തിൽ സ്റ്റോക്ക് മൂല്യ നിർണ്ണയം നടത്തുന്നില്ല | 1-1-4 |
| 6 | പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല | 1-1-5 |
| 7 | "Directly Debited By Bank" ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. | 1-1-6 |
| 8 | ബാങ്കിലേയ്ക്ക് നേരിട്ട് ക്രെഡിറ്റായ തുകകൾ രസീത് നൽകി വരവായി ചേർത്തിട്ടില്ല. | 1-1-7 |
| 9 | ഓൺലൈനായി വരവ് വന്ന തുകകൾ നാളിതുവരെ ക്രെഡിറ്റ് ആയില്ല | 1-1-8 |
| 10 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-9 |
| 11 | സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-10 |
| 12 | ഫിക്സഡ് അസറ്റുകൾക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല | 1-1-11 |
| 13 | ഡിമാന്റില്ലാതെ വരവ് രേഖപ്പെടുത്തുന്നു. | 1-1-12 |
| 14 | രസീത് തെറ്റായ ശീർഷകത്തിൽ നൽകി | 1-1-13 |
| 15 | Liability In Respect Of Stale Cheques – വരുമാന ശീർഷകത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. | 1-1-14 |
| 16 | ആസ്തികൾ സൃഷ്ടിക്കുന്നതിനായി ചെലവഴിച്ച തുക Capital Contribution ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല | 1-1-15 |
| 17 | ആസ്തി സൃഷ്ടിച്ച ചെലവ് റവന്യൂ ചെലവായി രേഖപ്പെടുത്തി | 1-1-16 |
| 18 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കുന്നില്ല. | 1-1-17 |
| 19 | പാർട്ട് ബില്ലായി നൽകിയ തുക Capital Work In Progress ആയി ഉൾപ്പെടുത്താതെ നേരിട്ട് ചെലവായി രേഖപ്പെടുത്തിയിരിക്കുന്നു. | 1-1-18 |
| 20 | രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല. | 1-1-19 |
| 21 | മുൻകൂർ തുക വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതിന് മുൻപായി നേരിട്ട് ചെലവായി രേഖപ്പെടുത്തി | 1-1-20 |
| 22 | മറ്റ് അപാകങ്ങൾ | 1-1-21 |
| 23 | ബഡ്ജറ്റ് | 1-2 |
| 24 | സാമ്പത്തിക വിശകലനം | 1-3 |
| 25 | ഗ്രാന്റ് വിനിയോഗം | 1-4 |
| 26 | ഗ്രാന്റ് വിനിയോഗം - അപാകങ്ങൾ | 1-4-1 |
| 27 | മെയിന്റനൻസ് ഫണ്ട് ( റോഡ്) - വരവ് - ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ.സി.ആർ എന്നിവയിൽ വരവായി ചേർത്തില്ല | 1-4-2 |
| 28 | പദ്ധതി അവലോകനം | 1-5 |
| 29 | ക്യാഷ് ബാലൻസ് പരിശോധന | 1-6 |
| 30 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം | 1-7 |
| 31 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-8 |
| 32 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 33 | ക്ഷേമപദ്ധതികൾ | 1-10 |

| | | |
|---|---|---|
| 34 | തനത് വരുമാനം - അവലോകനം | 1-11 |
| 35 | ലൈസൻസ്- അപാകങ്ങൾ | 1-12 |
| 36 | മാർക്കറ്റ് ലേലം കുടിശ്ശിക തുക ഈടാക്കിയിട്ടില്ല | 1-13 |
| 37 | പൊതുകുളങ്ങൾ ലേലം ചെയ്ത് തനത് വരുമാനം വർദ്ധിപ്പിക്കേണ്ടതാണ് | 1-14 |
| 38 | കടമുറികളുടെ വാടക കുടിശ്ശിക നിലനിൽക്കുന്നു | 1-15 |
| 39 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല | 1-16 |
| 40 | സഞ്ചയ സോഫ്റ്റ് വെയറിൽ ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തീകരിച്ചിട്ടില്ല | 1-17 |
| 41 | പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തിയിട്ടില്ല | 1-18 |
| 42 | തനത് വരുമാനം പൂർണ്ണമായും പിരിച്ചെടുത്തിട്ടില്ല | 1-18-1 |
| 43 | നിയമാനുസൃതമല്ലാത്ത കെട്ടിടം തുടർനടപടികൾ സ്വീകരിക്കേണ്ടതാണ് | 1-18-2 |
| 44 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-19 |
| 45 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. | 1-20 |
| 46 | വെള്ളക്കരം- ജനറൽ കമ്മിറ്റി തീരുമാനത്തിൽ തുടർനടപടി സ്വീകരിക്കേണ്ടതാണ്. | 1-21 |
| 47 | തെരുവു വിളക്കുകളുടെ എണ്ണം -ജനറൽ കമ്മിറ്റി തീരുമാനത്തിൽ അടിയന്തിരമായി തുടർനടപടി സ്വീകരിക്കേണ്ടതാണ്. | 1-22 |
| 48 | സ്പിൽ ഓവർ പ്രോജക്ടുകൾ നടപ്പിലാക്കിയില്ല. | 1-23 |
| 49 | വൃക്കരോഗികൾക്ക് ഡയലിസിസിന് ധനസഹായം-215200 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-24 |
| 50 | ഉപയോഗശൂന്യമായ വസ്തുക്കൾ ലേലം ചെയ്യേണ്ടതാണ്. | 1-25 |
| 51 | ഉപകരണങ്ങൾ ഉപയോഗിക്കാതെ പാഴാകുന്നു - അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ് | 1-25-1 |
| 52 | തെരുവു വിളക്കു പരിപാലനം - അപാകങ്ങൾ | 1-26 |
| 53 | വെള്ളക്കരം, ഇലക്ട്രിസിറ്റി ബിൽ -ഭീമമായ കുടിശിക ഒഴിവാക്കണം | 1-27 |
| 54 | വാട്ടർ അതോറിട്ടിയിൽ നിന്ന് ലഭ്യമായ തുക തനതു ഫണ്ടിൽ തന്നെ സൂക്ഷിച്ചിരിക്കുന്നു. | 1-28 |
| 55 | കുടിവെള്ള ടാങ്ക് നിർമ്മിക്കുന്നതിന് ഭൂമി വാങ്ങിയ നടപടിയിൽ സുതാര്യത ഇല്ല - വരവ് ചെലവ് കണക്കുകൾ ഹാജരാക്കേണ്ടതാണ് | 1-29 |
| 56 | മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി . | 1-30 |
| 57 | കാർഷിക മേഖലയിലെ പ്രോജക്ടുകളുടെ ഫലപ്രാപ്തി ഉറപ്പാക്കേണ്ടതാണ് | 1-31 |
| 58 | ജി.എസ്സ്.ടി ടി.ഡി.എസ് കുറവ് ചെയ്ത് ഒടുക്കുവരുത്തിയിട്ടില്ല. | 1-32 |
| 59 | ലൈഫ് ഭവന പദ്ധതി- ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-33 |
| 60 | പശുക്കുട്ടി വിതരണം-ജനറൽ–പദ്ധതിയിലെ അപാകങ്ങൾ–285000 രൂപ തടസ്സപ്പെടുത്തുന്നു | 1-34 |
| 61 | പശുക്കുട്ടി വിതരണം-എസ്.സി -അപാകങ്ങൾ–195000 രൂപ തടസ്സപ്പെടുത്തുന്നു. | 1-34-1 |
| 62 | സ്ത്രീ പദവി പഠനം-പെൺ അടയാളങ്ങൾ പദ്ധതി-രേഖകൾ ലഭ്യമാക്കേണ്ടതാണ്. | 1-35 |
| 63 | ആദായ നികുതി സ്രോതസ്സിൽ നിന്ന് കുറവു ചെയ്തിട്ടില്ല | 1-36 |
| 64 | എയ്ഡഡ് സ്കൂളുകളുടെ വസ്തു നികുതി പുനർനിർണ്ണയം -കമ്മിറ്റി തീരുമാനം നടപ്പിലായില്ല. | 1-37 |
| 65 | ആസ്തി രജിസ്റ്റർ കാലികമല്ല | 1-38 |
| 66 | ഹോമിയോ മരുന്ന് ലഭ്യമാകുന്നതിലെ കാലതാമസം | 1-39 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം | 4-1 |

| | | |
|---|---|---|
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്ജ്-സർചാർജ്ജ് നടപടി വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് **27.07.2023 ലെ 2(1)** കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി **31.07.2023** തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള **ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ** മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 വാർഷിക അനുപാതങ്ങൾ, അക്കൗണ്ട്സിന്മേലുള്ള കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യപത്രികയ്ക്കൊപ്പം സമർപ്പിച്ചിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ , ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. അക്കൗണ്ടുകളിന്മേലുള്ള അനുപാതം ഉൾപ്പെടുത്തിയ രീതിയിലല്ല നിലവിൽ ഐ.എൽ.ജി.എം.എസ് സോഫ്റ്റ്‌വെയർ ഫിനാൻസ് മൊഡ്യൂളിൽ വാർഷിക കണക്കുകളുടെ റിപ്പോർട്ടുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നതെന്നും , പ്രസ്തുത സംവിധാനത്തിൽ വാർഷിക അനുപാതങ്ങൾ ലഭ്യമാക്കുന്നതിന് വകുപ്പ് മുഖാന്തിരം അപേക്ഷ സമർപ്പിക്കുന്നതാണെന്നും വിശദീകരിച്ചിട്ടുണ്ട്.

### 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല

"Net Increase In Cash And Cash Equivalence" ആയി രേഖപ്പെടുത്തിയ തുകയും ( 11827857/-) "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയ തുകയും ( -2698250/-) തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഐ.എൽ.ജി.എം.എസ് - ൽ നിന്നും ലഭ്യമാകുന്ന ഓട്ടോമേറ്റഡ് ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റാണ് സമർപ്പിച്ചിട്ടുള്ളതെന്ന് വിശദീകരിച്ചിട്ടുണ്ട്.

### 1-1-3 Excess Of Income Over Expenditure നിർണ്ണയിച്ചതിൽ വ്യക്തതയില്ല

2022-23 വർഷത്തെ ജനറൽ ലഡ്ജർ ട്രയൽ ബാലൻസ് പ്രകാരം 310900101- Excess Of Income Over Expenditure ഹെഡിലെ നീക്കിയിരിപ്പ് തുക 14904037/-രൂപയാണ്. എന്നാൽ ബാലൻസ് ഷീറ്റ് ബി-1 പ്രകാരം 310900101-Excess Of Income Over Expenditure ലെ തുക 17863802/- രൂപ ആണ്. സാംഖ്യ സോഫ്റ്റ്‌വെയറിൽ ലഭ്യമായിരുന്ന ബി-1 ഷെഡ്യൂൾ ( ലാന്റ്സ്കേപ് ) ILGMS- ൽ ലഭ്യമാകാത്തതിനാലാണ് Excess Of Income Over Expenditure നിർണ്ണയിച്ച് നൽകാൻ കഴിയാതെ വന്നതെന്ന് അറിയിച്ചിട്ടുണ്ട്. ഐ.കെ.എമ്മുമായി ബന്ധപ്പെട്ട് അപാകം പരിഹരിക്കേണ്ടതാണ്.

## 1-1-4 വർഷാന്ത്യത്തിൽ സ്റ്റോക്ക് മൂല്യ നിർണ്ണയം നടത്തുന്നില്ല

2022-23 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തിയിട്ടുള്ളതായി കാണുന്നില്ല. വാർഷിക ധനകാര്യപത്രികയിലെ B-14 Stock In Hand (Inventories) ഷെഡ്യൂളിലെ തുക "0" ആയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ILGMS സംവിധാനത്തിൽ Stock Management ലഭ്യമാക്കുന്നതിന് വകുപ്പ് മുഖാന്തിരം അപേക്ഷ സമർപ്പിക്കുന്നതാണെന്നും വിശദീകരിച്ചിട്ടുണ്ട്.

## 1-1-5 പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല

STATE BANK OF INDIA CHERUNNIYOOR (67005962308) റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ചെക്കിന്റെ കാലാവധിക്കുള്ളിൽ (നല്കി 3 മാസത്തിനുള്ളിൽ), പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ലായെന്ന് കാണുന്നു.

| ക്രമ നം. | ചെക്ക് നം. തീയതി | തുക |
|---|---|---|
| 1 | 439953/11-11-2020 | 1,384 |
| 2 | 485222/17.09.2021 | 1500 |
| 3 | 485233/18.09.21 | 230 |
| 4 | 832640/16.07.2020 | 5640 |
| 5 | 485199/16.08.2021 | 200 |
| 6 | 231107/30.12.2019 | 700 * |
| 7 | 485200/16.08.2021 | 200 |
| 8 | 832638/16.07.2020 | 34969 |
| 10 | 764959/03.03.2021 | 6000 |
| 11 | 811285/31.03.2021 | 6942 |
| 12 | 968379/24.02.2021 | 500 |
| 13 | 968393/26.02.2021 | 1930 |
| 14 | 832639/16.07.2020 | 5000 * |
| 15 | 811285/31.03.2021 | 6942 |

| | | |
|---|---|---|
| 16 | 550483/28.10.2022 | 1429 |
| 17 | 550497/08.11.2022 | 63 |
| 18 | 485200/16.08.2021 | 750 |
| ആകെ | | 74379 |

* ടി ചെക്ക് കാലഹരണപ്പെട്ടതാണ്. മേൽ തുക തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടില്ല.

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 46 പ്രകാരം ചെക്കുകൾ അവയുടെ കാലാവധിക്കുള്ളിൽ മാറാതിരിക്കുകയും കാലാവധി ദീർഘിപ്പിച്ച് നല്കാതിരിക്കുകയും ചെയ്യുകയാണെങ്കിൽ പ്രസ്തുത ചെക്കുകളുടെ തുകകൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൗണ്ടിലേക്ക് ബാധ്യതയായി മാറ്റേണ്ടതും ബാങ്ക് ബുക്കിൽ ഡെബിറ്റ് ചെയ്യേണ്ടതുമാണ്. എന്നാൽ മേൽ ചെക്കുകളുടെ കാലാവധി കഴിഞ്ഞിട്ടും ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ചെക്കിന്റെ കാലാവധിക്കുള്ളിൽ (നല്കി 3 മാസത്തിനുള്ളിൽ), പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-1-6 "Directly Debited By Bank" ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

വിവിധ അക്കൗണ്ടുകളുടെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ Directly Debited By Bank ആയി രേഖപ്പെടുത്തിയിട്ടുള്ള തുക നാളിതുവരെയും ക്രമീകരിച്ചതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| അക്കൗണ്ട് നമ്പർ | ബാങ്ക് | ഡെബിറ്റ് ചെയ്ത തുക | ഡെബിറ്റ് ചെയ്ത തീയതി |
|---|---|---|---|
| 67005962308 | STATE BANK OF INDIA CHERUNNIYOOR | 620 | 12.01.2023 |
| 076901000021249 | INDIAN OVERSEAS BANK VADASERIKONAM | 18 | 21.06.2022 |
| 143301000492 | ICICI BANK | 28,080 | 31.03.23 |

ബാങ്ക് ചാർജസ് ഇനത്തിൽ ചെലവ് രേഖപ്പെടുത്തുന്നതിൽ നിന്നും ഒഴിവായി പോയതാണെന്നും, പ്രസ്തുത തുകകൾക്ക് ചെലവ് രേഖപ്പെടുത്തി അക്കൗണ്ട് ചിട്ടപ്പെടുത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ICICI ബാങ്കിൽ 31/03/2023 ൽ നേരിട്ട് ഡെബിറ്റ് ചെയ്ത 28080/- രൂപ സംബന്ധിച്ച വിശദീകരണം ലഭ്യമാക്കിയിട്ടില്ല. മേൽ തുകകൾ ക്രമീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-1-7 ബാങ്കിലേയ്ക്ക് നേരിട്ട് ക്രെഡിറ്റായ തുകകൾ രസീത് നൽകി വരവായി ചേർത്തിട്ടില്ല.

INDIAN OVERSEAS BANK (അക്കൗണ്ട് നം.076901000021249) ന്റെ ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം Directly Credited By Bank ഇനത്തിൽ ഇനത്തിൽ 44 രൂപ അവശേഷിക്കുന്നു. പ്രസ്തുത തുക നാളിതുവരെ രസീത് നൽകി കണക്കിലെടുത്തിട്ടില്ല.

STATE BANK OF INDIA CHERUNNIYOOR (അക്കൗണ്ട് നം.67005962308) ന്റെ ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം Directly Credited By Bank ഇനത്തിൽ ഇനത്തിൽ 22395 രൂപ അവശേഷിക്കുന്നു. പ്രസ്തുത തുക നാളിതുവരെ രസീത് നൽകി കണക്കിലെടുത്തിട്ടില്ല.

പലിശ ഇനത്തിലുള്ള വരവ് രേഖപ്പെടുത്തുന്നത് ഒഴിവായി പോയിട്ടുള്ളതാണെന്നും പ്രസ്തുത തുകയുടെ രസീത് രേഖപ്പെടുത്തി അടിയന്തിരമായി അക്കൗണ്ട് ചിട്ടപ്പെടുത്തുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-1-8 ഓൺലൈനായി വരവ് വന്ന തുകകൾ നാളിതുവരെ ക്രെഡിറ്റ് ആയില്ല

State Bank Of India CHERUNNIYOOR (37259656340 - E -Payment Account) ന്റെ ബാങ്ക് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ഓൺലൈനായി വരവ് ലഭിച്ച 10727/- രൂപ Cheque Deposited But Not Cleared ആയി രേഖപ്പെടുത്തിയിരിക്കുന്നു. തുടർന്നുള്ള മാസങ്ങളിലെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലും ക്രമീകരിച്ചതായി കാണുന്നില്ല. ഇ-പേയ്മെന്റ് മുഖേന ലഭിക്കുന്ന തുകകൾ നേരിട്ട് ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് എത്താതെ ഐ.കെ.എമ്മിന്റെ ഇന്റർമീഡിയറി അക്കൗണ്ട് മുഖേനയാണ് വരുന്നതെന്നും, ഏതൊക്കെ തുകകളാണ് വിട്ടുപോയിട്ടുള്ളതെന്ന് വിശദമായി പരിശോധിച്ചു വരുകയാണെന്നും അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിന് ലഭിക്കേണ്ട പ്രസ്തുത തുക ലഭ്യമാക്കി വിശദാംശം രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്. കൂടാതെ പഞ്ചായത്തിന്റെ വരുമാനം IKM-

ന്റെ അക്കൗണ്ടിൽ നിലനിൽക്കുന്ന പ്രവണത ഒഴിവാക്കുന്നതിനായി ഭരണസമിതി മുഖേന സർക്കാർ തലത്തിൽ ബന്ധപ്പെട്ട് ഉചിത നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-1-9 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ ഓരോ ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പ്രതിമാസം വസ്തു നികുതിക്കും തൊഴിൽ നികുതിക്കും ഡിമാന്റ് നടത്തിയിട്ടില്ല. 2022-23 വർഷാവസാനം മാത്രമാണ് എൻട്രി രേഖപ്പെടുത്തിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | ഡിമാന്റ് രേഖപ്പെടുത്തിയ വൗച്ചർ നമ്പർ / തീയതി |
|---|---|---|
| 110100101 | Property Tax On Residential Buildings | 42201219/31.03.2023 |
| 110100102 | Property Tax On Non Residential Buildings | 42201220/31.03.2023 |
| 110200105 | Profession Tax - Traders | 42201201/31.03.2023 |

വരും വർഷങ്ങളിൽ അപാകത പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

### 1-1-10 സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്കൊന്നിനും (ഉദാഹരണമായി ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധനചെലവ്) ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. അടുത്ത സാമ്പത്തിക വർഷം മുതൽ പൂർത്തീകരിക്കാനാവാത്തതും, തുക എത്രയെന്ന് വ്യക്തമായ വിവരം ലഭിക്കുന്നതുമായ പരമാവധി ചെലവുകൾക്ക് B-9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

### 1-1-11 ഫിക്സഡ് അസറ്റുകൾക്ക് ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിലെ ചുവടെ പറയുന്ന Fixed Asset- കളുടെ അക്യുമലേറ്റഡ് ഡിപ്രീസിയേഷൻ Income & Expenditure Statement I-17(a) -ൽ കണക്കാക്കിയിട്ടില്ല. ബാലൻസ് ഷീറ്റ് B-11(a) ഷെഡ്യൂളിൽ മുൻ വർഷങ്ങളിലെ Accumulated Depreciation തന്നെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

| ക്രമ നം. | Fixed Asset ന്റെ ഇനം |
|---|---|
| 1 | Roads & Bridges |
| 2 | Waterways |
| 3 | Public Lighting |
| 4 | Plant & Machinery |
| 5 | Other Fixed Assets |
| 6 | Sewerage And Drainage |

ഡിപ്രീസിയേഷൻ തുകകൾ പൂർണ്ണമായും രേഖപ്പെടുത്തിയാൽ ഗ്രാമപഞ്ചായത്തിന്റെ ഫണ്ട് പൊസിഷൻ നെഗറ്റീവ്

ആയി മാറാൻ സാധ്യതയുള്ളതിനാലാണ് പ്രസ്തുത ഇനങ്ങൾക്ക് ഡിപ്രീസിയേഷൻ നൽകാതിരുന്നതെന്ന് വിശദീകരിച്ചിട്ടുണ്ട്. എല്ലാ ഫിക്സഡ് അസറ്റുകൾക്കും നിശ്ചിത നിരക്കിൽ ഡിപ്രീസിയേഷൻ നൽകേണ്ടതാണ്.

### 1-1-12 ഡിമാന്റില്ലാതെ വരവ് രേഖപ്പെടുത്തുന്നു.

RP-45 ഷെഡ്യൂളിൽ 431120101 - Receivables For Profession Tax - Institutions (Current) ഹെഡിൽ 127960 രൂപയുടെ വരവുണ്ട്. എന്നാൽ ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ടി തനത് വരുമാനത്തിന്റെ ഡിമാന്റ് ഹെഡ് (110200101) ഉൾപ്പെടുത്തിയിട്ടില്ല. പകരം 110200105- Profession Tax – Traders ഹെഡിലാണ് ഡിമാന്റ് ഉൾപ്പെടുത്തിയിട്ടുള്ളത്.

RP-45 ഷെഡ്യൂളിൽ 431120103 - Receivables For Profession Tax - Professionals (Current) ഹെഡിൽ 4060 രൂപയുടെ വരവുണ്ട്. എന്നാൽ ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ടി തനത് വരുമാനത്തിന്റെ ഡിമാന്റ് ഹെഡ് (110200103) ഉൾപ്പെടുത്തിയിട്ടില്ല. പകരം 110200105- Profession Tax – Traders ഹെഡിലാണ് ഡിമാന്റ് ഉൾപ്പെടുത്തിയിട്ടുള്ളത്.

2022-23 വർഷത്തിൽ Profession Tax – Traders ശീർഷകത്തിൽ വരേണ്ടിയിരുന്ന തുകകൾ Profession Tax – Institutions, Profession Tax – Professionals എന്നീ ശീർഷകങ്ങളിൽ സ്വീകരിക്കുകയും, പ്രസ്തുത തുകകൾ ഏതെല്ലാമെന്ന് കൃത്യമായി തിരഞ്ഞ് കണ്ടുപിടിക്കാൻ സാധിക്കാത്തതുകൊണ്ടാണ് പ്രസ്തുത വിഷയം ഉണ്ടായതെന്ന് വിശദീകരിച്ചിട്ടുണ്ട്. വരും വർഷങ്ങളിൽ അതാത് ഹെഡുകളിൽ മാത്രം വരവ് ബുക്ക് ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

### 1-1-13 രസീത് തെറ്റായ ശീർഷകത്തിൽ നൽകി

Fee For Ownership Change ഇനത്തിൽ (ഹെഡ് നം. 140400103) വരവ് ലഭിച്ച 500 രൂപ തെറ്റായി 140200199 - Penalties And Fines - Other Penalties ഹെഡ്ഡിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

### 1-1-14 Liability In Respect Of Stale Cheques – വരുമാന ശീർഷകത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

350800101-Liability In Respect Of Stale Cheque ഹെഡ് കോഡ് പരിശോധിച്ചതിൽ 2021-22 വർഷത്തെ വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂളിൽ ഉൾപ്പെട്ടിരുന്ന 55,276/- രൂപയിൽ നിയമാനുസൃത കാലാവധി (3 വർഷം) കഴിഞ്ഞ ചെക്കുകൾ വരുമാന ശീർഷകത്തിലേയ്ക്ക് മാറ്റുന്നതിനായി സ്വീകരിച്ച നടപടിയുടെ വിശദാംശം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (37/16.08.2023) തുകകൾ വരുമാന ശീർഷകത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

### 1-1-15 ആസ്തികൾ സൃഷ്ടിക്കുന്നതിനായി ചെലവഴിച്ച തുക Capital Contribution ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല

വിവിധ ഫണ്ടുകൾ ഉപയോഗിച്ച് ആസ്തി സൃഷ്ടിക്കുന്നതിനായി ചെലവഴിച്ച തുക മുഴുവൻ തുകയും തത്തുല്യമായ തുക " Capital Contribution" ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല. തൻവർഷം " Capital Contribution" ശീർഷകത്തിലേയ്ക്ക് മാറ്റിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ട് | തുക |
|---|---|
| വികസന ഫണ്ട് ജനറൽ | 25000 |
| മെയിന്റനൻസ് ഫണ്ട് റോഡിതരം | 169160 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 264775 |

" Capital Contribution" ശീർഷകത്തിലേയ്ക്ക് ചേർക്കാത്ത ഏതാനും ആസ്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ/ പേര് | ചെലവ് തുക | ഫണ്ട് |
|---|---|---|
| 52/23 ബഡ്സ് സ്കൂളിന് സ്മാർട്ട് ക്ലാസ് റൂം | 199860 | സംസ്ഥാനവിഷ്കൃത ഫണ്ട് |
| 51/23, അങ്കണവാടികൾക്ക് ഏകീകൃത നെയിം ബോർഡ് സ്ഥാപിക്കൽ | 38961 | കേന്ദ്രാവിഷ്കൃത ഫണ്ട് |

### 1-1-16 ആസ്തി സൃഷ്ടിച്ച ചെലവ് റവന്യൂ ചെലവായി രേഖപ്പെടുത്തി

| പ്രോജക്ട് നമ്പർ/ പേര് | ചെലവ് തുക | ഫണ്ട് | ചെലവ് രേഖപ്പെടുത്തിയ ഹെഡ് | ചെലവ് രേഖപ്പെടുത്തേണ്ട ഹെഡ് |
|---|---|---|---|---|
| 168/23 | 192100 | തനത് | **251220007 Improvement Of The** | **414220101 Improvement Of** |

| | | | | |
|---|---|---|---|---|
| പഞ്ചായത്ത് ഓഫീസിലേയ്ക്ക് യു.പി.എസ്, ബാറ്ററികൾ എന്നിവ വാങ്ങൽ | | ഫണ്ട് | Service Of Local Governments- Purchase Of Hardware | The Service Of Local Governments- Computers And Related Equiments |
| 124/23 പഞ്ചായത്ത് ഓഫീസിലേയ്ക്ക് ലാപ്ടോപ് വാങ്ങൽ | 175053 | തനത് ഫണ്ട് | | |

അടുത്ത വർഷത്തെ ധനകാര്യ പത്രികയിൽ അപാകം പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-1-17 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കുന്നില്ല.

സ്റ്റോക്ക് രജിസ്റ്റർ, ആസ്തി രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ഗ്രാന്റ് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വാർഷിക കണക്കുകളിലെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

## 1-1-18 പാർട്ട് ബില്ലായി നൽകിയ തുക Capital Work In Progress ആയി ഉൾപ്പെടുത്താതെ നേരിട്ട് ചെലവായി രേഖപ്പെടുത്തിയിരിക്കുന്നു.

2022-23 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ സി.എഫ്.സി ഗ്രാന്റ് ഉപയോഗിച്ച് നടപ്പാക്കിയ ജി.എം.എൽ.പി.എസ് കൊച്ചുപാലച്ചിറയിൽ ടോയ്‌ലെറ്റ് നിർമ്മാണം പ്രോജക്ടിനായി നൽകിയ പാർട്ട് ബില്ലിന്റെ തുകയായ 172025/- രൂപ Capital Work In Progress ആയി ഉൾപ്പെടുത്തുന്നതിന് പകരം ഹെഡ് കോഡ് 414130001 Public Programmes – Toilet എന്ന ഹെഡിൽ നേരിട്ട് ചെലവായി രേഖപ്പെടുത്തിയിരിക്കുന്നു. വരും വർഷങ്ങളിൽ അപാകം ഒഴിവാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-1-19 രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല.

വരവുമായി ബന്ധപ്പെട്ട വിവിധ രജിസ്റ്ററുകൾ ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

## 1-1-20 മുൻകൂർ തുക വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതിന് മുൻപായി നേരിട്ട് ചെലവായി രേഖപ്പെടുത്തി

105/23 ജലജീവൻ മിഷൻ - ഗാർഹിക കുടിവെള്ള കണക്ഷൻ ഫേസ് 1 പ്രോജക്ടിനായി വാട്ടർ അതോറിറ്റിയിൽ 483473/- രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ടി തുക മുൻകൂർ ഹെഡിൽ (460500201- Advance To Implementing Agencies – Water Authority) ഉൾപ്പെടുത്തുന്നതിന് പകരം വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതിന് മുൻപായി നേരിട്ട് ചെലവായി രേഖപ്പെടുത്തി ( 251120002 – Drinking Water Programmes – Individual House Connection). പ്രസ്തുത തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ലായെങ്കിൽ അടുത്ത ധനകാര്യ പത്രികയിൽ മുൻകൂറായി ഉൾപ്പെടുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-1-21 മറ്റ് അപാകങ്ങൾ

1)2021-22 വർഷത്തെ ബി 9 ഷെഡ്യൂളിൽ Recoveries Payable - Co-operative Societies And Co-operative Banks (ഹെഡ് നം. 350200111) ഇനത്തിൽ ബാധ്യതയായി നിലനിർത്തിയിരുന്ന 5000 രൂപ 2022-23 ലും ബന്ധപ്പെട്ട സ്ഥാപനങ്ങളിലേയ്ക്ക് ഒടുക്കിയതായി കാണുന്നില്ല. 5000/- രൂപ ഈടാക്കിയിരുന്നുവെങ്കിലും പ്രസ്തുത തുക ഏത് സ്ഥാപനത്തിലേയ്ക്കാണ് ഒടുക്കേണ്ടതെന്ന വിവരം ലഭ്യമാകാത്തതിനാലാണ് തുക ഒടുക്കാതെ അവശേഷിക്കുന്നതെന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത കണ്ടെത്തി തുക ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

2) FEDERAL BANK (അക്കൗണ്ട് നം. 11290100430184) ന്റെ ബാങ്ക് പലിശയിനത്തിൽ 2022-23 വർഷം വരവ് വന്ന തുകയായ ആകെ 36166 രൂപ (35806+360) ബി-9 ഷെഡ്യൂളിൽ Interest Accrued & Due – Others (ഹെഡ് നം. 350120199) ഇനത്തിൽ ബാധ്യതയായി നിലനിർത്തിയിരിക്കുന്നു. ഫെഡറൽ ബാങ്ക് അക്കൗണ്ട് നമ്പർ 11290100430184 – ൽ ലൈഫ് പദ്ധതിയുടെ ഹഡ്കോ ലോൺ 2020 ഫണ്ട്, സൂക്ഷിച്ചതിന് ലഭിച്ച പലിശയാണെന്നും, ആയതിനാലാണ് ബാദ്ധ്യതയായി രേഖപ്പെടുത്തിയിട്ടുള്ളതെന്നും വിശദീകരിച്ചിട്ടുണ്ട്.

3) Amount Deposited For Restoration Of Roads In Connection With Pipe Line Laying Works Of KWA ഇനത്തിൽ ചെക്ക് നം.714614, തീയതി 11-05-2022 പ്രകാരം ലഭിച്ച 10000000 രൂപ (രസീത് നം. 1220200625, തീയതി 09.06.22)

ബാലൻസ് ഷീറ്റ് ബി-8 ഷെഡ്യൂളിൽ ഹെഡ് നം. 340300101 Deposit Works - Others പ്രകാരം അവശേഷിക്കുന്നുണ്ട്. ജലജീവൻ പദ്ധതിയുടെ ഭാഗമായി പഞ്ചായത്ത് റോഡുകളിൽ നടത്തേണ്ടുന്ന റോഡ് കട്ടിംഗ് റീസ്റ്റോറേഷൻ ചാർജസ് അഡ്വാൻസായി വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ചതാണെന്നും, റീസ്റ്റോറേഷൻ പദ്ധതി നടപ്പിലാക്കുന്ന മുറയ്ക്ക് തുക വിനിയോഗിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

4) മുൻകൂർ തുകകൾ ക്രമീകരിക്കുന്നില്ല

എ) 2021-22 സാമ്പത്തിക വർഷം ക്രമീകരിക്കാൻ അവശേഷിച്ച മുൻകൂർ തുകകൾ തൻവർഷവും ക്രമീകരിച്ചിട്ടില്ല.

| ഹെഡ് കോഡ് | ഇനം | ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക ( B- 18 ഷെഡ്യൂൾ പ്രകാരം) |
|---|---|---|
| 460500202 | Advance To KSEB | 919935 * |
| 460500204 | Advance To Ground Water Department | 156451 |
| 460500499 | Advance To Accredited Agencies | 18144 |
| 460500501 | Advance To Implementing Officers | 42000 |

* മുൻവർഷം ക്രമീകരിക്കാനുണ്ടായിരുന്ന തുകയോടൊപ്പം ( 827862/-) തൻവർഷം നൽകിയ 84873/- രൂപ കൂടി ഉൾപ്പെട്ട തുക.

ബി) ഹെഡ് കോഡ് 460500201 ലെഡ്ജർ പരിശോധിച്ചതിൽ വാട്ടർ അതോറ്റിയ്ക്ക് മുൻവർഷങ്ങളിൽ ഡെപ്പോസിറ്റ് ചെയ്ത തുകയിൽ നിന്നും വിവിധ രസീതുകൾ പ്രകാരം 261625/- രൂപ പഞ്ചായത്തിന് തിരികെ ലഭിച്ചതായി കാണുന്നു. ടി തുക ഏതൊക്കെ പ്രവർത്തികൾക്ക്, ഏതൊക്കെ ഫണ്ടിൽ നിന്നും അനുവദിച്ച തുകയുടെ ബാക്കിയാണെന്നത് സംബന്ധിച്ച വിവരം ലഭ്യമാക്കേണ്ടതാണ്. വിനിയോഗിച്ച തുകയുടെ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതും, വിനിയോഗിച്ച തുക മുൻകൂർ ഹെഡിൽ നിന്നും ക്രമീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതുമാണ്.

5) ജി.എസ്.ടി ടി.ഡി.എസ് ലെഡ്ജറുകൾ പരിശോധിച്ചതിൽ (ഹെഡ് കോഡ് - 350200207- CGST TDS, 350200208- SGST TDS) തുകകൾ യഥാസമയം അടവാക്കുന്നില്ലായെന്ന് കാണുന്നു. മുൻവർഷത്തെ നീക്കിയിരിപ്പും, തൻവർഷം ലഭ്യമായ തുകയും ഉൾപ്പെട്ട തുകയാണ് നീക്കിയിരിപ്പായി B-9 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ജി.എസ്.ടി റെഗുലർ തുകകൾ ജി.എസ്.ടി ടി.ഡി.എസ് തുകയായി തെറ്റായി രേഖപ്പെടുത്തിയതാണെന്നും, പ്രസ്തുത തുകകൾ ജോണൽ എൻട്രി നടത്തി ക്രമീകരിക്കുന്നതാണെന്നും, ജി.എസ്.ടി ടി.ഡി.എസ്, ജി.എസ്.ടി റെഗുലർ എന്നിവ യഥാസമയം പഞ്ചായത്ത് ഫയൽ ചെയ്തു വരുന്നതായും അറിയിച്ചിട്ടുണ്ട്. അപ്രകാരമാണെങ്കിൽ ജി.എസ്.ടി ടി.ഡി.എസ് ഇനത്തിൽ നീക്കിയിരിപ്പുണ്ടായത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-2 ബഡ്ജറ്റ്

ഭരണസമിതിയുടെ 26/03/2022 ലെ 1-ാം നമ്പർ തീരുമാന പ്രകാരം 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് അഗീകരിച്ചു. ഭരണസമിതിയുടെ 21/03/2023 ലെ 2/1- ാം നമ്പർ തീരുമാന പ്രകാരം ബജറ്റ് റിവൈസ് ചെയ്തു. 2022-23 സാമ്പത്തിക വർഷത്തെ പരിഷ്കരിച്ച ബജറ്റ് പ്രകാരം മുന്നിരിപ്പ് ഉൾപ്പടെ പ്രതീക്ഷിത വരവ് 20,46,31,670/-രൂപയും പ്രതീക്ഷിത ചെലവ് 20,36,63,019 /-രൂപയുമാണ്. വാർഷിക ധനകാര്യപത്രിക പ്രകാരം മുന്നിരിപ്പ് ഉൾപ്പെടെ ആകെ പ്രതീക്ഷിത വരവ് 58,459,060/-രൂപയും ചെലവ് 33651050/- രൂപയുമാണ്. ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വരവ് ചെലവുകളും തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു. യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് ബജറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും, ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

**ബജറ്റ് സംക്ഷിപ്തം**

| | ബജറ്റ് | റിവൈസ്ഡ് ബജറ്റ് |
|---|---|---|
| പാസ്സാക്കിയ തീയതി | 26.03.2022 | 21.03.2023 |
| ഭരണ സമിതി തീരുമാനം | 01 | 2/1 |
| മുന്നിരിപ്പ് | 11,26,645 | 11,26.645 |
| വരവ് | 20,25,30,684 | 20,35,05,025 |
| ആകെ | 20,36,57,329 | 20,46,31,670 |
| ചെലവ് | 20,25,86,200 | 20,36,63,019 |
| നീക്കിയിരിപ്പ് | 10,71,129 | 9,68,651 |

1. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങളും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ

| ക്രമ നം. | ഇനം | ഗ്രാമപഞ്ചായത്തിന്റെ നടപടിക്രമം (തീയതി ഉൾപ്പെടെ) |
|---|---|---|
| 1 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പ്രെപ്പോസൽ വയ്ക്കൽ, ക്രോഡീകരണം | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ 27.12.2021 തീയതിയിലെ 2(1) തീരുമാന പ്രകാരം അതാത് സ്റ്റാന്റിംഗ് കമ്മിറ്റികളുടെ വിഷയ മേഖലയിലുള്ള പ്രൊപ്പോസലുകൾ സമർപ്പിക്കുന്നതിന് നിർദ്ദേശിച്ച് തീരുമാനിച്ചിട്ടുണ്ട്. 22.01.2022 തീയതിയിലെ 2(1) തീരുമാന പ്രകാരം പ്രൊപ്പോസലുകൾ നൽകി |
| 2 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | 11.07.2022 ലെ 1/2 നമ്പർ തീരുമാനം |
| 3 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/അംഗീകരിക്കൽ | 18.03.2022 ലെ 1 നമ്പർ തീരുമാനം |
| 4 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | 26.03.2022 11 Am |
| 5 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | 26.03.2022 2 Pm |

2. 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം.3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പാസാക്കിയ ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ ഖ.3.1(ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1. ബജറ്റ് പ്രസംഗം

2. ബജറ്റ് കുറിപ്പുകൾ (Annexure 6)

3. പെർഫോമൻസ് ബജറ്റ് (Annexure 10)

4. ജെൻഡർ ബജറ്റ് (Annexure 11)

5. ബജറ്റ് പത്രികകളും ബജറ്റ് ഷെഡ്യൂളുകളും

എന്നാൽ പെർഫോമൻസ് ബജറ്റ്, ജെൻഡർ ബജറ്റ് ഉൾപ്പെടെയുള്ള ബജറ്റ് ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഇവ വാർഷിക പദ്ധതി അന്തിമമാകാതിരുന്നതിനാലാണ് ഉൾപ്പെടുത്താൻ സാധിക്കാതെവന്നത് എന്നും വരും വർഷങ്ങളിൽ അപാകത പരിഹരിക്കുന്നതാണെന്നും ഓഡിറ്റ് അന്വേഷണം നമ്പർ 14/11.12.2023 ന് മറുപടി നൽകി.

3. 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ആയത് പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും എല്ലാ മാസവും 5-ാം തീയതിക്ക് മുൻപായി മാസം തോറുമുള്ള അവലോകന റിപ്പോർട്ടും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതും, അതിന്റെ അടിസ്ഥാനത്തിൽ പട്ടിക 4-1, 4-2 എന്നിവ പ്രകാരം വരുമാനവും ചെലവും സംബന്ധിച്ച് മാസം തോറുമുള്ള അവലോകന റിപ്പോർട്ട് സെക്രട്ടറി ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതും, എല്ലാ മാസവും 10-ാം തീയതിക്ക് മുൻപായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസം തോറുമുള്ള അവലോകനം നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത അവലോകനത്തിന്റെ അടിസ്ഥാനത്തിൽ വിഭവ സമാഹരണത്തിന്റെയും ചെലവിന്റെയും പുരോഗതി സംബന്ധിച്ച പുരോഗതി റിപ്പോർട്ട് (മേൽ മാതൃകയിൽ) ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതും ആയത് ഒരു അജണ്ടയാക്കി ഗ്രാമപഞ്ചായത്ത് മീറ്റിംഗിൽ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതുമാണ്. കൂടാതെ പ്രസിഡന്റ് മാസം തോറും നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഒരു യോഗം കൂടേണ്ടതും നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും അടുത്ത മാസത്തെ പ്രവർത്തന പദ്ധതി ചർച്ച ചെയ്യേണ്ടതുമാണ്. മാസം തോറുമുള്ള അവലോകനം സെക്രട്ടറി ഏകോപിക്കേണ്ടതുമാണ് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4]. ബജറ്റിന്റെ പ്രതിമാസ അവലോകനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തിയതായി മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് അന്വേഷണം നം. 14/11.12.2023-ന് ഇനിയുള്ള കാലയളവിൽ ബജറ്റ് അവലോകനം നടത്തുന്ന വിവരം പ്രത്യേകമായ അജണ്ട ചേർത്ത് മിനുട്സിൽ രേഖപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്ന് മറുപടി നൽകി.

4. 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള അവലോകനം നടത്തിയതായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്ട്സിലും ജനറൽ കമ്മറ്റി മിനിട്ട്സിലും രേഖപ്പെടുത്തിയിട്ടില്ല. ബജറ്റിന്റെ വാർഷിക അവലോകനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. മാന്വൽ പ്രകാരമുള്ള അവലോകനം നടത്തുന്നതിനും സ്റ്റാന്റിംഗ് കമ്മിറ്റിയിലും ജനറൽ കമ്മിറ്റിയിലും അജണ്ടയിൽ ചേർക്കുന്നതും മിനിട്സിൽ രേഖപ്പെടുത്തുന്നതുമാണ് എന്ന് ഓഡിറ്റ് അന്വേഷണം നം. 14/11.12.2023 ന് മറുപടി നൽകി.

**ബഡ്ജറ്റ് തുക വകയിരുത്തൽ**

വരവിനങ്ങളിൽ യഥാർത്ഥത്തിൽ ഉള്ളതിനേക്കാൾ തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നു

| ക്രമ നം | ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | റിവൈസ്ഡ് ബഡ്ജറ്റ് പ്രകാരം തുക | വാർഷിക ധനകാര്യ പത്രിക പ്രകാരം തുക |
|---|---|---|---|---|
| 01 | 1101001 | Property Tax | 6300000 | 3829358 |
| 02 | 1102001 | Professionals Tax | 1900000 | 1361860 |
| 03 | 140 | ഫീസ് & യൂസർ ചാർജ്ജസ് | 890000 | 300837 |
| 04 | 150 | Sale & Hire Charges | 344000 | 106502 |

ഓഡിറ്റ് അന്വേഷണം നം.14/11.12.23 ന് വസ്തുനികുതി ഇനത്തിൽ U/A നമ്പർ നൽകിയിരിക്കുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി വർഷങ്ങളായി പിരിഞ്ഞു കിട്ടാത്ത അവസ്ഥയുണ്ട്. കുടിശ്ശികയായ തുകകൾ ആർ.ആർ നടപടിയിലാണ്. കോവിഡിന് ശേഷമുള്ള പൊതുവായ സാമ്പത്തിക ഞെരുക്കവും ഗ്രാമപഞ്ചായത്തിന് മനുഷ്യവിഭവശേഷി കുറവും നിമിത്തം തൊഴിൽ നികുതി പൂർണ്ണമായി പിരിച്ചെടുക്കാൻ സാധിക്കാത്തതിലാണ് ധനനകാര്യപത്രികയിലേതിനേക്കാൾ അന്തരം ഉണ്ടായിട്ടുള്ളത് എന്നും, പിഴ പലിശ വിവിധ കാലയളവുകളിൽ സർക്കാർ കുറവ് ചെയ്തു നിമിത്തം ഗ്രാമപഞ്ചായത്തിന് ഫീസ്&യൂസർ ചാർജ്ജ് ഇനത്തിൽ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്, തന്നിമിത്തം ആണ് ധനകാര്യ പത്രികയിലേതിനേക്കാൾ അന്തരം ഉണ്ടായിട്ടുള്ളത്. മരാമത്ത് പണികളുടെ ടെണ്ടർ നടപടികളിൽ കരാറുകാർ പങ്കെടുക്കാതിരിക്കുകയും വളരെ കുറവ് പണികൾ മാത്രമാണ് ടെൻഡർ മുഖേന കരാർ വച്ചത്. കരാറുകാരെ കിട്ടാത്തതുമൂലം ക്വട്ടേഷൻ സ്വീകരിച്ചാണ് പണികൾ നടത്തിയത് .പ്രസ്തുത പ്രശ്നത്താൽ ഗ്രാമപഞ്ചായത്തിന് ഉദ്ദേശിച്ച വരുമാനം ഉണ്ടാകാത്തത് നിമിത്തം ആണ് ധനകാര്യ പത്രികയിലേതിനേക്കാൾ അന്തരം ഉണ്ടായിട്ടുള്ളത് എന്നുമാണ്

മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 12980153/- രൂപ |
| ഓഡിറ്റ് വർഷത്തെ വരവ് | 45478907/- രൂപ |
| ആകെ | 58459060/- രൂപ |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 33651050/- രൂപ |
| നീക്കിയിരിപ്പ് | 24808010/- രൂപ |

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ട്രഷറി അലോട്ട്മെന്റ്) എന്നീ സർക്കാർ ഗ്രാന്റുകളുടെ വരവ്-ചെലവ് തുക റസീറ്റ് & പേമെന്റ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. സർക്കാർ ഗ്രാന്റുകൾ, സാമൂഹ്യ സുരക്ഷ പെൻഷനുകൾ ഉൾപ്പടെയുള്ള വരവ്-ചെലവ് ഉൾപ്പെടുന്ന പഞ്ചായത്തിന്റെ 2022-23 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരവ് 129345967/- രൂപയും ചെലവ് 126679410/- രൂപയുമാണ്.

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് (രൂപ) | വരവ് (രൂപ) | ആകെ (രൂപ) | ചെലവ് (രൂപ) | നീക്കിയിരിപ്പ് (രൂപ) |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 14502165 | 14502165 | 14897616 | -395451 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 9225065 | 9225065 | 10291034 | -1065969 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 5172728 | 5172728 | 1206745 | 3965983 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 3132240 | 3132240 | 3300683 | -168443 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 4398000 | 4398000 | 4594523 | -196523 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 4572000 | 4572000 | 1901719 | 2670281 |
| CSS | 0 | 0 | 0 | 412376 | -412376 |
| SSS | 0 | 0 | 0 | 2939860 | -2939860 |

## 1-4-1 ഗ്രാന്റ് വിനിയോഗം - അപാകങ്ങൾ

1) ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം മേഖലാ അടിസ്ഥാനത്തിൽ പദ്ധതി മാർഗരേഖ പ്രകാരമുള്ള തുക

വകയിരുത്തിയിട്ടുണ്ടെങ്കിലും ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മേഖല അടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| മേഖല | വിഭാഗം | അടങ്കൽ (മറ്റുള്ളവ ഒഴികെ) (രൂപ) | ചെലവ് (മറ്റുള്ളവ ഒഴികെ) (രൂപ) | ചെലവ് (%) |
|---|---|---|---|---|
| ഉല്പാദനം | പൊതുവിഭാഗം | 5606000 | 4008491 | 71.5 |
| | പട്ടിക ജാതി | 1175500 | 827500 | 70.4 |
| സേവനം | പൊതുവിഭാഗം | 38711488 | 19940586 | 51.5 |
| | പട്ടിക ജാതി | 28228699 | 12293534 | 43.55 |
| പശ്ചാത്തലം | പൊതുവിഭാഗം | 13414443 | 6209552 | 46.3 |

സ.ഉ(കൈ) നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 5.4.1.9 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്തു ശതമാനം വനിതാഘടകപദ്ധതിയ്ക്ക് വകയിരുത്തണ്ടേതാണ്. മേൽ ഉത്തരവ് ഖണ്ഡിക 5.4.1.10 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5 ശതമാനം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജന്റേഴ്സ് എന്നിവരുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ടിയും കുറഞ്ഞത് 5 % തുക വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണം. പ്രസ്തുത വിഭാഗങ്ങൾക്ക് വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിച്ചതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വിഭാഗം | അടങ്കൽ തുക (മറ്റുള്ളവ ഒഴികെ) | ചെലവഴിച്ച തുക (മറ്റുള്ളവ ഒഴികെ) | ചെലവ് ശതമാനം (%) |
|---|---|---|---|
| വനിത ഘടക പദ്ധതി | 2650400 | 1090426 | 41.14 |
| കുട്ടികൾ | 763830 | 758225 | 99.27 |
| വൃദ്ധർ | 1322050 | 1282012 | 96.97 |
| ഭിന്നശേഷിയുള്ളവർ | 1035000 | 691188 | 66.78 |
| മറ്റ് ദുർബല വിഭാഗങ്ങൾ | 640640 | 256256 | 40 |
| യുവജന വികസന പരിപാടി | 60000 | 53871 | 89.78 |
| അതിദരിദ്രർ | 400000 | 212525 | 53.13 |

സ.ഉ (കൈ) നം. 84/2022 / ത.സ്വ.ഭ.വ തീയതി 19.04.2022 ഉത്തരവ് ഖ.6.1 പ്രകാരം പട്ടിക ജാതി ഉപപദ്ധതി വിഹിതമായി സംസ്ഥാന ബജറ്റ് അലോക്കേഷൻ പ്രകാരം ലഭിക്കുന്ന തുക പ്രകാരം പട്ടികജാതി വിഭാഗങ്ങൾക്കായി വിവിധ പദ്ധതികൾ തയ്യാറാക്കേണ്ടതും പ്രസ്തുത വിഹിതം പാഴാക്കാനോ വകമാറ്റി ചെലവഴിക്കാനോ പാടില്ലായെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ ബജറ്റ് അലോക്കേഷൻ പ്രകാരം പട്ടിക ജാതി ഉപപദ്ധതി വിഹിതമായി വകയിരുത്തിയ 11877000/- രൂപയിൽ 10291034/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത് ( ചെലവ് - 86.6%)

നിർവഹണ ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റം, സ്ഥലംമാറ്റത്തെ തുടർന്നുള്ള നിയമനം വൈകൽ, പദ്ധതികളിൽ ഗുണഭോക്താക്കളുടെ താൽപര്യമില്ലായ്മ, ആവശ്യമായ ഗുണഭോക്താക്കളെ ലഭ്യമാകാത്ത സ്ഥിതി, മരാമത്ത് പണികൾ കരാറുകാർ ഏറ്റെടുക്കാത്ത അവസ്ഥ എന്നിവ മൂലം ഗ്രാമപഞ്ചായത്തിന്റെ പദ്ധതി നിർവഹണം പൂർണ്ണമായ തോതിൽ നടപ്പാക്കാൻ സാധിക്കാത്തതിനാലാണ് വകയിരുത്തിയ തുകകൾ പൂർണ്ണമായും ചെലവഴിക്കാൻ കഴിയാതെ വന്നതെന്ന് വിശദീകരിച്ചിട്ടുണ്ട്.

2) സംയുക്ത പ്രോജക്ടുകൾക്ക് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിൽ നിന്നും മുൻവർഷങ്ങളിൽ ലഭിച്ച താഴെപ്പറയുന്ന തുകകൾ 2022-23 വർഷത്തിൽ ചെലവഴിക്കുകയോ തിരികെ ഒടുക്കുകയോ ചെയ്തിട്ടില്ല. 2021-22 വാർഷിക ധനകാര്യപത്രിക ബി-4 ഷെഡ്യൂൾ പ്രകാരം താഴെപ്പറയുന്ന ഹെഡുകളിലുള്ള ഗ്രാന്റുകൾ/ഫണ്ടുകൾ എന്നിവ 2022-23 വർഷത്തിലും ചെലവഴിക്കാതെ അവശേഷിക്കുന്നു.

| ക്രമ നം | കോഡ് | തദ്ദേശ സ്ഥാപനം | തുക |
|---|---|---|---|
| 1 | 320700204 | ബ്ലോക്ക് പഞ്ചായത്ത് | 377040 |
| 2 | 320700205 | ജില്ലാ പഞ്ചായത്ത് | 367380 |

തുകകൾ പരിശോധിച്ച ശേഷം തിരികെ അടവാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർവിവരം അറിയിക്കേണ്ടതാണ്.

3) പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച Grants / Contributions തുകകൾ 2022-23 സാമ്പത്തിക വർഷം ചെലവഴിച്ചിട്ടില്ല. 2021-22 സാമ്പത്തിക വർഷം നീക്കിയിരിപ്പായി അവശേഷിച്ച അതേ തുക തന്നെയാണ് 2022-23 വാർഷികധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളിലും ഉൾപ്പെട്ടിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | B-4 ഷെഡ്യൂൾ പ്രകാരമുള്ള തുക |
|---|---|---|
| 320500101 | Grants, Funds &Contributions For Specific Purposes | 25000 |

തുക ലഹരി വിരുദ്ധ ക്യാമ്പയിൻ ആയ വിമുക്തി പരിപാടിയുടെ ഭാഗമായി എക്സൈസ് വകുപ്പിൽ നിന്നും ലഭിച്ച തുകയാണെന്നും, തുക ചെലവഴിക്കപ്പെട്ടിട്ടില്ലായെന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത തുക നിർദ്ദേശാനുസരണം ചെലവഴിക്കുന്നതിനുള്ള നടപടി

4) ഗുണഭോക്തൃ വിഹിതയിനത്തിൽ 415261/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു. പ്രസ്തുത തുകയിൽ ജലജീവൻ മിഷനിൽ കുടിവെള്ള കണക്ഷൻ ലഭിക്കുന്നതിനായുള്ള അപേക്ഷകരുടെ ഗുണഭോക്തൃ വിഹിതവും, 2022-23 വർഷം നിർവഹണം പൂർത്തിയാകാതെ സ്പിൽ ഓവർ ആയ പ്രോജക്ടുകളുടെ നിർവഹണത്തിന് വേണ്ടി ശേഖരിച്ച തുകകളുമാണ് ഉൾപ്പെട്ടിട്ടുള്ളതെന്നും, പ്രസ്തുത തുകകൾ 2023-24 വർഷം ചെലവഴിക്കുന്നതാണെന്നും വിശദീകരിച്ചിട്ടുണ്ട്.

5) ഹെഡ് കോഡ് 320300199 പരിശോധിച്ചതിൽ Grants, Funds & Contributions For Specific Purposes – Other Than Development Fund And State Sponsored Scheme Funds - Other Purposes – 1660000/- രൂപ ലൈഫ് സംസ്ഥാന വിഹിത ഇനത്തിൽ ചെലവഴിക്കാതെ അവശേഷിക്കുന്നു. ലൈഫ് മിഷനനിൽ നിന്നും സ്റ്റേജ് പേയ്മെന്റിനായി അപേക്ഷിക്കുന്ന തുകകൾ റിലീസായി ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ എത്തിയിട്ടുള്ളതാണെന്നും, ഗുണഭോക്താക്കൾ പണി പൂർത്തിയാക്കി നിശ്ചിത സമയത്ത് എത്താത്തത് മൂലമാണ് തുക അവശേഷിച്ചിട്ടുള്ളതെന്നും, 2023-24 സാമ്പത്തിക വർഷം ടി തുക ചെലവഴിച്ച് തീർക്കുന്നതാണെന്നും വിശദീകരിച്ചിട്ടുണ്ട്. ഭവന നിർമ്മാണ ഘട്ടത്തിന്റെ വിവിധ സ്റ്റേജുകൾ പൂർത്തിയായതിന് ശേഷം മാത്രം സ്റ്റേജ് പെയ്മെന്റിന് അപേക്ഷ സമർപ്പിച്ച് തുക ലഭ്യമാക്കേണ്ടതും, ലഭ്യമാകുന്ന തുക ചെലവഴിക്കാതെ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ സൂക്ഷിക്കുന്ന പ്രവണത ഒഴിവാക്കേണ്ടതുമാണ്. മേൽ തുക 2023-24 സാമ്പത്തിക വർഷം പൂർണ്ണമായും ചെലവഴിച്ച് വിവരം ഓഡിറ്റിന് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

6) 2021-22 സാമ്പത്തിക വർഷവും ബി -4 ഷെഡ്യൂളിൽ നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുള്ള Development Fund – General (ഹെഡ് കോഡ് - 320200101) ഇനത്തിലെ 98351/- രൂപയും, Development Fund- Central Finance Commission

Grant ഇനത്തിലെ 1465570/- രൂപയും തൻവർഷവും ക്രമീകരിക്കാത്തതിന്റെ വിശദീകരണമായി മേൽ തുകകൾ അടിയന്തിരമായി ക്രമീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർവിവരം അറിയിക്കേണ്ടതാണ്.

7) ഹെഡ് കോഡ് 320100999 – Other Liabilities ആയി രേഖപ്പെടുത്തിയിട്ടുള്ള 98351/- രൂപ 31/03/2018 മുതൽ അവശേഷിക്കുന്നതാണെന്നും, പ്രസ്തുത തുകകൾ ഏതെന്ന് തിരിച്ചറിഞ്ഞ ശേഷം തുടർനടപടി സ്വീകരിക്കുന്നതാണെന്നും വിശദീകരിച്ചിട്ടുണ്ട്. തുകകൾ ക്രമീകരിച്ച് വിവരം രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

(അവലംബം - ഓഡിറ്റ് അന്വേഷണക്കുറിപ്പ് 38/16.12.2023 ന്റെ മറുപടി)

## 1-4-2 മെയിന്റനൻസ് ഫണ്ട് ( റോഡ്) – വരവ് – ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ.സി.ആർ എന്നിവയിൽ വരവായി ചേർത്തില്ല

തൻവർഷം വിവിധ അലോട്ട്മെന്റുകൾ പ്രകാരം മെയിന്റനൻസ് ഫണ്ട് ( റോഡ്) ഇനത്തിൽ 7095000/- രൂപ ( സ.ഉ(സാധാ) നം. 2862/2022/ധന തീയതി 08/04/2022 – 1701000/-, സ.ഉ(സാധാ) നം. 6267/2022/ധന തീയതി 05/09/2022- 297000/- , സ.ഉ(സാധാ) നം. 8253/2022/ധന തീയതി 05/12/2022 - 2970000/- ) ലഭ്യമായിട്ടുണ്ട്. ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ.സി.ആർ എന്നിവയിൽ സ.ഉ(സാധാ) നം. 8253/2022/ധന തീയതി 05/12/2022 ഉത്തരവ് പ്രകാരം ലഭിച്ച 2697000/- രൂപ വരവായി രേഖപ്പെടുത്തിയിട്ടില്ല. ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം മെയിന്റനൻസ് ഫണ്ട് (റോഡ്) - ന്റെ നീക്കിയിരിപ്പ് നെഗറ്റീവ് ആണ്. അപാകം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (38/16.12.2023 ) മറുപടിയായി പ്രസ്തുത വരവ് വെബ്സാംഖ്യയിൽ നിന്നും ഒഴിവായതായും, സാങ്കേതിക തകരാർ പരിഹരിച്ച് വരവ് ഉൾക്കൊള്ളിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനായി സൂചിക ഇൻവേർഡ് നമ്പർ 280109 തീയതി 18/12/2023 മുഖേന ഐ.കെ.എമ്മിനെ അറിയിച്ചതായും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതും, ഭാവിയിൽ ഇത്തരം അപാകങ്ങൾ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-5 പദ്ധതി അവലോകനം


**ഫണ്ട് വിനിയോഗം**

(എ) 2022-23 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിന് ബജറ്റ് വിഹിതമായി ലഭിച്ച തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.


| ഫണ്ട് | 2022-23-ൽ സംസ്ഥാന ബജറ്റ് അനുബന്ധം IV ന്റെ അടിസ്ഥാനത്തിൽ ഗവ. ഉത്തരവുകൾ പ്രകാരം ലഭിക്കുന്ന തുക | 2022-23-ൽ ചെലവഴിച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം) | ലാപ്സായ തുക |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം | 18169000 | 14897616 | 3271384 |
| വികസനഫണ്ട് എസ്.സി.പി | 11877000 | 10291034 | 1585966 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 7095000 | 4594523 | 2500477 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 4572000 | 1901719 | 2670281 |
| **ആകെ** | **41713000** | **31684892** | **10028108** |

**ആകെ ലഭ്യമാകുന്ന തുക, ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ താരതമ്യം ലേഖാചിത്രമായി ചേർക്കുന്നു.**

**(1)**




**(2)**




(ബി) 2022-23 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (ഗ്ര.വി. ഒഴികെ) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 15 | 15 | 0 | 2652709 | 2605700 | 98.23 % |
| വെറ്റിനറി സർജൻ | 16 | 12 | 4 | 3040500 | 1845000 | 60.68 % |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 15 | 13 | 2 | 3952138 | 3371776 | 85.32 % |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 3 | 3 | 0 | 600000 | 600000 | 100 % |
| വി.ഇ.ഒ. I | 10 | 7 | 3 | 6178600 | 4629207 | 74.92 % |
| വി.ഇ.ഒ. II | 14 | 11 | 3 | 34800256 | 9636298 | 27.69 % |
| ICDS സൂപ്പർവൈസർ | 14 | 14 | 0 | 4122000 | 3388278 | 82.2 % |
| സെക്രട്ടറി | 26 | 23 | 3 | 8404165 | 7721415 | 91.88 % |
| ഹെഡ്മാസ്റ്റർ എൽ.പി. സ്കൂൾ | 5 | 4 | 1 | 1143830 | 1101545 | 96.3 % |

| | | | | | | |
|---|---|---|---|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | 46 | 24 | 22 | 19552842 | 6349962 | 32.48 % |
| ഡയറി ഫാം ഇൻസ്പെക്ടർ | 1 | 1 | 0 | 500000 | 400000 | 80 % |
| അസി.സെക്രട്ടറി | 8 | 8 | 0 | 2189090 | 1630419 | 74.48 % |

(സി) ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക | ശതമാനം |
|---|---|---|---|
| പൊതുവിഭാഗം (ജനറൽ) | 19547621 | 14897616 | 76.21 % |
| എസ്.സി.പി. | 13476323 | 10291034 | 76.36 % |
| ധനകാര്യ കമ്മീഷൻ അവാർഡ് | 10570904 | 4507428 | 42.64 % |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 1444000 | 412376 | 28.56 % |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 8700000 | 2939860 | 33.79 % |
| തനത് ഫണ്ട് | 1899075 | 1554271 | 81.84 % |
| മറ്റ് ബ്ലോക്ക് പഞ്ചായത്ത് | 8486750 | 1566600 | 18.46 % |
| മറ്റ് ജില്ലാ പഞ്ചായത്ത് | 9087248 | 571950 | 6.29 % |
| മെയിന്റനൻസ് ഫണ്ട് – നോൺ റോഡ് | 4949320 | 1901719 | 38.42 % |
| മറ്റുള്ളവ | 18495134 | 6205635 | 33.01 % |
| **ആകെ** | **97086022** | **44890775** | **46.24 %** |

| ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (മറ്റുള്ളവ ഒഴിവാക്കി) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| 173 | 135 | 38 | 87138613 | 43279600 | 49.66 % |

**ആസൂത്രണ സമിതി**

പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ [സ.ഉ.(കൈ)നമ്പർ 84/2022 തസ്വഭവ തീയതി 19.04.2022] ഖണ്ഡിക, 3.1.1 പ്രകാരം ആസൂത്രണസമിതി പുന:സംഘടിപ്പിച്ചിട്ടുണ്ട്. ഭരണസമിതിയുടെ 06.12.2021 ലെ 1(11) -ാം നമ്പർ തീരുമാനപ്രകാരം പുനഃ സംഘടിപ്പിച്ചു.

പുന:സംഘടിപ്പിച്ചതിന് ശേഷമുള്ള ആസൂത്രണ സമിതിയിലെ അംഗങ്ങളുടെ വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെയും ഘടകസ്ഥാപനങ്ങളുടെയും നോട്ടീസ് ബോർഡുകളിൽ പ്രസിദ്ധീകരിച്ചതായി അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നമ്പർ 13ന്റെ മറുപടി).

ആസൂത്രണ സമിതിയുടെ മിനിട്സ് പരിശോധിച്ചതിൽ, പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയുടെ 3.1.1 (ബി)1 മുതൽ 17 വരെ പ്രതിപാദിക്കുന്ന ആസൂത്രണ സമിതിയുടെ ചുമതലകൾ നിർവ്വഹിച്ചിട്ടില്ലായെന്ന് കാണുന്നു.

**വർക്കിംഗ് ഗ്രൂപ്പ്**

സ.ഉ.കൈ.നം 84/2022 തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 3.1.2 എ പ്രകാരം 13വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. 03.12.2021 തീയതിയിലെ പഞ്ചായത്ത് കമ്മറ്റിയുടെ 1(2) നം തീരുമാന പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ പുന.സംഘടിപ്പിച്ചിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ നാമ മാത്രമായ പ്രാതിനിധ്യമാണ് യോഗങ്ങളിലുള്ളത്. ഭൂരിഭാഗം വർക്കിംഗ് ഗ്രൂപ്പുകളും വിവിധ പ്രോജക്ട് നിർദ്ദേശങ്ങൾ നൽകുക മാത്രമാണ് ചെയ്തിട്ടുള്ളത്.

ഖണ്ഡിക 3.1.2(ബി) 13 പ്രകാരം വാർഷിക പദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. പദ്ധതി രൂപീകരണത്തിനു ശേഷം നിർവ്വഹണ ഘട്ടത്തിൽ ഓരോ വർക്കിംഗ് ഗ്രൂപ്പുകളും മോണിറ്ററിംഗ് കമ്മറ്റികളായി പ്രവർത്തിച്ച് പ്രോജക്ട്കളുടെ നിർവ്വഹണ പുരോഗതി വിലയിരുത്താറുണ്ട് എന്നറിയിച്ചുവെങ്കിലും വർക്കിംഗ് ഗ്രൂപ്പുകളുടെ മിനിട്സിൽ ഇപ്രകാരം മോണിറ്ററിംഗ് നടന്നതിന്റെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ഏതാനും നിർദ്ദേശങ്ങളും അവ നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതനുസരിച്ച് താഴെ പറയും വിധം മറുപടി ലഭ്യമാക്കി.

| ക്രമ നം. | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം | സ്വീകരിച്ച നടപടി (ഓഡിറ്റ് എൻക്വയറി നം. 13 ന് |
|---|---|---|---|---|

| | | | | ലഭ്യമാക്കിയ മറുപടി പ്രകാരം) |
|---|---|---|---|---|
| 1 | കൃഷി | 21.12.2022 | 1. തരിശുഭൂമി കൃഷി<br>2. ഇടവിള കൃഷി | ലഭ്യമാക്കിയില്ല |
| 2 | വനിതാവികസനം | 21.12.2022 | 1. ജാഗ്രത സമിതി<br>2. ജൻഡർ ഹെല്പ് ഡസ്ക് | ജാഗ്രത സമിതി ഫെസിലിറ്റേറ്ററെ നിയമിച്ചിട്ടുണ്ട് |
| 3 | സാമൂഹ്യനീതി | 21.12.2022 | 1. കോക്ലിയാർ ഇംപ്ലാന്റേഷൻ<br>2. സ്പീച്ച് തെറാപ്പി | സ്പീച്ച് തെറാപ്പിസ്റ്റിനെ നിയമിച്ചിട്ടുണ്ട്. കോക്ലിയാർ ഇംപ്ലാന്റേഷൻ 1 കുട്ടിക്ക് ചെയ്തിട്ടുണ്ട്. |

**സ്റ്റാറ്റസ് റിപ്പോർട്ട്**

സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാര നടപടികൾ പദ്ധതികൾ മുഖേന നടപ്പാക്കിയതിന്റെയും വിശദാംശം ആവശ്യപ്പെട്ടുവെങ്കിലും വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ സാധിക്കാത്ത അതേ കാരണങ്ങളാൽ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരമുള്ള പ്രശ്ന പരിഹാരത്തിനുള്ള പ്രോജക്ട്കൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല എന്നറിയിച്ചു. (ഓഡിറ്റ് എൻക്വയറി നമ്പർ 13ന്റെ മറുപടി).

| ക്രമ നം. | മേഖല | തീവ്രത | പ്രശ്നം | സ്വീകരിച്ച നടപടി |
|---|---|---|---|---|
| 1 | കൃഷി-നെൽകൃഷി ഉദ്പാദന കുറവ് | അതീവ ഗുരുതരം | ശാസ്ത്രീയ കൃഷി രീതികൾ അവലംബിക്കുന്നില്ല | ഇല്ല |
| 2 | മൃഗസംരക്ഷണം-പാലുല്പാദനം കുറവ് | ഗുരുതരം | കന്നുകാലി വളർത്തലിന് വർദ്ധിച്ചു വരുന്ന ചെലവ് | ഇല്ല |
| 3 | ആരോഗ്യം | ഗുരുതരം | മാലിന്യ സംസ്കരണം സംവിധാനങ്ങളുടെ അപര്യാപ്തത | ഇല്ല |
| 4 | വിദ്യാഭ്യാസം, കല-സാംസ്കാരം, യുവജനകാര്യം-സ്മാർട്ട് ക്ലാസ്റൂം | ഗുരുതരം | അടിസ്ഥാന സൗകര്യം കുറവ് | ഇല്ല |

**ഗ്രാമസഭ**

പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.1(1) പ്രകാരം വികസന പരിപ്രേക്ഷ്യവും, കരട് പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറായാൽ ഗ്രാമസഭകൾ യോഗം ചേർന്ന് പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്. എന്നാൽ ഗ്രാമസഭ മിനിട്സ് പരിശോധിച്ചതിൽ നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിച്ചിട്ടില്ല.

ഖണ്ഡിക 3.1.2(ബി) 7 പ്രകാരം മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഗ്രാമസഭയിൽ അവതരിപ്പിച്ചിട്ടില്ല.

**വായ്പ**

മാർഗ്ഗരേഖ 3.4.1.8(എ) പ്രകാരം ആസൂത്രണ സമിതിയുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും സംയുക്ത യോഗത്തിൽ തദ്ദേശഭരണ സ്ഥാപന പ്രദേശത്ത് പ്രവർത്തന മേഖലയുള്ള ബാങ്ക് പ്രതിനിധികളുമായി പ്രോജക്ടുകൾ പ്രകാരമുള്ള വായ്പാ ആവശ്യങ്ങൾ ചർച്ച ചെയ്ത് നിലവിലുള്ള സാദ്ധ്യതകൾ സംബന്ധിച്ച് വ്യക്തത വരുത്തണമെന്നുണ്ട്. പദ്ധതി രൂപീകരണ നടപടിക്രമത്തിന്റെ ഭാഗമായി ബാങ്ക് അധികൃതരുമായി ചർച്ച നടത്തിയെങ്കിലും വാർഷിക പദ്ധതിയിൽ ബാങ്ക് ലിങ്ക്ട് പ്രോജക്ടുകളൊന്നും ഏറ്റെടുത്തിട്ടില്ല എന്നറിയിച്ചു. (ഓഡിറ്റ് എൻക്വയറി നമ്പർ 13ന്റെ മറുപടി)

**തൊഴിലുറപ്പ് പദ്ധതിയുടെ സംയോജനം**

മാർഗ്ഗരേഖ 3.5.6.3 (എ) പ്രകാരം ഗ്രാമപഞ്ചായത്തുകൾ പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായുള്ള സംയോജന സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്. തൻവർഷം അപ്രകാരം തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് പ്രോജക്ടുകൾ നടപ്പാക്കിയിട്ടില്ല.

**കുടുംബശ്രീ**

മാർഗ്ഗരേഖ 3.5.6.3 (ബി) യുടെ അടിസ്ഥാനത്തിൽ കുടുംബശ്രീ പരിപാടികളുമായി സംയോജിപ്പിച്ച് പദ്ധതികൾ നടപ്പാക്കിയിട്ടില്ലായെന്ന് അറിയിച്ചിട്ടുണ്ട്.

**നൂതന പ്രോജക്ടുകൾ**

മാർഗ്ഗരേഖ 3.8.5 (1) ന്റെ അടിസ്ഥാനത്തിലുള്ള നൂതന പ്രോജക്ടുകളൊന്നും തന്നെ തയ്യാറാക്കിയിട്ടില്ല.

**CSR ഫണ്ട്**

സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തപ്പെടുന്ന Corporate Social Responsibility Fund (CSR Fund) ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് മീറ്റിംഗ് കൂടിയിട്ടുണ്ട്.

**ആസ്തി സംരക്ഷണ പദ്ധതി**

മാർഗ്ഗരേഖ ഖണ്ഡിക 6.8 പ്രകാരം ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള റോഡ്, റോഡിതര ആസ്തികളുടെ കാലികവും കൃത്യവുമായ രേഖകൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കണമെന്നുണ്ട്.

ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയെങ്കിലും എല്ലാ ആസ്തികളും പൂർണ്ണമായും ഉൾപ്പെടുത്തിയി ട്ടുണ്ടോയെന്ന് പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.
വരും വർഷങ്ങളിൽ പദ്ധതി രൂപീകരണ വേളയിൽ സർക്കാർ ഉത്തരവ്, മാർഗരേഖ എന്നിവ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ച് പദ്ധതിപ്പണം ലാപ്സാവാതെ പരമാവധി വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-6 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 8-12-2023 തീയതിയിൽ 2.30 പി.എം-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7189/-രൂപ ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-7 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.11.2021 | 01.01.2021 മുതൽ 31.07.2021 വരെ | 18.02.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10.12.2012 | 2007-08 മുതൽ 2011-12 വരെ | 17.09.2013 |

## 1-8 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (രൂപ) | വരവ് (രൂപ) | ആകെ (രൂപ) | ചെലവ് (രൂപ) | നീക്കിയിരിപ്പ് (രൂപ) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2099 | 56051 | 58150 | 55728 | 2422 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 30870994 | 30870994 | 30870994 | 0 |
| ആകെ | 2099 | 30927045 | 30929144 | 30926722 | 2422 |

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി ചുവടെ പറയുന്നവയിൽ നടപടികൾ സ്വീകരിക്കേണ്ട വിഷയങ്ങളിൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1) നികുതി നികുതിയേതര വരുമാന വരവിൽ കൂടുതൽ ജാഗ്രതയോടെ ഓഫീസ് പ്രവർത്തനം ആവശ്യമാണ്.

2) ബജറ്റ്, വാർഷിക ധനകാര്യ പത്രിക എന്നിവ തയ്യാറാക്കുന്നതിലെ അപാകങ്ങൾ ചൂണ്ടിക്കാണിച്ചിരിക്കുന്നത് ഒഴിവാക്കേണ്ടതാണ്.

3.ഫ്രണ്ട് ഓഫീസിൽ ഫോമുകളുടെ രജിസ്റ്റർ ഉണ്ടെങ്കിലും,ആയത് പൂർണ്ണവും കാലികവുമല്ല.

4) ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനായി സ.ഉ.(കൈ)നം. 1232009തസ്വഭവ തീ. 02.07.09 പ്രകാരം സർക്കാർ വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതു പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നുണ്ട്. എന്നാൽ ഫ്രണ്ട് ഓഫീസ് കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്ന എന്ന് ഉറപ്പുവരുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറുമായും മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടില്ല.

5) പുതുതായി ആർജിക്കുന്ന ആസ്തികൾ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

7) ഗ്രാമ പഞ്ചായത്തിൽ എഴുതി സൂക്ഷിക്കുന്ന വിവിധ രജിസ്റ്ററുകളുടെയും മിനിട്സ് ബുക്കുകളുടെയും പരിപാലനത്തിൽ കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

8) ഗ്രാമ പഞ്ചായത്തിന് വരവിനത്തിൽ ലഭിക്കേണ്ട തുകകൾ കൃത്യമായി പിരിച്ചെടുത്ത് തനത് വരുമാനം വർദ്ധിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

9) വിവിധ നിർവ്വഹണോദ്യോഗസ്ഥൻ നടപ്പിലാക്കിയ പദ്ധതികളുടെ മോണിറ്ററിംഗ് കുറച്ചുകൂടി മെച്ചപ്പെടുത്തുന്നതിന് വിവിധ വർക്കിംഗ് ഗ്രൂപ്പുകളും സ്റ്റാൻഡിംഗ് കമ്മിറ്റികളും ശ്രദ്ധിക്കേണ്ടതാണ്.

## 1-10 ക്ഷേമപദ്ധതികൾ

2022-23 വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (രൂപ) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 627800 | 59 |
| വിധവ പെൻഷൻ | 10421800 | 973 |
| വാർദ്ധക്യകാലപെൻഷൻ | 20234200 | 2109 |
| വികലാംഗപെൻഷൻ | 3072000 | 281 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 368000 | 34 |
| തൊഴിൽ രഹിത വേതനം | 12960 | 18 |

## 1-11 തനത് വരുമാനം - അവലോകനം

ആറാമത് ധനകാര്യ കമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശം അനുസരിച്ച് വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതയ്ക്ക് സ്വീകരിച്ച നടപടി വിശദാംശങ്ങൾ രജിസ്റ്ററുകളുടെയും രേഖകളുടേയും അടിസ്ഥാനത്തിൽ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് (ഓഡിറ്റ് എൻക്വയറി 1/2022-23, 6.12.2023) സ്ഥാപനം ലഭ്യമാക്കിയ മറുപടി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ അവലോകനം ചുവടെ ചേർക്കുന്നു.

### A. തനത് വരുമാനം

1) സാമ്പത്തിക വർഷാരംഭത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി കണ്ടെത്തിയ പുതിയ തനതുവരുമാന സ്രോതസ്സുകൾ കണ്ടെത്തിയിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്.

2) തനത് വരുമാനങ്ങൾ പിരിച്ചെടുക്കുന്നതിന് 9.12.2022 ലെ 5/2022 നമ്പർ ഭരണസമിതി തീരുമാന പ്രകാരം ക്യാമ്പ് കളക്ഷൻ നടത്തുന്നതിനും മൈക്ക് അനൗൺസ്മെന്റ് നടത്തുന്നതിനും തീരുമാനിച്ചു. നികുതികൾ പിരിച്ചെടുക്കുന്നതിന് കുടുംബശ്രീ പ്രവർത്തകരുടെയും വാർഡ് മെമ്പർമാരുടെയും സേവനം പരമാവധി പ്രയോജനപ്പെടുത്താൻ തീരുമാനിച്ചതായി അറിയിച്ചിട്ടുണ്ട്.

3) തനത് വരുമാനമായി ലഭിക്കുന്ന ഇനങ്ങളിൽ മാർച്ച് 31-ന് ലഭിക്കേണ്ട കുടിശ്ശികയായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | വർഷം |
|---|---|
| വാടക | 31475 |
| വസ്തുനികുതി | 18683249 |
| മാർക്കറ്റ് ഫീസ് | 22408 |

4) 1-4-2023-ലെ വസ്തു നികുതി പരിഷ്കരണ നിരക്കുകൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 5.10.2023 -ൽ നടന്ന 2/1 തീരുമാന പ്രകാരം നടപ്പിലാക്കിയിട്ടുണ്ട്. നികുതി,നികുതിയേതര വരവുകളുടെ ഡിമാൻഡ്, പിരിവ് പുരോഗതി എന്നിവ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി 29.4.2022, 30.5.2022, 3.6.2022, 8.7.2022, 17.8.2022, 24.9.2022, 29.10.2022, 24.11.2022, 9.12.2022, 4.1.2023, 23.1.2023, 2.2.2023, 16.2.2023 തീയതികളിൽ വിലയിരുത്തിയിട്ടുണ്ട്.

**B. വസ്തുനികുതി (വാസ/വാസേതര കെട്ടിട നികുതികൾ ഉൾപ്പടെ)**

1. ബജറ്റിലെ പ്രതീക്ഷിത വസ്തു നികുതി വരവ്, ILGMS വരവ്, സഞ്ചയ പ്രകാരമുള്ള വരവ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ലെന്നും അരിയർ ഡിമാന്റിലുള്ള പൊരുത്തക്കേടുകളാണ് വ്യത്യാസത്തിനു കാരണമെന്നും അറിയിച്ചിട്ടുണ്ട്.

2. 5.10.2023 ലെ 2/1-ാം നമ്പർ തീരുമാന പ്രകാരം ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള വസ്തുനികുതി, സേവന ഉപനികുതി നിരക്കുകൾ 1.4.2023 തീയതി പ്രാബല്യത്തിൽ പുതുക്കി നിശ്ചയിക്കുന്നതിന് സർക്കാർ ഉത്തരവ് (കൈ) നമ്പർ 77/2023/തസ്വഭവ തീയതി 22.3.2023 പ്രകാരം ഗ്രാമപഞ്ചായത്ത് തീരുമാനിക്കുകയും നികുതി നിരക്കുകൾ കൂടിയതും കുറഞ്ഞതുമായി പരിധികൾക്ക് വിധേയമായി നിലവിൽ വന്നിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.

3. 1-4-2022-ലെ ആകെ കെട്ടിട നികുതി ഡിമാൻഡ് എത്രയായിരുന്നുവെന്നും പരിഷ്കരിച്ച വസ്തുനികുതി നിരക്കുകൾ പ്രാബല്യത്തിലായപ്പോഴുള്ള ഡിമാൻഡ് എത്രയായിരുന്നെന്നും വ്യക്തമാക്കിയിട്ടില്ല.

4. സർക്കാർ നിശ്ചയിച്ച നികുതി നിരക്കുകൾ അടിസ്ഥാനപ്പെടുത്തി തദ്ദേശസ്ഥാപനം വിജ്ഞാപനത്തിലൂടെ ഓരോ കെട്ടിടത്തിനും അടിസ്ഥാന നികുതി നിരക്ക് 17.10.2023 ന് എസ്.സി.2/1882/2023 നമ്പർ പ്രകാരം വസ്തുനികുതി അന്തിമ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തികരിച്ചിട്ടില്ല. സോഫ്റ്റ് വെയർ എനേബിൾ ആകുന്ന മുറയ്ക്ക് പൂർത്തീകരിക്കുന്നതാണെന്നും തദ്ദേശസ്ഥാപനം 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും ചട്ടങ്ങൾ ) ചട്ടം 7 പ്രകാരം മേഖലാ വിഭജനവും, റോഡ് മാപ്പ്, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ ടാക്സ് നിർണയിക്കുന്നതിന്റെ നടപടിക്രമങ്ങൾ 5.10.2023 ലെ 2/1-ാം നമ്പർ തീരുമാന പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. തദ്ദേശസ്ഥാപനത്തിന്റെ അനുമതിയില്ലാതെയും,അനുമതി വാങ്ങിയശേഷവും കൂടുതൽ വിസ്തീർണം വർദ്ധിപ്പിച്ച് ഉണ്ടാകുന്ന കെട്ടിടങ്ങളുടെ നികുതി ചോർച്ച കണ്ടെത്തിയ ഫീൽഡ് തല അന്വേഷണങ്ങൾ ആരംഭിച്ചിട്ടില്ലായെന്നും എല്ലാ വാണിജ്യാവശ്യകെട്ടിടങ്ങൾക്കും സർക്കാർ വിജ്ഞാപനപ്രകാരമുള്ള നികുതി ചുമത്തിയിട്ടുണ്ടെന്നും 2022-23-ൽ അനധികൃത കെട്ടിടങ്ങൾ അനുവദിച്ചിട്ടില്ലായെന്നും അറിയിച്ചിട്ടുണ്ട്. അപ്രകാരമുള്ള കെട്ടിടങ്ങൾക്ക് നികുതി കുടിശ്ശിക നിലവിലുണ്ടെന്നും റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്. മൊബൈൽ ടവറുകളിൽ നിന്നും നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തദ്ദേശ സ്ഥാപനം നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സേവനഉപനികുതി (കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ) ചട്ടം 26 പ്രകാരം സേവന ഉപനികുതി ഈടാക്കുന്നില്ലായെന്ന് അറിയിച്ചിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും ചട്ടങ്ങൾ ചട്ടം 31 പ്രകാരം വസ്തുനികുതിയിന്മേൽ സർചാർജ് ചുമത്തേണ്ട സാഹചര്യം നിലവിലില്ലായെന്നും നികുതിയിളവ് നൽകിയ കെട്ടിടങ്ങുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടുണ്ടെന്നും പുതിയ സേവനനികുതി മാർഗ്ഗങ്ങൾ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ശുപാർശ ചെയ്തിട്ടില്ലായെന്നും അറിയിച്ചിട്ടുണ്ട്. എല്ലാ മാനുവൽ രസീതുകളും സഞ്ചയയിൽ രേഖപ്പെടുത്തിയതായി സെക്രട്ടറി ഉറപ്പുവരുത്തിയിട്ടുള്ളതായും തദ്ദേശ സ്ഥാപനത്തിലെ മുഴുവൻ കെട്ടിടങ്ങളും ഓരോ വർഷവും സെക്രട്ടറിയോ, സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ സാമ്പത്തിക വർഷാവസാനത്തിന് മുമ്പ് പരിശോധിച്ച് സഞ്ചയയിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നുവെന്ന് ഉറപ്പുവരുത്തിയിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്.

**C. തൊഴിൽ നികുതി**

തദ്ദേശസ്ഥാപന പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സർക്കാർ,അർദ്ധ സർക്കാർ,പൊതുമേഖല സ്ഥാപനങ്ങൾ, മറ്റ് സ്ഥാപനങ്ങളുടെയും രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി, (സ്ഥാപന തൊഴിൽ നികുതി ഉൾപ്പടെ) ഡിമാൻഡ് ചെയ്തുകൊണ്ടുള്ള ഡിമാൻഡ് നോട്ടീസുകൾ നൽകിയിട്ടുണ്ടെന്നും തൻവർഷം തൊഴിൽ നികുതിയിൽ കുടിശ്ശികയായി 4680/- രൂപ ലഭ്യമാകാനുണ്ടെന്നും സ്വകാര്യ സ്ഥാപനങ്ങൾ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ പ്രൊഫഷണലുകൾ, കരാറുകർ, ഹെവി വാഹന ഉടമകൾ, റേഷൻ വ്യാപാരികൾ, സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുടെ വിവരങ്ങൾ വാർഡ് തിരിച്ച് തൊഴിൽ നികുതി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെന്നും പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലായെന്നും അറിയിച്ചിട്ടുണ്ട്. തൊഴിൽ നികുതി പത്രികയിലെ രേഖപ്പെടുത്തലുകളുടെ കൃത്യത ഉറപ്പുവരുത്തിയിട്ടുണ്ടെന്നും വ്യാപാര സ്ഥാപനങ്ങൾ സമർപ്പിക്കുന്ന ലൈസൻസ് അപേക്ഷയിലെ വിവരങ്ങളുമായി ജീവനക്കാരുടെ എണ്ണം പരിശോധിച്ച് ഉറപ്പുവരുത്തിയിട്ടില്ലായെന്നും അറിയിച്ചിട്ടുണ്ട്. വാർഷിക ധനകാര്യ പത്രികയിലെയും രജിസ്റ്ററിലേയും തൊഴിൽ നികുതി ഡിമാൻഡ്-കളക്ഷൻ-ബാലൻസ് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ലായെന്നും അറിയിച്ചിട്ടുണ്ട്.

## 1-12 ലൈസൻസ്- അപാകങ്ങൾ

1) ഗ്രാമപഞ്ചായത്തിന്റെ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ അകെ 329 സ്ഥാപനങ്ങൾ ഉണ്ട്. എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം 254 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ലൈസൻസ് ഫീസ് വർദ്ധിപ്പിച്ചതിനാൽ ചെറിയ കടകൾ ലൈസൻസ് എടുക്കാൻ വിമുഖത കാണിക്കുന്നു എന്നാണ് ഓഡിറ്റ് അന്വേഷണം നമ്പർ 11/08.12.2023 ന് മറുപടി നൽകിയിരിക്കുന്നത്.

2) സഞ്ചയ സൊഫ്റ്റ് വെയറിൽ ലഭ്യമായ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ എണ്ണവും, 2022-23 സാമ്പത്തിക വർഷത്തിൽ ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണവും തമ്മിൽ വലിയ വ്യത്യാസം കാണുന്നു.

| ക്രമ നം | കെട്ടിടത്തിന്റെ ഉപയോഗം | എണ്ണം |
|---|---|---|
| 01 | 100 ച.മീ. വരെ വാണിജ്യാവശ്യം | 1012 |
| 02 | 100 ച.മീ. ന് മുകളിൽ വാണീജ്യാവശ്യം | 67 |
| 03 | 200ച.മി വരെ വാണിജ്യാവശ്യം | 04 |
| 04 | 200ച.മി ന് മുകളിൽ വാണീജ്യാവശ്യം | 33 |
| 05 | വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടികടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷൻ | 02 |
| 06 | ഓഫീസ് ആവശ്യത്തിനുള്ള (വ്യവസായശാലകളുടെ ഓഫീസ് കെട്ടിടം ഉൾപ്പടെ ) | 24 |
| 07 | കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണമണ്ഡപം, ലോഡ്ജ്, സിനിമ തിയേറ്റർ | 09 |
| 08 | ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 59 |
| 09 | റിസോർട്ടുകൾ | 12 |

ആകെ 1222 വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ ഉണ്ട്. എന്നാൽ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 329 സ്ഥാപനങ്ങൾ മാത്രമാണ് ഉള്ളത്. വാണിജ്യാവശ്യത്തിനുള്ള എല്ലാ കെട്ടിടങ്ങളിലും ലൈസൻസ് എടുക്കാവുന്ന സ്ഥാപനങ്ങളായി പ്രവർത്തിക്കുന്നില്ല എന്നാണ് ഓഡിറ്റ് അന്വേഷണം നമ്പർ 11/08.12.2023 ന് മറുപടി തന്നിരിക്കുന്നത്.

3) സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ ഉണ്ട്.

| ക്രമ നം | സ്ഥാപനം | എണ്ണം |
|---|---|---|
| 01 | ഡയറി ഫാം | 05 |
| 02 | ഗോട്ട് ഫാം | 05 |
| 03 | ഇറച്ചി കോഴി ഫാം | 02 |
| 04 | മുട്ട കോഴി ഫാം | 01 |

എന്നാൽ ഇതിൽ 01 സ്ഥാപനം (അനിത.കെ – മുട്ടക്കോഴി ഫാം) മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ഓഡിറ്റ് അന്വേഷണം നമ്പർ 11/08.12.2023-ന് നിലവിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ ഡയറി ഫാം, ഗോട്ട് ഫാം, ഇറച്ചി കോഴി ഫാം എന്നിവ പ്രവർത്തിക്കുന്നില്ല എന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്.

4) സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ വളർത്തുനായ്ക്കളുടെ എണ്ണം 1200 ആണ്. എന്നാൽ രജിസ്റ്റർ പ്രകാരം ലൈസൻസ് ഉള്ള വളർത്തുനായ്ക്കളുടെ എണ്ണം 89 മാത്രമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള വാക്സിനേഷൻ എടുത്ത 328 വളർത്തുനായ്ക്കൾക്ക് പഞ്ചായത്ത് ലൈസൻസ് അനുവദിച്ചിട്ടുണ്ടെന്നാണ് ഓഡിറ്റ് അന്വേഷണം നമ്പർ 11/08.12.2023ന് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. ലൈസൻസ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

5) വാണിജ്യ വ്യവസായ ലൈസൻസ് നിയമപ്രകാരം സ്ഥാപനത്തിന്റെ മൂലധന നക്ഷേപത്തിന്റേയും, ഉപയോഗിക്കുന്ന യന്ത്രത്തിന്റ കുതിരശക്തിയുടെയും അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് കണക്കാക്കുന്നത്. എന്നാൽ പരിശോധനയ്ക്ക് ലഭ്യമാക്കിയ ഭൂരിഭാഗം അപേക്ഷകളിലും മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ വിവരം | യന്ത്രം | ഈടാക്കിയ ലൈസൻസ് ഫീസ് |
|---|---|---|---|
| 01 | വിനു സ്റ്റോർ<br>സുദേവൻ നായർ | | 200 |

| | | | |
|---|---|---|---|
| | വടശ്ശേരിക്കോണം | | |
| 02 | അലിയൻസ് ബേക്കറി<br>താജുന്നിസ<br>ചാത്തൻപാറ | | 300 |
| 03 | വി.ബി.എസ് സ്റ്റോർ<br>സതീഷ്. വി.പി<br>ദളവാപുരം | | 200 |
| 04 | കേരള റിഫ്രാക്ടറി ഇൻഡസ്ട്രീസ്<br>ബൈജു ജി<br>വെന്നിക്കോട് | 125 HP | 1000 |
| 05 | സൺ റെക്സിൻ ഹൗസ്<br>അബ്ദുൾ റഹ്മാൻ<br>പുത്തൻചന്ത | | 300 |
| 06 | പലചരക്ക് വ്യാപാരം<br>ബിജ് എസ് ,അയന്തി | | 100 |
| 07 | സ്പെയ്സ് ടെക് സൊല്യൂഷൻസ്<br>രിധു.ആർ<br>ചെറുന്നിയൂർ | | 300 |
| 08 | അൾട്ടിമ സോളാർ പവേഴ്സ് & ഇലക്ട്രിക്കൽസ്<br>എ.അബ്ദുൾ അസീസ് ,പാലച്ചിറ | | 200 |
| 09 | ജനാർദ്ദന ടെക്സ്റ്റയിൽസ്<br>എസ്.ജനാർദ്ദനൻ നായർ,ആറ്റിങ്ങൽ | | 300 |
| 10 | എച്ച് പി ഗ്യാസ്<br>യു.എൻ ഷമീർ<br>പാലച്ചിറ | | 2000 |

ഓഡിറ്റ് അന്വേഷണം നമ്പർ 11/08.12.2023ന് വരും വർഷങ്ങളിൽ മൂലധനനിക്ഷേപം രേഖപ്പെടുത്തി അപേക്ഷ വാങ്ങിക്കുവാൻ ശ്രദ്ധിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

6) ലൈസൻസ് നിയമപ്രകാരം 25 ലക്ഷം വരെ മൂലധന നിക്ഷേപമുള്ള ഉൽപാദന മേഖലയിലുള്ള സ്ഥാപനങ്ങൾ/10 ലക്ഷം വരെ മൂലധന നിക്ഷേപമുള്ള സേവന മേഖലയിലുള്ള സ്ഥാപനങ്ങൾ എന്നിവയ്ക്ക് ലൈസൻസ് ഫീസ് 500 രൂപ + ഉപയോഗിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തിയുടെ അടിസ്ഥാനത്തിലുള്ള ഫീസും ചേർത്താണ് ലൈസൻസ് ഫീസ് കണക്കാക്കുന്നത്. തുടർന്നുള്ള നിരക്കുകൾക്ക് ബാധകമായ ലൈസൻസ് ഫീസുകളുമാണ് ഈടാക്കേണ്ടത്. എന്നാൽ മിക്ക സ്ഥാപനങ്ങൾക്കും ലൈസൻസ് ഫീസ് കണക്കാക്കിയിരിക്കുന്നത് അപ്രകാരം അല്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ വിവരം | മൂലധന നിക്ഷേപം | യന്ത്രം | ഈടാക്കിയ ലൈസൻസ് ഫീസ് |
|---|---|---|---|---|
| 01 | അരുൺ റൈസ് & ഫ്ലവർ മിൽ<br>ബി.അജിതകുമാരി<br>തെറ്റിക്കുളം | 3 ലക്ഷം | 10 H.P | 300 +100-400 |
| 02 | പത്മ എഞ്ചിനീയർ വർക്സ്<br>പി.ശോഭന<br>ദളവാപുരം | 3.20 ലക്ഷം | 10 HP | 200+ 100-300 |
| 03 | ദി ബൈക്ക് റാക്ക് | 1 ലക്ഷം | --- | 300 |

| | | | | |
|---|---|---|---|---|
| | മുരളീധരൻ നായർ<br>മാവിൻമൂട് | | | |
| 04 | ശാസ്താ സ്റ്റോർ<br>ശ്രീദേവി പി,ചെറുന്നിയൂർ | 1ലക്ഷം | -- | 200 |
| 05 | വിവാ ഹാർഡ് വെയേസ്<br>എസ് പ്രദീപ്, വെന്നിക്കോട് | 50 ലക്ഷം | -- | 2000 |
| 06 | കാഞ്ചന ഫാഷൻ ജ്വവലറി<br>സുരേഷ്കുമാർ ആർ, ദളവാപുരം | 90 ലക്ഷം | -- | 1000 |
| 07 | നബീൽ ട്രഡേഴ്സ്<br>എസ്.കമറുദ്ദീൻ, പുത്തൻചന്ത | 30 ലക്ഷം | --- | 2000 |
| 08 | കൈരളി ഫർണ്ണിച്ചർ & ഹോം അപ്ലൻസസ്<br>അബ്ദുൾ ലത്തീഫ്, മരുതികുന്ന് | 30 ലക്ഷം | ---- | 2000 |

2023-24 സാമ്പത്തിക വർഷത്തിൽ മിനിമം ലൈസൻസ് ഫീസ് 500 രൂപ നിരക്കിൽ ഈടാക്കിയിട്ടുണ്ടെന്നും, വരും വർഷങ്ങളിലും മൂലധനനിക്ഷേപത്തിന്റേയും ഉപയോഗിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തിയുടേയും അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് കണക്കാക്കുവാൻ ശ്രദ്ധിക്കുന്നതാണെന്നും ഓഡിറ്റ് അന്വേഷണം നമ്പർ 11/08.12.2023-ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതും, FACTEOS ലൈസൻസ് നിയമത്തിലെ മാനദണ്ഡങ്ങൾ പാലിച്ച് ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-13 മാർക്കറ്റ് ലേലം കുടിശ്ശിക തുക ഈടാക്കിയിട്ടില്ല

ലേലരജിസ്റ്റർ പരിശോധിച്ചതിൽ 2022-23-ൽ അമ്പിളിചന്ത മാർക്കറ്റ് ശ്രീ.ഗോപിനാഥൻ ചെട്ടിയാർ, ജി.എസ്. ഭവൻ, ചെറുന്നിയൂർ എന്ന വ്യക്തിയ്ക്ക് 30.3.2022 തീയതിയിലെ 2/1 ഭരണസമിതി തീരുമാന പ്രകാരം 30000/- + ജി.എസ്.ടി രൂപയ്ക്ക് ലേലം ഉറപ്പിച്ച് നൽകുകയുണ്ടായി. ടിയാൻ ജി.എസ്.ടി ഉൾപ്പെടെ മൂന്ന് ഗഡുക്കളായി 33600/- രൂപ അടവാക്കുകയും 1800/- രൂപ അടവാക്കാൻ അവശേഷിക്കുന്നുണ്ട്. കൂടാതെ 2021-22 ൽ പ്രസ്തുത മാർക്കറ്റ് ലേലം കൊണ്ട ശ്രീ.ഓമനകുട്ടൻ, മിനി നിവാസ്, തെറ്റിക്കുളം 22408/-രൂപ ലേല കുടിശ്ശികയായി അടവാക്കാൻ അവശേഷിക്കുന്നുമുണ്ട്. കുടിശ്ശിക ലേലത്തുകകൾ പിരിച്ചെടുക്കുന്നതിനായി നോട്ടീസ് നൽകിയിട്ടുള്ളതായി ഓഡിറ്റ് എൻക്വയറി നം.31/ 13.12.2023 മറുപടി നൽകിയിട്ടുണ്ട്.

പഞ്ചായത്തിന് ലഭിക്കേണ്ടതായ വരുമാനം പിരിച്ചെടുത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതും ലേല രജിസ്റ്ററിൽ എല്ലാ സാമ്പത്തിക വർഷാവസാനവും ഡിമാന്റ്, കളക്ഷൻ, ബാലൻസ് എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

## 1-14 പൊതുകുളങ്ങൾ ലേലം ചെയ്ത് തനത് വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പിന്റെ ആർ.സി /4/149/2020 / ത.സ്വ.ഭ.വ തീയതി 15/07/2020 നമ്പർ സർക്കുലർ പ്രകാരം കേരള പഞ്ചായത്ത് രാജ് ആക്ട് 166(2), 218 എന്നീ വകുപ്പുകളുടെ പരിധിയിൽ നിന്നുകൊണ്ട് തദ്ദേശ സർക്കാരുകളുടെ ഉടമസ്ഥതയിലുള്ള പൊതുകുളങ്ങൾ/ജലാശയങ്ങൾ എന്നിവ ഫിഷറീസ് വകുപ്പുമായി ചേർന്ന് മത്സ്യകൃഷി നടത്തുന്നതിന് പാട്ടത്തിന് നൽകുന്നതിനായുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഇതിൻ പ്രകാരം പൊതുകുളങ്ങൾ / ജലാശയങ്ങളിൽ മൽസ്യകൃഷി നടത്താൻ അനുമതി നൽകുന്നതിന്റെ ഉത്തരവാദിത്തം ഭരണസമിതി തീരുമാന പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർക്കാണ്. കുളങ്ങൾ ലേലം ചെയ്യുകയോ പാട്ടത്തിന് നൽകുകയോ ചെയ്യുന്നതോടൊപ്പം അതിനുള്ള വ്യവസ്ഥകളും ഫീസും നിർണയിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

17 പൊതുകുളങ്ങൾ പഞ്ചായത്ത് പ്രദേശത്ത് ഉള്ളതിൽ മത്സ്യകൃഷിക്കായി പാട്ടത്തിന് നൽകുന്നതിനുള്ള ഫീസും വ്യവസ്ഥകളും അന്തിമമാക്കുന്നതിനുള്ള നടപടികളിലാണെന്നും ആയതിന്റെ തുടർനടപടി വിവരം അറിയിക്കുന്നതാണെന്നും ഓഡിറ്റ് അന്വേഷണം നമ്പർ - 22/ 13.12.2023-ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 കടമുറികളുടെ വാടക കുടിശ്ശിക നിലനിൽക്കുന്നു

പഞ്ചായത്തിനുള്ള 6 കടമുറികളുടെ 2022-23 വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതു പ്രകാരം ചുവടെ കൊടുക്കുന്ന കടമുറികളുടെ വാടക ഈടാക്കാൻ അവശേഷിക്കുന്നു.

| കടമുറി നം. | വാടകയ്ക്കെടുത്ത വ്യക്തി | വാടക കുടിശ്ശിക |
|---|---|---|
| 4 | സതീശൻ ആമ്പല്ലൂർവിള | 1021/- (2021-22 വർഷത്തേത്) |
| 3 | പ്രിൻസിലി കാവുവിള | 2022നവംബർ മുതൽ മാർച്ച് 2023 വരെ<br>4595 + ജി.എസ്.ടി |

വാടക അടവാക്കുന്നതിന് പ്രസ്തുത വ്യക്തികൾക്ക് നോട്ടീസ് നൽകിയതായി കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടിയ്ക്ക് മറുപടി നൽകി (ഓഡിറ്റ് അന്വേഷണം നം.28/13.12.2023)

കുടിശ്ശിക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതും ഓരോ സാമ്പത്തിക വർഷാവസാനവും രജിസ്റ്ററിൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് കൃത്യമായി എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

## 1-16 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയിട്ടില്ല

സഞ്ചയ പരിശോധിച്ചതു പ്രകാരം ചുവടെ ചേർക്കുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച തുടർനടപടി വിവരം താഴെ കൊടുക്കുന്ന ഓഡിറ്റ് എൻക്വയറി (നം.20/12.12.2023)യുടെ മറുപടി പ്രകാരം

| Sl. No. | Door No. | Owner Name | സ്വീകരിച്ച നടപടി |
|---|---|---|---|
| 1 | 2/1/UA | Vodafone Essar Celullar Ltd. | 2013-14 ഒന്നാം അർദ്ധ വർഷം മുതൽ 2022-23 ഒന്നാം അർദ്ധ വർഷം വരെ ഓൺലൈൻ ആർ.ആർ. നടപടികൾ സ്വീകരിച്ചതായും, 2022-23 രണ്ടാം അർദ്ധ വർഷത്തെയും 2023-24 ഒന്നാം അർദ്ധ വർഷത്തെയും നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഡിമാന്റ് നോട്ടീസ് നൽകി തുടർനടപടി സ്വീകരിച്ചു വരുന്നു. |
| 2 | 9/2/UA | Soundararaj | 2022-23 രണ്ടാം അർദ്ധ വർഷത്തെയും 2023-24 ഒന്നാം അർദ്ധ വർഷത്തെയും നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഡിമാന്റ് നോട്ടീസ് നൽകി തുടർനടപടി സ്വീകരിച്ചു വരുന്നു. |
| 3 | 11/124/B | Tower Vision India Pvt. Ltd. | 2023-24 ഒന്നാം അർദ്ധ വർഷത്തെ നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഡിമാന്റ് നോട്ടീസ് നൽകി |

| | | | |
|---|---|---|---|
| | | | തുടർനടപടി സ്വീകരിച്ച വരുന്നു. |
| 4 | 12/155 | Sub Divisional Engineer, BSNL | 2022-23 ഒന്നാം അർദ്ധ വർഷത്തേത് ഓൺലൈൻ ആർ.ആർ. നടപടികൾ സ്വീകരിച്ചിട്ടുള്ളതായും 2022-23 രണ്ടാം അർദ്ധ വർഷത്തിലെയും 2023-24 ഒന്നാം അർദ്ധ വർഷത്തിലെയും നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഡിമാന്റ് നോട്ടീസ് നൽകി തുടർനടപടി സ്വീകരിച്ച വരുന്നു. |
| 5 | 12/155/A | Sub Divisional Engineer, BSNL | 2020-21 ഒന്നാം അർദ്ധവർഷം മുതൽ മുതൽ 2022-23 ഒന്നാം അർദ്ധ വർഷം വരെ ഓൺലൈൻ ആർ.ആർ. നടപടികൾ സ്വീകരിച്ചിട്ടുള്ളതായും 2023-24 ഒന്നാം അർദ്ധ വർഷത്തിലെയും നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഡിമാന്റ് നോട്ടീസ് നൽകി തുടർനടപടി സ്വീകരിച്ച വരുന്നു. |
| 8 | 14/247 | Bharathi Infratel Ltd. | 2022-23 രണ്ടാം അർദ്ധ വർഷത്തിലെയും നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഡിമാന്റ് നോട്ടീസ് നൽകി തുടർനടപടി സ്വീകരിച്ച വരുന്നു. |

മൊബൈൽ ടവറിന്റെ കുടിശ്ശിക വസ്തുനികുതി കുടിശ്ശിക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 സഞ്ചയ സോഫ്റ്റ് വെയറിൽ ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തീകരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിൽ മുഴുവൻ കെട്ടിടങ്ങളുടെയും സഞ്ചയ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയായിട്ടില്ല. സഞ്ചയ പ്രകാരം ലഭ്യമായ വിവരങ്ങൾ പരിശോധിച്ചതിൽ 7 കെട്ടിടങ്ങളുടെ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കാനുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Sl No | Ward Name | No. Of Buildings | Purification Completed Count | | | | | | Purification Pending Count |
|---|---|---|---|---|---|---|---|---|---|
| | | | Operator Pending | Operator Completed | Verifier Pending | Verifier Completed | Approver Pending | Approver Completed | |
| 1 | ( 1 ) Ayanthi | 900 | 1 | 899 | 0 | 899 | 0 | 899 | 1 |
| 2 | ( 2 ) Palachira | 1145 | 0 | 1145 | 0 | 1145 | 0 | 1145 | 0 |
| 3 | ( 3 ) Vadasserikonam | 560 | 0 | 560 | 0 | 560 | 0 | 560 | 0 |
| 4 | ( 4 ) Thettikulam | 604 | 0 | 604 | 0 | 604 | 0 | 604 | 0 |
| 5 | ( 5 ) Nellettil | 540 | 1 | 539 | 0 | 539 | 0 | 539 | 1 |
| 6 | ( 6 ) Achummamukk | 744 | 0 | 744 | 0 | 744 | 0 | 744 | 0 |
| 7 | ( 7 ) Dalavapuram | 1015 | 0 | 1015 | 1 | 1014 | 0 | 1014 | 1 |
| 8 | ( 8 ) Cherunnuyoor | 834 | 1 | 833 | 0 | 833 | 0 | 833 | 1 |
| 9 | ( 9 ) Chakkapoika | 773 | 0 | 773 | 0 | 773 | 0 | 773 | 0 |
| 10 | ( 10 ) Mudiyacode | 895 | 0 | 895 | 0 | 895 | 0 | 895 | 0 |
| 11 | ( 11 ) Thannimood | 776 | 0 | 776 | 0 | 776 | 0 | 776 | 0 |
| 12 | ( 12 ) Vennocode | 755 | 2 | 753 | 0 | 753 | 0 | 753 | 2 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 13 | ( 13 ) Cutting | 645 | 0 | 645 | 1 | 644 | 0 | 644 | 1 |
| 14 | (14) Kallumalakunnu | 579 | 0 | 579 | 0 | 579 | 0 | 579 | 0 |
| | Total | 10765 | 5 | 10760 | 2 | 10758 | 0 | 10758 | 7 |

സഞ്ചയ സോഫ്റ്റ് വെയറിൽ ഡാറ്റാ പ്യൂരിഫിക്കേഷൻ പ്രോസസ് എനേബിൾ ആകുന്ന മുറയ്ക്ക് ഫയൽ പ്രോസസ് ചെയ്ത് തുടർനടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി നമ്പർ - 21/ 12.12.2023-ന് മറുപടി നൽകി.

ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-18 പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് (കെട്ടിടനിർമ്മാണ) ചട്ടങ്ങൾ 2019, ചട്ടം 21-ൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50ച.മീ. വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, ആരാധനാ കെട്ടിടങ്ങൾ, ഗ്രൂപ്പ് ജി1, ജി2, ഐ. ഒക്യുപ്പൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണെന്നും ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് രണ്ട് വർഷത്തിന് ശേഷം ഏത് സമയത്തും പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുവാൻ സാധിക്കുന്നതാണെന്നും പ്രസ്തുത ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പഞ്ചായത്തിൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റുകൾ നടത്തിയതിന്റെയും അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി നിയമനടപടികൾ സ്വീകരിച്ചതിന്റെയും വിശദാംശമായി വരും വർഷങ്ങളിൽ ചട്ട പ്രകാരമുള്ള നിയമാനുസൃത ഓഡിറ്റ് നടത്തുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി നമ്പർ - 27/13.12.2023-ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-18-1 തനത് വരുമാനം പൂർണ്ണമായും പിരിച്ചെടുത്തിട്ടില്ല

2022-23 സാമ്പത്തിക വർഷം പഞ്ചായത്തിന്റെ തനത് വരുമാനം പൂർണ്ണമായും പിരിച്ചെടുത്തിട്ടില്ല. വാർഷിക ധനകാര്യ പത്രിക B-15 ഷെഡ്യൂൾ പ്രകാരം പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | തുക(രൂ) |
|---|---|---|
| 431100101 | Receivables For Property Tax On Residential Buildings (Current) | 50547 |
| 431100102 | Receivables For Property Tax On Residential Buildings (Arrears) | 45824 |
| 431100103 | Receivables For Property Tax On Non- Residential Buildings (Current) | 1753812 |
| 431100104 | Receivables For Property Tax On Non- Residential Buildings (Arrears) | 6134148 |
| **ആകെ** | | **7984331** |

സ.ഉ(കൈ)നം. 179/2022/ധന തീയതി 18/10/2022 ഉത്തരവ് പ്രകാരം ഡിമാന്റ് ചെയ്യപ്പെടുന്ന തനത് വരുമാനത്തിന്റെ 90% എങ്കിലും ശേഖരിക്കാത്ത പ്രാദേശിക സർക്കാരുകളുടെ വികസന ഫണ്ടിൽ നിന്നും ഒരു ശതമാനം കുറവ് ചെയ്യുന്നതിന് തീരുമാനം ആയിരുന്നു. തനത് വരുമാനം പിരിച്ചെടുക്കുന്നതിലെ കുറവ് വികസന ഫണ്ടിന്റെ ലഭ്യതയെ ബാധിക്കുമെന്നിരിക്കെ തനത് വരുമാനം പൂർണ്ണമായും പിരിച്ചെടുക്കാത്തത് സംബന്ധിച്ചുള്ള ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 39/16.12.2023 -ന് മുഴുവൻ തുകയും പിരിച്ചെടുക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുള്ളതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-18-2 നിയമാനുസൃതമല്ലാത്ത കെട്ടിടം തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 235 എഎ പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പർ നൽകി അവയെ സംബന്ധിച്ച വിവരങ്ങൾ ഫാറം 8 ൽ ഉള്ള രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി സൂക്ഷിക്കേണ്ടതാണ്. ടി കെട്ടിടങ്ങൾക്ക് നമ്പർ നൽകേണ്ടത് സാധാരണ കെട്ടിട നമ്പർ നൽകുന്ന രീതിയിലായിരിക്കാൻ പാടുള്ളതുമല്ല. പ്രസ്തുത കെട്ടിടത്തിന്, അത് നിയമാനുസൃതമല്ലാത്ത നിർമ്മാണമാണെന്ന് സൂചിപ്പിക്കുന്ന "യു.എ." എന്നും, അനധികൃത നിർമ്മാണത്തിന്റെ വർഷം ഏതെന്ന് കണ്ടെത്തി അതും ചേർത്ത്, കെട്ടിട

നമ്പർ രൂപപ്പെടുത്തി നമ്പർ നൽകേണ്ടതാണ്. ഇപ്രകാരം നൽകുന്ന കെട്ടിട നമ്പർ മേൽ വകുപ്പ് പ്രകാരം വസ്തുനികുതി നിർണ്ണയിക്കുന്നതിന് വേണ്ടി മാത്രം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതും, മറ്റ് യാതൊരു ആവശ്യങ്ങൾക്കും ഗ്രാമ പഞ്ചായത്തോ കെട്ടിട ഉടമയോ പ്രസ്തുത കെട്ടിട നമ്പർ ഉപയോഗപ്പെടുത്തുവാൻ പാടില്ലാത്തതുമാകുന്നു. ഇത്തരത്തിലുള്ള കെട്ടിടങ്ങൾക്ക് നികുതി കണക്കാക്കുമ്പോൾ, കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തുനികുതിയായി ഈടാക്കേണ്ടതാണ്.

സഞ്ചയ പരിശോധിച്ചതു പ്രകാരം ചുവടെ ചേർക്കുന്ന നിയമാനുസൃതമല്ലാത്ത കെട്ടിടത്തിന് വസ്തുനികുതിയിനത്തിൽ ഭീമമായ കുടിശ്ശിക നിലനിൽക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | ഉടമയുടെ പേര് | ഉപയോഗ ക്രമം | വസ്തുനികുതി കുടിശ്ശിക |
|---|---|---|---|---|
| 1 | 12/8/UA/2016 | ആർ. ഷാജി<br>എസ്.ആർ. ഡെന്റൽ കോളേജ് | വിദ്യാഭ്യാസാവശ്യം | 2013-14 I Half മുതൽ 2023-24 I Half വരെ വസ്തുനികുതി അടവാക്കിയിട്ടില്ല |

നികുതി പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടിയായി ഓൺലൈൻ ആർ.ആർ. നടപടികൾ സ്വീകരിച്ചതായി ഓഡിറ്റ് എൻക്വയറി നം.26/13.12.2023-ന് മറുപടി നൽകിയിട്ടുണ്ട്.

ഇത്തരത്തിലുള്ള സ്ഥാപനങ്ങളെ ഫീൽഡ്തല പരിശോധനയിലൂടെ കണ്ടെത്തേണ്ടതും, നികുതി കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-19 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം 2022-23 വർഷം ഗ്രാമപഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. 2022-23 വർഷം ഗ്രാമപഞ്ചായത്തിലെ മരാമത്തു പ്രവൃത്തികൾ ആകെ 15 കരാറുകാർ ഏറ്റെടുത്തിട്ടുള്ളതായി ടെൻഡർ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത കരാറുകാർ എല്ലാം തന്നെ വർഷങ്ങളായി കരാറുകാർ ലൈസൻസുള്ളവരാണെന്ന് മരാമത്ത് പ്രവൃത്തി ഫയലുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള ലൈസൻസ് പകർപ്പുകളിൽ നിന്ന് വ്യക്തമാണ്. പ്രസ്തുത കരാറുകാർ പഞ്ചായത്തിന്റെ പരിധിയിൽ 60 ദിവസത്തിൽ കൂടുതൽ പ്രവൃത്തി ചെയ്തിട്ടുള്ളതും മറ്റ് പഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കിയിട്ടില്ലാത്തതുമാണോ എന്ന് ഉറപ്പു വരുത്തേണ്ടതും, തുടർനടപടി സ്വീകരിക്കേണ്ടതുമാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 15/11.12.23-ന് ലഭ്യമാക്കിയ മറുപടിയിൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-20 വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

2022-23 വർഷം ഗ്രാമ പഞ്ചായത്ത് വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി KSEB, KWA, എന്നിവിടങ്ങളിൽ തുക നിക്ഷേപിച്ചിട്ടുണ്ടെങ്കിലും, പ്രവൃത്തി പൂർത്തിയാക്കി, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. കൂടാതെ, വിവിധ പദ്ധതികൾക്കുള്ള പഞ്ചായത്ത് വിഹിതമായി വിവിധ ഏജൻസികൾക്ക് തുക കൈമാറിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു (ഓഡിറ്റ് എൻക്വയറി നം.16/11.12.23)

| ക്രമ നം. | പ്രോജക്ട് നം./പേര് | തുക (രൂപ) | നിർവ്വഹണ ഏജൻസി | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| 1 | 82, ഇലക്ട്രിക്കൽ പോസ്റ്റ് ഷിഫ്റ്റിംഗ് | 84873 | KSEB | സെക്രട്ടറി. |
| 2 | 74, എസ്.എസ്.കെ.വിഹിതം | 979240 | SSK | സെക്രട്ടറി. |
| 3. | 105, ജലജീവൽമിഷൻ | 483473 | KWA | സെക്രട്ടറി. |

| | | | | |
|---|---|---|---|---|
| | | | | |
| 4 | 79, DPC മന്ദിരം-പഞ്ചായത്ത് വിഹിതം | 350000 | DPC | സെക്രട്ടറി. |

സ.ഉ.(കൈ)നം.84/2022/തസ്വഭവ. തീയതി: 19/4/2022 നമ്പർ ഉത്തരവിലെ ഖ.12-2-D പ്രകാരം ഡെപ്പോസിറ്റ് വർക്കുകളുടെ നിർമ്മാണ പുരോഗതി ഡി.പി.സി പ്രതിമാസം വിലയിരുത്തേണ്ടതും ബന്ധപ്പെട്ട ഏജൻസികൾക്ക് അവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണെന്നും സെക്രട്ടറി ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-21 വെള്ളക്കരം- ജനറൽ കമ്മിറ്റി തീരുമാനത്തിൽ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

2022-23 വർഷം ഗ്രാമപഞ്ചായത്ത് പ്രതിമാസം 128301/- രൂപയാണ് വെള്ളക്കരമായി KWA യ്ക്ക് നല്കിവന്നത്. ആകെ 266 ടാപ്പുകൾക്കാണ് ഗ്രാമപഞ്ചായത്ത് പ്രതിമാസം പ്രസ്തുത തുക നല്കി വന്നത്.2021-22 വർഷം നടത്തിയ സംയുക്ത പരിശോധനയിലൂടെയാണ് ടാപ്പുകളുടെ എണ്ണം നിജപ്പെടുത്തിയത്. എന്നാൽ ജലജീവൻമിഷൻ പദ്ധതിയിലൂടെ എല്ലാ വീടുകൾക്കും കുടിവെള്ള കണക്ഷൻ ലഭ്യമായിട്ടുള്ളതിനാൽ, പൊതുടാപ്പുകൾ ഒഴിവാക്കാൻ KWA-യോട് അഭ്യർത്ഥിക്കാൻ 11-5-22 ലെ തീരുമാനം നം.18-1 പ്രകാരം ജനറൽ കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, ടാപ്പുകളുടെ എണ്ണം ,വാർഡ് മെമ്പർമാർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനമാക്കി ഒരിക്കൽ കൂടി നിജപ്പെടുത്താനും,ആവശ്യമില്ലാത്തവ ഒഴിവാക്കാനും ,KWA ക്ക് കത്ത് നൽകിയിട്ടുള്ളതായും , ആയതിന്റെ മറുപടി ലഭിക്കുന്ന മുറയ്ക്ക്, ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണെന്നും ഓഡിറ്റ് എൻക്വയറി നം.4 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ജനറൽ കമ്മിറ്റി തീരുമാനത്തിൽ അടിയന്തിരമായി തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-22 തെരുവു വിളക്കുകളുടെ എണ്ണം -ജനറൽ കമ്മിറ്റി തീരുമാനത്തിൽ അടിയന്തിരമായി തുടർനടപടി സ്വീകരിക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തു പരിധിയിലുള്ള തെരുവു വിളക്കുകളുടെ എണ്ണം നിജപ്പെടുത്താൻ 8/4/22 ലെ PAN/6807/2020-G2(DD) നം കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ നിർദ്ദേശിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ, തെരുവു വിളക്കുകളുടെ എണ്ണം നിജപ്പെടുത്താൻ KSEB യുമായി ചേർന്ന് സംയുക്ത പരിശോധന നടത്താൻ 11-5-22-ലെ തീരുമാനം നം.17-1 പ്രകാരം ജനറൽ കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. ടി തീരുമാനത്തിന്മേൽ സ്വീകരിച്ച തുടർനടപടികളുടെ വിശദാംശം ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം.4 ലിലൂടെ ആവശ്യപ്പെട്ടെങ്കിലും, ആയത് ലഭ്യമാക്കിയിട്ടില്ല. ജനറൽ കമ്മിറ്റി തീരുമാനത്തിൽ അടിയന്തിരമായി തുടർനടപടി സ്വീകരിക്കേണ്ടതാണ്.

## 1-23 സ്പിൽ ഓവർ പ്രോജക്ടുകൾ നടപ്പിലാക്കിയില്ല.

ജി.ഒ.(എം.എസ്)നം.72/2017ത.സ്വ.ഭ.വ. തീയതി: 29.03.2017 പ്രകാരം, സ്പിൽ ഓവറായി മാറുന്ന പദ്ധതികൾ നിർബന്ധമായും അതേ വർഷം തന്നെ പൂർത്തിയാക്കണം എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്ത് 2022-23 വർഷം ഏറ്റെടുത്ത സ്പിൽ ഓവർ പ്രോജക്ടുകളിൽ 3 പ്രോജക്ടുകൾ തൻവർഷം നടപ്പിലാക്കിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം./ പേര് | നിർവ്വഹണ ഉദ്യോഗസ്ഥ |
|---|---|---|
| 1 | 37, കാറ്റാടി വിള – വെള്ളിയാഴ്ചക്കാവ് റോഡ് മെയിന്റനൻസ് | അസി.എഞ്ചിനീയർ |
| 2 | 50, ചെറുന്നിയൂർ LPS ടോയ്ലറ്റ് നിർമ്മാണം | അസി.എഞ്ചിനീയർ |
| 3 | 43, PHC-കുഴൽകിണർ – പമ്പ്സെറ്റ് സ്ഥാപിക്കൽ | അസി.എഞ്ചിനീയർ |

സ.ഉ.(കൈ) നം.17/2018.ത.സ്വ.ഭ.വ. തീയതി.02.02.2018. ഖ.10 ൽ സ്പിൽ ഓവർ പദ്ധതികളുടെ തുടർ നടത്തിപ്പ് വ്യക്തമാക്കുന്നുണ്ട്. നടപ്പിലാക്കാത്ത മേൽ പദ്ധതികളുടെ നിലവിലെ അവസ്ഥ വ്യക്തമല്ല. ഇവയിൽ വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവ വകയിരുത്തി ഏറ്റെടുത്ത പദ്ധതികളുടെ ഫണ്ടുകൾ പാഴാകാനുള്ള സാധ്യതയുണ്ട്. ഓഡിറ്റ് അന്വേഷണം-5/7.12.2023 പ്രകാരം ഈ വിഷയത്തിൻമേൽ വിശദീകരണം ആവശ്യപ്പെട്ടപ്പോൾ,ടി പദ്ധതികൾ തൻവർഷം നടപ്പിലാക്കാൻ കഴിയാതെ വന്ന സാഹചര്യം വിശദീകരിച്ച് അസി.എഞ്ചിനീയർമറുപടി ലഭ്യമാക്കിയിട്ടുണ്ട്. സ്പിൽ ഓവർ പദ്ധതികൾ യഥാസമയം പൂർത്തീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-24 വൃക്കരോഗികൾക്ക് ഡയലിസിസിന് ധനസഹായം-215200 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

സ.ഉ.(കൈ)നം.115/2022/തസ്വഭവ തീയതി: 28/5/2022പ്രകാരം പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖ ഖ.7.6.7 പ്രകാരം വരുമാനപരിധിയ്ക്ക് വിധേയമായി വൃക്കരോഗികൾക്ക് ഡയാലിസിസ് നടത്തുന്നതിന് ആഴ്ചയിൽ 1000/- രൂപ ക്രമത്തിൽ ഒരു മാസം പരമാവധി 4000/-രൂപ ബന്ധപ്പെട്ട ആശുപത്രിയ്ക്ക് നൽകാവുന്നതാണ്. പ്രസ്തുത പദ്ധതി ഗ്രാമപഞ്ചായത്തുകൾക്കും, നഗരസഭകൾക്കും ഏറ്റെടുക്കാവുന്നതാണ്. ഗ്രാമപ്രദേശങ്ങളിൽ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ വിഹിതം കൂടി സംയോജിപ്പിച്ച് സംയുക്തമായും പദ്ധതി നടപ്പിലാക്കാവുന്നതാണ്. വരുമാന പരിധിയ്ക്ക് വിധേയമായി ഗുണഭോക്തക്കളെ തെരഞ്ഞെടുക്കണം. 190/2023 നമ്പർ-"വൃക്കരോഗികൾക്ക് ഡയാലിസിസിന് ധനസഹായം" എന്ന പദ്ധതി പഞ്ചായത്ത് വിഭാവനം ചെയ്തത് ഡി.പി.സി. അംഗീകാരം നേടിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങളിലും പ്രവർത്തനങ്ങളിലും പദ്ധതി നിർവഹണം ജില്ലാ പഞ്ചായത്തിനാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

| | |
|---|---|
| പദ്ധതിയുടെ പേര് | വൃക്കരോഗികൾക്ക് ഡയലിസിസിന് ധനസഹായം |
| അടങ്കൽതുക | 432000രൂപ (വികസന ഫണ്ട്-215200 ജില്ലാ പഞ്ചായത്ത് വിഹിതം-216200) |
| ചെലവ് | 215200രൂപ (വികസന ഫണ്ട്) |
| നിർവഹണോദ്യോഗസ്ഥ | സെക്രട്ടറി |
| ബിൽ നമ്പർ | 473/29-3-23 |

ടി പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെപറയുന്ന അപാകങ്ങൾ കണ്ടു.

1.മാർഗ്ഗരേഖ അനുസരിച്ച് പദ്ധതി ഗ്രാമപഞ്ചായത്ത് മുഖേന നടപ്പിലാക്കാതെ ജില്ലാ പഞ്ചായത്തിന് തുക കൈമാറിയിരിക്കുന്നു.

2.പദ്ധതിയ്ക്കായി ജില്ലാ പഞ്ചായത്തിന് തുക നൽകിയതിന്റെ വിനിയോഗസാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല.

3. ജനറൽ കമ്മിറ്റി അംഗീകരിച്ച ഗുണഭോക്താക്കളുടെ ലിസ്റ്റ് ഫയലിൽ ലഭ്യമല്ല.

4. ഗുണഭോക്താക്കൾ പഞ്ചായത്തിൽസമർപ്പിച്ച അപേക്ഷകൾ ഫയലിൽ ലഭ്യമല്ല.

5. മാർഗ്ഗരേഖ അനുസരിച്ച് വൃക്കരോഗികൾക്ക് ഡയലിസിസിന് ധനസഹായം എന്ന പദ്ധതി ഗ്രാമപഞ്ചായത്തുകളും, നഗരസഭകളും നേരിട്ട് മെഡിക്കൽ ആഫീസർ മുഖേന നടപ്പിലാക്കേണ്ടതാണ്. എന്നാൽ പദ്ധതിയ്ക്കായി തുക കൈമാറാൻ ജില്ലാ പഞ്ചായത്ത് ഗ്രാമപഞ്ചായത്തിന് നൽകിയ കത്തിൽ പദ്ധതി ജില്ലാ പഞ്ചായത്തിനെ നിർവഹണം നടത്താൻ അനുവദിച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവ് രേഖപ്പെടുത്തിയിട്ടില്ല.

6. സംയുക്ത പദ്ധതിയായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ തീരുമാനം എടുക്കുന്നതിന് ജില്ലാ വകുപ്പ് മേധാവികളുടെയും ത്രിതല പഞ്ചായത്തുകളുടെയും സംയുക്തയോഗം ജില്ലാ ആസൂത്ര സമിതി വിളിച്ച് കൂട്ടേണ്ടതാണ്. എന്നാൽ ആയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

7. വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള സ.ഉ.(കൈ)84/2022/തസ്വഭവ തിയതി 19/4/2022 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖ 3.5.4(5)പ്രകാരം സംയുക്ത പ്രോജക്ടുകളിൽ പങ്കാളികളായ തദ്ദേശ സ്ഥാപനങ്ങൾ തമ്മിൽ നിർവഹണം ആരംഭിക്കുന്നതിന് മുമ്പായി ഒരു കരാറിൽ ഏർപ്പെടേണ്ടതാണ്. എന്നാൽ അപ്രകാരം കരാർ ചമച്ചതിന്റെ രേഖ ലഭ്യമാക്കിയിട്ടില്ല.

8..18/9/2022-ൽ തദ്ദേശസ്വയംഭരണ (ഡി എ)വകുപ്പ് ഡി.എ.1/151/2022 തസ്വഭവ പ്രകാരം പുറപ്പെടുവിച്ച സർക്കുലറിൽ കാസ്പ്, കാരുണ്യ ബെനവലന്റ് ഫണ്ട് തുടങ്ങിയവ വഴി ധനസഹായം ലഭിക്കുന്നവരെ ഒഴിവാക്കി പഞ്ചായത്തുകൾ ഗുണഭോക്താക്കളുടെ പട്ടിക തയ്യാറാക്കി നിർവഹണോദ്യോഗസ്ഥന് നൽകേണ്ടതാണ്. പ്രസ്തുത പട്ടിക ഗ്രാമസഭകൾ നിർബന്ധമായും അംഗീകരിച്ചിരിക്കണം. എന്നാൽ ഗ്രാമസഭകൾ അംഗീകരിച്ച പദ്ധതി ഗുണഭോക്താക്കളുടെ ലിസ്റ്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

9.പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.

മേല്പറഞ്ഞ അപാകങ്ങൾക്ക് വിശദീകരണം ആരാഞ്ഞ് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18)മറുപടി ലഭ്യമാക്കിയെങ്കിലും,വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.
ഗുണഭോക്തൃ ലിസ്റ്റ്, വിനിയോഗസാക്ഷ്യപത്രം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭിക്കാത്തതിനാൽ പദ്ധതിയുടെ ആനുകൂല്യം ഗ്രാമപഞ്ചായത്തിലെ എത്രപേർക്ക് ലഭിച്ചുവെന്ന് കണ്ടെത്താൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ടും, ഗുണഭോക്തൃലിസ്റ്റും, വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കാത്തതിനാൽ പദ്ധതിയ്ക്കായി ജില്ലാ പഞ്ചായത്തിന് നൽകിയ 215200/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പദ്ധതി അനുസരിച്ച് തുക ജില്ല പഞ്ചായത്തിന് നൽകിയതിനുള്ള സർക്കാർ സാധൂകരണവും, മോണിറ്ററിംഗ് റിപ്പോർട്ടും, ഗുണഭോക്തൃലിസ്റ്റും, വിനിയോഗസാക്ഷ്യപത്രവും ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-25 ഉപയോഗശൂന്യമായ വസ്തുക്കൾ ലേലം ചെയ്യേണ്ടതാണ്.

പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ വശത്തുള്ള മഴവെള്ള സംഭരണിയുടെ അടുത്തുള്ള ഷെഡിനുള്ളിലും, സമീപത്തുമായി ഉപയോഗ ശൂന്യമായ, ഫർണിച്ചറുകൾ, മറ്റുവസ്തുക്കൾ എന്നിവ കൂട്ടിയിട്ടിരിക്കുന്നുണ്ട്. ഷെഡിനു പുറത്തു കണ്ട ചില വസ്തുക്കളുടെ ചിത്രം ചുവടെ ചേർക്കുന്നു.




ടി വസ്തുക്കൾ ലേലം ചെയ്യാൻ സർക്കാർ ഉത്തരവു നം. ബി1/85/2020/SPD തീയതി 6/7/21 പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.25) ടി വസ്തുക്കൾ ലേലം ചെയ്യാൻ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഉപയോഗശൂന്യമായ വസ്തുക്കൾ ലേലം ചെയ്ത് തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-25-1 ഉപകരണങ്ങൾ ഉപയോഗിക്കാതെ പാഴാകുന്നു - അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്

പഞ്ചായത്തു കമ്മിറ്റി ഹാളിനു മുന്നിലായി ഒരു വാട്ടർ പ്യൂരിഫയർ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ആയതു ഉപയോഗിക്കുന്നതായി കാണുന്നില്ല. കൂടാതെ, പഞ്ചായത്തു ഓഫീസിന്റെ മുൻ വശത്തെ സൺഷെയ്ഡിൽ സ്ഥാപിച്ചിട്ടുള്ള സോളാർ പാനൽ, UPS ന് ബാക്ക് അപ് നല്കാനായി സ്ഥാപിച്ചിട്ടുള്ളതാണ്. എന്നാൽ സൺഷെയ്ഡിന് മുകളിൽ ട്രസ് വർക്ക് മേല്കൂര സ്ഥാപിച്ചതോടുകൂടി സോളാർ പാനൽ സൂര്യപ്രകാശം തട്ടാതെ, പൊടിയടിഞ്ഞ് ഉപയോഗക്ഷമമല്ലാത്ത നിലയിലാണ്. ടി ഉപകരണങ്ങളുടെ ചിത്രം ചുവടെ ചേർക്കുന്നു. മേല്പറഞ്ഞ ഉപകരണങ്ങൾ ഉപയോഗശൂന്യമായി പ്രസ്തുത ഉപകരണങ്ങൾക്കു വേണ്ടി ചെലവഴിച്ച തുക പാഴ്ച്ചെലവായി മാറുന്നതിനുള്ള സാധ്യത കാണുന്നു. ആയത് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.






## 1-26 തെരുവു വിളക്ക പരിപാലനം - അപാകങ്ങൾ

| | |
|---|---|
| പ്രോജക്റ്റ് നം. | 14/2023 |
| പ്രോജക്ടിന്റെ പേര് | തെരുവു വിളക്ക പരിപാലനം-ലേബർ ചാർജ്ജ്. |
| നിർവഹണം | സെക്രട്ടറി |
| അടങ്കൽ | 235200രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്)<br>800 രൂപ (തനതു ഫണ്ട്) |
| ചെലവ് | 142077-രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ബിൽ നം. | 182/12.12.2022 – 142077/- |

അംഗീകൃത പദ്ധതി പ്രകാരം, നിലവിൽ പ്രവർത്തനരഹിതമായ ലൈറ്റുകളുടെ വാർഷിക അറ്റകുറ്റപ്പണിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതി നടത്തിപ്പിനായി, Best&Safe എന്ന സ്ഥാപനത്തെ ടെണ്ടർ നടപടിയിലൂടെയാണ് തെരഞ്ഞെടുത്തത്. പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകങ്ങൾ കണ്ടു.

1) സർക്കുലർ നം.177/DA3/2018/തസ്വഭവ. തീയതി.7-11-17-ൽ നിഷ്കർഷിച്ചിട്ടുള്ള വിധം റീടെൻഷൻ തുക, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ കരാറുകാരനിൽ നിന്ന് ഈടാക്കിയിട്ടില്ല.

2) തെരുവ് വിളക്കുകളുടെ എണ്ണം, ഇനം എന്നിവ പോസ്റ്റ് നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തി, രജിസ്റ്റർ യഥാവിധി പരിപാലിച്ചിട്ടില്ല.

3) കേടായ സാധനങ്ങൾ അതതു ദിവസം തിരികെ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതും സാമ്പത്തിക വർഷാവസാനം ഇപ്രകാരമുള്ള Stock In രജിസ്റ്ററും Stock Out രജിസ്റ്ററും റീകൺസയിൽ ചെയ്യുന്നവെന്നും തെരുവു വിളക്കും അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതും സംബന്ധിച്ച സ.ഉ(സാ ധാ) നം.2134/2015ത സ്വ ഭ വ തി.15-5-2015 പ്രകാരമുള്ള കാര്യങ്ങൾ സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണെന്നും നിഷ്കർഷിക്കുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശം പാലിച്ചതായി കാണുന്നില്ല.

4) തെരുവ് വിളക്ക് പരിപാലനത്തിനായി വാർഡ് തല മോണിറ്ററിംഗ് സമിതികൾ രൂപീകരിച്ചിട്ടില്ല.

5) വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തി നല്കുന്ന കണക്കുകളുടെ അടിസ്ഥാനത്തിലാണ് സ്ഥാപനത്തിന് തുക നല്കേണ്ടത്. എന്നാൽ ഓരോ വാർഡിലും റിപ്പയർ ചെയ്ത തെരുവുവിളക്കുകളുടെ എണ്ണവും, പോസ്റ്റ് നമ്പറും അടങ്ങിയ സാക്ഷ്യ പത്രം, Best&Safe Electricals എന്ന സ്ഥാപനത്തിന്റെ ലെറ്റർ ഹെഡിൽ തയ്യാറാക്കി, അതതു വാർഡ് മെമ്പറുടെ ഒപ്പോടു കൂടിയാണ് ബില്ലിനോടൊപ്പം ലഭ്യമാക്കിയിട്ടുള്ളത്. പല സാക്ഷ്യപത്രത്തിലും കൌൺസിലറുടെ ഒപ്പോ, തീയതിയോ

വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ല. ഇപ്രകാരം കൌൺസിലറുടെ ലെറ്റർ ഹെഡിൽ തയ്യാറാക്കാത്ത സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ തുക അനുവദിച്ചത് ഉചിതമല്ല.

6) നിർവ്വഹണ ഉദ്യോഗസ്ഥയുടെ കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഫയലിൽ ഇല്ല.

മേല്പറഞ്ഞ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17)ലഭ്യമാക്കിയ മറുപടിയിൽ, ടി അപാകങ്ങൾ പരിഹരിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. തെരുവ് വിളക്കുകളുടെ പരിപാലനം എന്നത് പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽപ്പെട്ടതാണ്. ആവർത്തനച്ചെലവായിട്ടും നാളിതുവരെ കൃത്യമായ കണക്കുകളോ, അനുബന്ധരേഖകളോ ഇല്ലാതെ, സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെയും, കൃത്യമായ മേൽനോട്ടം ഇല്ലാതെയും, പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുന്ന പ്രവണത പദ്ധതിപ്പണത്തിന്റെ ദുരുപയോഗത്തിന് കാരണമാകുമെന്നതിനാൽ ഇക്കാര്യത്തിൽ ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-27 വെള്ളക്കരം, ഇലക്ട്രിസിറ്റി ബിൽ -ഭീമമായ കുടിശിക ഒഴിവാക്കണം

(1) മുടിയക്കോട് അംഗൻവാടി നം.5-ന്റെ കുടിശിക വാട്ടർബിൽ 23659/-രൂപ വൗച്ചർ നം.2200312 തീയതി 24.08.2022 പ്രകാരം ഒടുക്കിയിട്ടുണ്ട്. 27439/- രൂപയുടെ ബിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ കുറവ് ചെയ്ത ശേഷമാണ്, ടി തുക അടച്ചിട്ടുള്ളത്. 2014 ജൂലൈ മുതലുള്ള കുടിശികയും പിഴപ്പലിശയും ചേർന്നാണ് ഈ വിധം ഭീമമായ തുക ബിൽ വന്നിട്ടുള്ളത്. ഇത്തരത്തിൽ കുടിശ്ശിക വരാനുണ്ടായ സാഹചര്യം വിശദമാക്കാൻ ആവശ്യപ്പെട്ടു നല്കിയ എൻക്വയറിക്ക്(നം.12) ലഭ്യമാക്കിയ മറുപടിയിൽ, വാട്ടർ മീറ്റർ മോഷണം പോയതിനെ തുടർന്നാണ് ഈ വിധം കുടിശ്ശിക വരാനുണ്ടായ സാഹചര്യം സംജാതമായത് എന്ന് വ്യക്തമാക്കിയിട്ടുണ്ട് .

(2) ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ പിഴപ്പലിശയും, സർചാർജ്ജും ഉൾപ്പെട്ട വൈദ്യുതി ബിൽ, ആദ്യം ഡിമാന്റ് ചെയ്ത 360462/- രൂപയിൽ നിന്ന് 92475/- രൂപയായി കുറവ് ചെയ്ത് കൊണ്ട് കെ.എസ്.ഇ.ബിയിൽ നിന്ന് കത്ത് ലഭിച്ചതിനെ തുടർന്ന്, പഞ്ചായത്തിൽ നിന്ന് വൈദ്യുതി ബിൽ തുക ഒടുക്കുന്നതിൽ വീഴ്ച വരാത്ത സാഹചര്യത്തിൽ ടി തുക ഒഴിവാക്കിത്തരാൻ കെ.എസ്.ഇ.ബിയോട് അഭ്യർത്ഥിച്ച്, 17.01.2023-ലെ ജനറൽ കമ്മിറ്റിയുടെ തീരുമാനം നം.8 (1) പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ഈ വിധം കുടിശിക വരാനുള്ള സാഹചര്യവും, ടി തുക കെ.എസ്.ഇ.ബിയിൽ അടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും ഓഡിറ്റിന് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.12) മറുപടിയിൽ, കെ.എസ്.ഇ.ബി 2014ൽ തെരുവുവിളക്കുകളുടെ ബേർണിംഗ് ടൈം പുനർനിർണ്ണയിച്ചതായി കാണിച്ച്, ഭീമമായ സർചാർജ്ജ് തുക ഡിമാന്റ് ചെയ്യുകയും, ആയത് പഞ്ചായത്തിന് അടയ്ക്കാൻ കഴിയാത്ത സാഹചര്യത്തിൽ പിഴപ്പലിശ കൂട്ടി ചേർത്താണ് മേല്പറഞ്ഞ കുടിശ്ശിക ബിൽ വന്നിട്ടുള്ളത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. തുക അടയ്ക്കാൻ സർക്കാരിൽ നിന്ന് അനുമതി തേടിയിട്ടുള്ള സാഹചര്യത്തിൽ, നാളിതുവരെ ടി ബിൽ അടച്ചിട്ടില്ല എന്നും ടി മറുപടിയിൽ പഞ്ചായത്ത് വ്യക്തമാക്കിയിട്ടുണ്ട്.
ഘടക സ്ഥാപനങ്ങളുടെ വെള്ളക്കരം ബിൽ, ഇലക്ട്രിസിറ്റി ബിൽ എന്നിവ യഥാസമയം ലഭിക്കുന്നു എന്ന് ഉറപ്പു വരുത്താൻ ഘടക സ്ഥാപനമേധാവികൾക്ക് ഭരണ സമിതി നിർദ്ദേശം നല്കേണ്ടതാണ്. KWA, KSEB എന്നിവയുടെ ഭാഗത്തു നിന്നുള്ള വീഴ്ച മൂലം പലിശയിനത്തിൽ പഞ്ചായത്തിന് ധനനഷ്ടം വരുന്നത് ഒഴിവാക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ജാഗ്രത പുലർത്തേണ്ടതാണ്.

## 1-28 വാട്ടർ അതോറിട്ടിയിൽ നിന്ന് ലഭ്യമായ തുക തനതു ഫണ്ടിൽ തന്നെ സൂക്ഷിച്ചിരിക്കുന്നു.

1)വിവിധ വർഷങ്ങളിൽ വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വാട്ടർ അതോറിട്ടിയിൽ അടവാക്കിയ തുകകളിൽ പ്രവൃത്തി നടപ്പിലാക്കിയ ശേഷം ബാലൻസുള്ള തുക, നടപ്പിലാക്കാൻ കഴിയാതിരുന്ന പ്രവൃത്തികളുടെ തുക എന്നീ ഇനങ്ങളിൽ 15.02.2022 ലെ ചെക്ക് നം.007710 പ്രകാരം 348812 രൂപയും 13.04.2022-ലെ ചെക്ക് നം.7740 പ്രകാരം 9764 രൂപയും 23.06.2022 ലെ ചെക്ക് നം.17919 പ്രകാരം 108805 രൂപയും കേരള വാട്ടർ അതോറിട്ടിയിൽ നിന്ന് ലഭ്യമായിട്ടുള്ളതായി ജനറൽ കമ്മിറ്റിയുടെ 24.08.2022-ലെ 6(1)-ാം നം. തീരുമാനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ടി തുക ജലജീവൻ മിഷന് പഞ്ചായത്ത് വിഹിതമായി വിനിയോഗിക്കാൻ കോ-ഓർഡിനേഷൻ സമിതി അനുമതി നൽകിയിട്ടുള്ള സാഹചര്യത്തിൽ ടി തുക ജലജീവൻ മിഷന് വകയിരുത്താൻ തീരുമാനിച്ചിട്ടുണ്ട്. ടി തീരുമാനം നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ഓഡിറ്റിന് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.6) മറുപടിയിൽ, ടി തീരുമാനം നടപ്പിലാക്കിയിട്ടില്ലാത്തതിനാൽ തുക തനതു ഫണ്ടിൽ തന്നെ സൂക്ഷിച്ചിട്ടുള്ളതായി അറിയിച്ചു.
2) 24.06.2022 ലെ ജനറൽ കമ്മിറ്റി തീരുമാനം 11(1) പ്രകാരം ജലജീവൻ മിഷനിൽ നിന്ന് റോഡ് പുനരുദ്ധാരണത്തിന് ലഭിച്ച 1 കോടി രൂപ പ്രത്യേക അക്കൗണ്ട് തുറന്ന് അതിൽ സൂക്ഷിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ടി തീരുമാനം നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ഓഡിറ്റിന് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.6)മറുപടിയിൽ, ടി തീരുമാനം നടപ്പിലാക്കിയിട്ടില്ലാത്തതിനാൽ തുക തനതു ഫണ്ടിൽ തന്നെ സൂക്ഷിച്ചിട്ടുള്ളതായി അറിയിച്ചു.

മേല്പറഞ്ഞ കമ്മിറ്റി തീരുമാനങ്ങൾ എത്രയും വേഗം നടപ്പിലാക്കാൻ ധനകാര്യ സ്ററാന്റിംഗ് കമ്മിറ്റിയും ,ജനറൽ കമ്മിറ്റിയും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-29 കുടിവെള്ള ടാങ്ക് നിർമ്മിക്കുന്നതിന് ഭൂമി വാങ്ങിയ നടപടിയിൽ സുതാര്യത ഇല്ല - വരവ് ചെലവ് കണക്കുകൾ ഹാജരാക്കേണ്ടതാണ്

ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ ജലജീവൻ മിഷൻ പദ്ധതിക്ക് കുടിവെള്ള ടാങ്ക് നിർമ്മിക്കുന്നതിന് പാലച്ചിറ എന്ന സ്ഥലത്ത് 4 ആർ 71.5 Sqm ഭൂമി സെക്രട്ടറിയുടെ പേരിൽ വാങ്ങിയിട്ടുണ്ട്. ആധാരപ്രകാരം,19 ലക്ഷം രൂപയാണ് ഭൂമിയുടെ വില. ഭൂമി വാങ്ങാൻ തനതു ഫണ്ടിൽ നിന്നോ ,പ്ലാൻ ഫണ്ടിൽ നിന്നോ തുക കണ്ടെത്താൻ കഴിയാത്ത സാഹചര്യത്തിൽ ജനകീയ സമിതി രൂപീകരിച്ച് പൊതുജനങ്ങളിൽ നിന്ന് സംഭാവന സ്വീകരിച്ച് ഫണ്ട് സമാഹരണം നടത്തുവാൻ ഭരണസമിതി 25-11-22 ലെ തീരുമാനം നം.21-1 പ്രകാരം തീരുമാനിച്ചു. ഇപ്രകാരം പിരിച്ച തുക ജനകീയ സമിതി കൺവീനറുടെയും ചെയർമാന്റെയും പേരിലുള്ള അക്കൗണ്ടിൽ തുക നിക്ഷേപിച്ചിട്ടുള്ളതായി 26.09.2022 ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയ SC1/1987/22 ൽ രേഖപ്പെടുത്തിയിരിക്കുന്നു.

(1) മേല്പറഞ്ഞ അക്കൗണ്ടിന്റെ പാസ്ബുക്കും, വിശദാംശവും ഓഡിറ്റിന് ലഭ്യമാക്കുവാനും,

(2) മേല്പറഞ്ഞ രീതിയിൽ പണം പിരിക്കുന്നതിന് പഞ്ചായത്തിന്റെ രസീത് ബുക്കുകളാണ് ഉപയോഗിച്ചിട്ടുള്ളതെങ്കിൽ ആയവ ഓഡിറ്റിന് ലഭ്യമാക്കുവാനും,

(3) പ്രസ്തുത ഉദ്ദേശ്യത്തിന് പഞ്ചായത്ത് രസീത് അല്ലാതെ, പ്രത്യേക രസീത് പ്രിന്റ് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ സ്റ്റോക്ക് വിവരം ഓഡിറ്റിന് ലഭ്യമാക്കുവാനും, ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.7) ലഭ്യമാക്കിയ മറുപടിയോടൊപ്പം ഇതിനായി തുടങ്ങിയ സഹകരണ ബാങ്ക് അക്കൌണ്ട് പാസ് ബുക്കിന്റെ പകർപ്പ് ലഭ്യമാക്കി. പണം പിരിക്കുന്നതിന് പഞ്ചായത്തിന്റെ രസീത് ബുക്കുകൾ ഉപയോഗിച്ചിട്ടില്ല എന്നും, പ്രസ്തുത ഉദ്ദേശ്യത്തിന് പഞ്ചായത്ത് പ്രത്യേക രസീത് പ്രിന്റ് ചെയ്തിട്ടില്ല എന്നും, ടി മറുപടിയിൽ സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്. ഭൂമിയുടെ വില നിശ്ചയിച്ചത് എങ്ങനെയെന്നും വ്യക്തമല്ല.

ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആണ് ജനകീയ സമിതി സമിതി രൂപീകരിച്ചത്.പണം പിരിക്കുന്ന വിവരം ഭരണവകുപ്പിനെ അറിയിച്ചിട്ടുമുണ്ട്. ഭൂമി വാങ്ങിയിട്ടുള്ളത് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിലാണുതാനും. എന്നാൽ പഞ്ചായത്തിന്റെ പേരിൽ സ്റ്റോക്കിലുൾപ്പെടുത്തി എടുത്ത രസീതുകളില്ലാതെ പണപ്പിരിവ് നടത്തിയതും പണപിരിവിന്റെ വിശദാംശം ജനറൽകമ്മിറ്റിയിൽ അവതരിപ്പിക്കുകയോ, ഭരണവകുപ്പിനെയോ സെക്രട്ടറിയെയോ ധരിപ്പിക്കുകയോ ചെയ്തിട്ടില്ല. മേല്പറഞ്ഞ കാരണങ്ങളാൽ വസ്തു വാങ്ങിയ നടപടിയുടെ സുതാര്യത നഷ്ടപ്പെട്ടതായി ഓഡിറ്റ് വിലയിരുത്തുന്നു. ആയതിന്റെ കൃത്യമായ വരവ് ചെലവ് കണക്കുകൾ അക്കൗണ്ടിംഗ് വിശദാംശങ്ങൾ എന്നിവ അടിയന്തിരമായി ഹാജരാക്കേണ്ടതാണ്.

## 1-30 മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി .

2022-23 വർഷത്തിൽ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ എണ്ണം പ്രവൃത്തികൾ ഉൾപ്പെടുത്തി തൊഴിൽ ദിനങ്ങൾ ലക്ഷ്യമിട്ട് ആക്ഷൻ പ്ലാൻ അംഗീകരിച്ചിരുന്നു. എന്നാൽ, 83749 തൊഴിൽദിനങ്ങൾ മാത്രമാണ് സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു(അവലംബം -ഓഡിറ്റ് അന്വേഷണം നം 02/07.12.2023 ന്റെ മറുപടി)

| പ്രവൃത്തി ഇനം | ലക്ഷ്യമിട്ട എണ്ണം | ആകെ മനുഷ്യദിനങ്ങൾ | നടപ്പിലാക്കിയ പ്രവൃത്തികൾ | നടപ്പിലാക്കിയതിന്റെ ശതമാനം | ഉപയോഗിച്ച മനുഷ്യദിനങ്ങൾ |
|---|---|---|---|---|---|
| പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | 66 | 56100 | 07 | 11 | 6765 |
| സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ മണ്ണ് ജല സംരക്ഷണ പ്രവൃത്തികൾ | 220 | 248500 | 56 | 25 | 73950 |
| വ്യക്തിഗത ആനുകൂല്യം | 672 | 75600 | 96 | 14 | 3034 |
| ആകെ | 958 | 380200 | 159 | 17 | 83749 |

അംഗീകൃത ആക്ഷൻ പ്ലാൻ പ്രകാരമുള്ള പദ്ധതി നടത്തിപ്പിന്റെ ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിനാവശ്യമായ കൂടുതൽ കാര്യക്ഷമമായ നടപടികൾ ബന്ധപ്പെട്ട അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

## 1-31 കാർഷിക മേഖലയിലെ പ്രോജക്ടുകളുടെ ഫലപ്രാപ്തി ഉറപ്പാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിൽ 2022-23 വർഷം വിവിധ കാർഷിക വിളകൾക്കായി ചുവടെ ചേർക്കും പ്രകാരം പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.

| ക്രമ നം | പ്രോജക്ട് നം | പേര് | ചെലവ് തുക |
|---|---|---|---|
| 01 | 26 | ഗ്രോബാഗിൽ പച്ചക്കറി കൃഷി (എസ്.സി) | 10000 |
| 02 | 110 | ഫലവൃക്ഷ തൈ നട്ട് പരിപാലനം | 9000 |
| 03 | 62 | ഞങ്ങളും കൃഷിയിലേയ്ക്ക്-തരിശ് നില നെൽകൃഷി | 131985 |
| 04 | 103 | ഹരിത ഭവനം | 206505 |
| 05 | 72 | ഞങ്ങളും കൃഷിയിലേയ്ക്ക് വീട്ടുവളപ്പിൽ പച്ചക്കറി തോട്ടം | 299444 |
| 06 | 63 | ജലസേചന പമ്പ് സെറ്റ് | 149722 |
| 07 | 65 | കേദാരം-സമഗ്ര നെൽകൃഷി വികസനം | 827166 |
| 08 | 180 | ഞങ്ങളും കൃഷിയിലേയ്ക്ക് - മൺചട്ടിയിൽ പച്ചക്കറി കൃഷി | 400000 |
| 09 | 70 | ഞങ്ങളും കൃഷിയിലേയ്ക്ക് -ഇടവിളയിലൂടെ ഇരട്ടി മധുരം നടീൽ വസ്തുക്കൾ വിതരണം | 356000 |

പ്രസ്തുത പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ ഫലമായി ഗ്രാമപഞ്ചായത്തിൽ കാർഷിക ഉല്പാദന വർദ്ധനവ് സംബന്ധിച്ച് കണക്കുകൾ ശേഖരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെവിശദാംശം ബന്ധപ്പെട്ട രേഖകൾ സഹിതം, കാർഷിക വിളകളുടെ വിപണനത്തിനായി ഗ്രാമപഞ്ചായത്തിന്റെ അധീനതിയിൽ ഇക്കോഷോപ്പ് പ്രവർത്തിക്കുന്നുണ്ടെങ്കിൽ അതിന്റെ വിശദമായ റിപ്പോർട്ട്, കാർഷിക കർമ്മസേന പ്രവർത്തനം ഉണ്ടെങ്കിൽ കാർഷിക കർമ്മസേനയുടെ നിലവിലെ പ്രവർത്തനം, കണക്കുകളുടെപരിശോധന, നിർവ്വഹണമേൽനോട്ടം എന്നിവ സംബന്ധിച്ച വിശദവിവരങ്ങൾ,കഴിഞ്ഞ പത്ത് വർഷങ്ങളിലായി വിവിധ തദ്ദേശ സ്ഥാപനങ്ങൾമുഖേന ലഭ്യമാക്കിയ കാർഷികപകരണങ്ങളുടെ വിശദാംശം എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം ന്റെ 34/15.12.2023 ന് താഴെ പറയും വിധം മറുപടി ലഭ്യമാക്കി.

1) വിവിധ കാർഷിക പ്രോജക്ടുകൾ നടപ്പിലാക്കിയത് വഴി കൃഷി കൂടുതൽ സ്ഥലത്തേയ്ക്ക് വ്യാപിപ്പിക്കുവാനും കൂടുതൽ ഉൽപാദനം നടത്തുവാനും കഴിഞ്ഞിട്ടുണ്ട്.

I. ഗ്രോബാഗിൽ പച്ചക്കറി കൃഷി (എസ്.സി)-പ്രസ്തുത പദ്ധതി പ്രകാരം 75 ടൺ പച്ചക്കറി ഉൽപാദിപ്പിക്കുവാൻ സാധിച്ചു.

Ii. ഫലവൃക്ഷ തൈ നട്ട് പരിപാലനം- 60 സെന്റ് സ്ഥലത്ത് വാഴകൃഷി നടപ്പിലാക്കാൻ കഴിഞ്ഞു.

III. ഞങ്ങളും കൃഷിയിലേയ്ക്ക് -തരിശു നില നെൽകൃഷി - തരിശു കിടന്ന 1.5 ഹെക്ടർ നെൽ വയൽ കൃഷി യോഗ്യമാക്കി അതുവഴി 5 ടൺ നെല്ല് ഉൽപാദിപ്പിക്കുവാൻ സാധിച്ചു.

IV. ഞങ്ങളും കൃഷിയിലേയ്ക്ക് വീട്ടുവളപ്പിൽ പച്ചക്കറി തോട്ടം- 20 ടൺ ഉത്പാദനം അധികമായി സൃഷ്ടിക്കാൻ കഴിഞ്ഞു.

V.കേദാരം-സമഗ്ര നെൽകൃഷി വികസനം - 32 ഹെക്ടർ നെൽകൃഷി ചെയ്യാൻ സാധിച്ചു .ഉത്പാദന ക്ഷമത 3500 Kg/ha ആക്കി ഉയർത്താൻ കഴിഞ്ഞു.

2. ഗ്രാമപഞ്ചായത്തിനെ കാർഷിക സ്വയം പര്യാപ്തമാക്കുക എന്ന ലക്ഷ്യത്തോടെ 2014 ജൂൺ മാസം പ്രവർത്തനം ആരംഭിച്ച കാർഷിക കർമ്മസസേനയുടെ നേതൃത്തെത്തിൽ മികച്ച പ്രവർത്തനങ്ങൾ നടത്താൻ കഴിഞ്ഞിട്ടുണ്ട്.

3. വിവിധ തദ്ദേശ സ്ഥാപനങ്ങൾ ലഭ്യമാക്കിയ കാർഷികപകരണങ്ങളുടെ വിശദാംശം

| ക്രമ നം | ഇനം | ലഭിച്ച വർഷം | ലഭ്യമാക്കിയ സ്ഥാപനം | പരിപാലന ചുമതല | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 01 | വിന്നോവർ മിനിട്രാക്ടർ, തെങ്ങ് കയറ്റ സേഫ്റ്റി ബെൽറ്റ് | 2015-16 | ഗ്രാമപഞ്ചായത്ത് | കാർഷിക കർമ്മസേന | ഉപയോഗത്തിൽ ആണ് |
| 02 | ട്രാക്ടർ | 2017-18 | ഗ്രാമപഞ്ചായത്ത്& ബ്ലോക്ക്പഞ്ചായത്ത് | കാർഷിക കർമ്മസേന | ഉപയോഗത്തിൽ ആണ് |
| 03 | പിക്ക് അപ്പ് വാൻ | 2018-19 | ഗ്രാമപഞ്ചായത്ത്& ബ്ലോക്ക്പഞ്ചായത്ത് | കാർഷിക കർമ്മസേന | ഉപയോഗത്തിൽ ആണ് |

| | | | | | |
|---|---|---|---|---|---|
| 04 | Honda Brush Cutter, Palm Climber, Chain Saw, Tree Pruner, Aspee Back Spack Sprayer, Earth Auger, Honey Extractor, Electronic Weighing Balance | 2022-23 | ബ്ലോക്ക്പഞ്ചായത്ത് | കാർഷിക കർമ്മസേന | ഉപയോഗത്തിൽ ആണ് |

കാർഷിക മേഖലയിലെ പ്രോജക്ടുകളുടെ ഫലപ്രാപ്തി കൃത്യമായ മോണിട്ടറിംഗ് നടത്തി ആധികാരിക റിപ്പോർട്ടുകൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

## 1-32 ജി.എസ്സ്.ടി ടി.ഡി.എസ് കുറവ് ചെയ്ത് ഒടുക്കുവരുത്തിയിട്ടില്ല.

| | | |
|---|---|---|
| പ്രോജക്ട് നം | 09/23 | |
| പേര് | ഗാർഹിക ബയോകമ്പോസ്റ്റർ ബിൻ | |
| ഫണ്ട് | അടങ്കൽ | ചെലവ് |
| വികസന ഫണ്ട്(ധനകാര്യ കമ്മീഷഷൻ അവാർഡ് | 388800/- | 252720/- |
| ഗുണഭോക്തൃവിഹിതം | 43200/- | 28080/- |
| ആകെ | 432000/- | 280800/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | |

അജൈവ മാലിന്യങ്ങൾ ശാസ്ത്രീയമായി പരിപാലിക്കുന്നതിനും അതിലൂടെ മാലിന്യ നിർമ്മാർജ്ജനം, സമ്പൂർണ്ണ ശുചിത്വം എന്നിവ ലക്ഷ്യമിട്ടുകൊണ്ട് ബയോകമ്പോസ്റ്റ് ബിൻ വിതരണം ചെയ്യുന്നതിനായി രൂപീകരിച്ച പ്രോജക്ടിനായി ഒരു ബയോകമ്പോസ്റ്റ് ബിന്നിന്റെ വില 2160/-രൂപ നിരക്കിൽ 130 എണ്ണം ഐ.ആർ.റ്റി.സി.പി.ഐ.യു.വിൽ നിന്നും 280800/-രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്. 2017 ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവ്വീസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs ന്റെ 13.09.2018 ലെ 50/2018 നം നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018 ലെ സർക്കുലർ നം. 65/39/2018 DOR എന്നിവ പ്രകാരം 250000/- രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസിൽ നിന്നും കുറവ് ചെയ്ത് ഒടുക്കേണ്ടതുണ്ട്. എന്നാൽ IRTC Project Implementation Unit ന് തുക അനുവദിച്ചപ്പോൾ GST, TDS കുറവ് ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 23/13.12.2023 ന് വി.ഇ.ഒ ഓഫീസിന് സ്വന്തമായി TDS അക്കൗണ്ട് നിലവിലില്ലാത്തതിനാലും, വാങ്ങൽ പ്രോജക്ടുകൾ നിർവ്വഹണം നടത്തി മുൻപരിചയമില്ലാത്തതിനാലും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ TDS അക്കൗണ്ട് ഉപയോഗിച്ച് GST സ്രോതസ്സിൽ നിന്ന് കുറവ് ചെയ്യുന്നതിന് അനുമതി യഥാസമയം ലഭ്യമാകാത്തതിനാലും സമയബന്ധിതമായി പദ്ധതി നിർവ്വഹണം പൂർത്തീകരിക്കേണ്ട സാഹചര്യത്തിൽ TDS കുറവ് ചെയ്യാതെ പ്രോജക്ട് തുക ബന്ധപ്പെട്ട സ്ഥാപനത്തിന് കൈമാറേണ്ടതായി വന്നു എന്നാണ് മറുപടി ലഭ്യമാക്കിയത്. ഭാവിയിൽ 250000/- രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസിൽ നിന്നും കുറവ് ചെയ്ത് ഒടുക്ക് വരുത്തേണ്ടതാണ്.

## 1-33 ലൈഫ് ഭവന പദ്ധതി- ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട രജിസ്റ്റർ പരിശോധിച്ചതിൽ ഭവന നിർമ്മാണത്തിനായി ആനുകൂല്യം കൈപ്പറ്റിയിട്ടുള്ള വിവിധ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല എന്ന് കണ്ടു. വിശദാംശം ചുവടെ

ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | നിലവിൽ കൈപ്പറ്റിയ തുക | നിലവിലെ അവസ്ഥ | ആദ്യ ഗഡു കൈപ്പറ്റിയ തീയതി |
|---|---|---|---|
| സിമി രജ്ഞിത്ത്<br>കുഴിവിളവീട്<br>പേരേറ്റിൽ | 340000 | മേൽക്കൂര | **23.01.2021** |
| അനൂപ് സ്റ്റെഫിമോൾ<br>കുഴിവിളവീട്<br>ചെരുന്നിയൂർ | 20000 | ബേസ്മെന്റ് | 01.10.2021 |
| ജോൺസൺ<br>പനവിളാകം<br>ചെറുന്നിയൂർ | 40000 | നിർമ്മാണം തുടങ്ങിയിട്ടില്ല | 28.10.2021 |
| സുലഭകുമാരി<br>രേവതി<br>ചെറുന്നിയൂർ | 200000 | ബേസ്മെന്റ് | 22.12.2021 |
| അജിത<br>തോപ്പിൽവീട്<br>അകത്തുമുറി | 340000 | ലിന്റൽ | 22.12.2021 |
| ഷാജിദ<br>പാലവിളവീട്<br>വടശ്ശേരിക്കോണം | 360000 | മേൽക്കൂര | 12.01.2022 |
| ലൈല<br>റോഡുവിളവീട്<br>പാലച്ചിറ | 200000 | തുടങ്ങിയിട്ടില്ല | 12.01.2022 |
| വിമല<br>പി.കെ ഭവൻ<br>ചെറുന്നിയൂർ | 300000 | ലിന്റിൽ | 12.01.2022 |
| മഞ്ജു<br>കൊല്ലംവിളാകം<br>ചെറുന്നിയൂർ | 360000 | മേൽക്കൂര | 19.02.2022 |
| ശാലിനി<br>ബൈജു ഭവൻ<br>പാലച്ചിറ | 340000 | ലിന്റൽ | 19.02.2022 |
| ആശ<br>പുതുവൽവിളവീട്<br>ചെറുന്നിയൂർ | 300000 | ലിന്റിൽ | 17.032022 |
| വിജയകുമാരി അമ്മ<br>പള്ളവീട്<br>ചെറുന്നിയൂർ | 360000 | മേൽക്കൂര | 18.03.2022 |
| ഷീജ<br>പ്രണവം | 200000 | ബേസ്മെന്റ് | 18.03.2022 |

| | | | |
|---|---|---|---|
| ചെറുന്നിയൂർ | | | |
| ഷീജ<br>പുത്തൻവീട്<br>മേൽവെട്ടൂർ | 200000 | ലിന്റൽ | 26.03.2022 |
| സുഗന്ധി<br>കിന്നിക്കുട് വീട്<br>അയന്തി | 200000 | ബേസ്മെന്റ് | 31.03.2022 |
| മേരി വത്സല<br>കുമളിവിളവീട്<br>വെന്നികോട് | 360000 | മേൽക്കൂര | 19.09.2022 |
| ജീവ<br>പാലവിള പുത്തൻവീട്<br>വടശ്ശേരിക്കോണം | 360000 | മേൽക്കൂര | 19.09.2022 |
| മോഹൻദാസ് & ശാന്തി<br>ചരുവിളവീട്, ചെറുന്നിയൂർ | 40000 | ബേസ്മെന്റ് | 19.08.2022 |
| രാജഗോപാൽ & രജിത<br>പുതുവൽ വിളവീട്<br>ചെറുന്നിയൂർ | 173844 | ബേസ്മെന്റ് | 14.12.2022 |
| മഹിജ<br>കാഞ്ഞിരം വിളവീട്,<br>താന്നിമൂട് | 360000 | മേൽക്കൂര | 14.12.2022 |
| ബാബു<br>ഭാമ വിലാസം,<br>മേൽവെട്ടൂർ | 300000 | ലിന്റൽ | 14.12.2022 |

ഗുണഭോക്താക്കളുമായി ഒപ്പു വച്ച കരാർ പത്രികയിലെ വ്യവസ്ഥ 4 പ്രകാരം കരാറിൽ ഏർപ്പെട്ട് ആറ് മാസത്തിനകം ഭവനനിർമ്മാണം പൂർത്തിയാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കരാറിലേർപ്പെട്ട് തുക കൈപ്പറ്റിയതിനു ശേഷം ഇതുവരെയും നിർമ്മാണം തുടങ്ങാത്ത/ പൂർത്തീകരിക്കാത്തത് സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ സംബന്ധിച്ച വിവരം ലഭ്യമാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണം നം 32/14.12.2023-ന് ജോൺസൺ, ലൈല, മോഹൻദാസ്&ശാന്തി, വിമല, ആശ, ഷീജ, സുഗന്ധി എന്നീ ഗുണഭോക്താക്കൾ ആദ്യഗഡു തുക കൈപ്പറ്റി സമയബന്ധിതമായി ഭവനനിർമ്മാണം പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ പല പ്രാവശ്യം നേരിട്ടും രേഖാമൂലവും ,ജനപ്രതിനിധികൾ മുഖേനയും ആവശ്യപ്പെട്ടിട്ടും യാതൊരു പുരോഗതിയും ഉണ്ടാകാത്തതിനാൽ ഈ വിഷയം ഭരണസമിതിയെ ബോധ്യപ്പെടുത്തി റവന്യൂ റിക്കവറി നടപടികൾക്ക് ശുപാർശ ചെയ്തിട്ടുള്ളതാണെന്നും, മറ്റ് ഗുണഭോക്താക്കൾ കുടുംബസാഹചര്യം, ലോൺ, സംസ്ഥാന സർക്കാർ വിഹിതം എന്നിവ ലഭ്യമാകുന്നതിൽ നേരിട്ട കാലതാമസം,ആരോഗ്യപ്രശ്നങ്ങൾ എന്നിങ്ങനെയുള്ള കാരണങ്ങളാലാണ് കരാർ കാലയളവായ 6 മാസത്തിനകം ഭവനനിർമ്മാണം പൂർത്തീകരിക്കാൻ കഴിയാതെ പോയത് എന്നും, ഗുണഭോക്താക്കൾ നിർമ്മാണം ഓരോ ഘട്ടവും പൂർത്തീകരിക്കാൻ കർശന നിർദ്ദേശം നൽകി പൂർത്തീകരിക്കുന്ന മുറയ്ക്ക് തുടർ ഗഡുക്കൾ അനുവദിച്ച് ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതാണെന്നും ആണ് മറുപടി ലഭ്യമാക്കിയത്. ഭരണസമിതി ഇക്കാര്യം ചർച്ചചെയ്ത് പദ്ധതി മാർഗ്ഗരേഖ, കരാർ വ്യവസ്ഥ എന്നിവ പ്രകാരമുള്ള ഉചിതമായ തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-34 പശുക്കുട്ടി വിതരണം-ജനറൽ-പദ്ധതിയിലെ അപാകങ്ങൾ-285000 രൂപ തടസ്സപ്പെടുത്തുന്നു

| | | |
|---|---|---|
| പ്രോജക്റ്റ് നമ്പർ | 120/23 | |
| പേര് | പശുക്കുട്ടി വിതരണം-ജനറൽ | |
| ഫണ്ട് | അടങ്കൽ | ചെലവ് |
| വികസന ഫണ്ട്(പൊതു വിഭാഗം സാധാരണ | 348000 | 255000 |

| | | |
|---|---|---|
| വിഹിതം) | | |
| മറ്റുള്ളവ(ഗുണഭോക്തൃ വിഹിതം) | 348000 | 30000 |
| ആകെ | 696000 | 285000 |
| നിർവ്വഹണം | വെറ്ററിനറി സർജൻ | |
| ബിൽ നമ്പർ/ചെക്ക് നമ്പർ | 168/05.12.2022-180000 രൂപ<br>388/31.03.2023 -30000 രൂപ<br>444/27.03.2023-45000 രൂപ<br>108102/31.03.2023-30000 രൂപ | |

മേൽ പദ്ധതിയുടെ പ്രൊജക്ട് രൂപീകരണ ഫോറം പരിശോധിച്ചതിൽ പഞ്ചായത്തിലെ 58 സ്ത്രീ ഗുണഭോക്താക്കൾക്ക് 12000 രൂപ വിലയുള്ളതും 6 മാസം മുതൽ 8 മാസം വരെ പ്രായമുള്ളതുമായ ഒരു പശുക്കുട്ടിയെ വാങ്ങി നൽകുന്നതിനുമാണ് പദ്ധതി തയ്യാറാക്കിയത്. പശുക്കുട്ടിയുടെ ആകെ വിലയുടെ 50% സബ്സിഡിയും ബാക്കി ഗുണഭോക്തൃവിഹിതവുമാണ്. ആകെ ചെലവിന്റെ 50% തുക ഗുണഭോക്തൃവിഹിതമായിരിക്കണമെന്ന് പതിനാലാം പഞ്ചവൽസര പദ്ധതി, സബ്സിഡി മാർഗരേഖ ഖണ്ഡിക 6.3 ൽ നിർദ്ദേശിച്ചിട്ടുണ്ട്. സുലേഖ പ്രകാരം ആകെ 285000/- രൂപ ചെലവഴിച്ചതിൽ 255000/- രൂപ വികസന ഫണ്ടും 30000 രൂപ ഗുണഭോക്തൃവിഹിതവുമാണ്. പദ്ധതി ഫയലുകൾ പരിശോധിച്ചതിൽ പശുക്കുട്ടി ഒന്നിന് 12000 രൂപ നിരക്കിൽ വിതുര ജഴ്സിഫാമിൽ നിന്നുമാണ് പശുക്കുട്ടികളെ വാങ്ങിയിട്ടുള്ളത്.ഗുണഭോക്താക്കളുടെ അപേക്ഷകൾ ഫയലിലുണ്ടെങ്കിലും അപേക്ഷകളുടെ എണ്ണവും വിതുര ജഴ്സിഫാമിലേക്ക് പശുക്കുട്ടികളെ വാങ്ങാനായി നൽകിയ തുകയും പൊരുത്തപ്പെടുന്നില്ല. എത്ര ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി എന്നത് സംബന്ധിച്ച് വ്യക്തതയില്ല. പദ്ധതിയിൽ സുലേഖ പ്രകാരം ആകെ ചെലവ് തുക 285000 രൂപയാണ്.എന്നാൽ 180000 രൂപയുടെ ചെലവ് രേഖകൾ മാത്രമാണ് ഓഡിറ്റിനായി ഹാജരാക്കിയത്.ഗുണഭോക്തൃ വിഹിതം ഒടുക്കിയതിന്റ രജിസ്റ്റർ,രസീത് ബുക്കുകൾ എന്നിവ പരിശോധിച്ചതിൽ ഗുണഭോക്തൃവിഹിതമായി 5 ഗുണഭോക്താക്കളിൽ നിന്നും 6000 രൂപ വീതം ആകെ 30000/- രൂപ ഈടാക്കി രസീത് നമ്പർ 1220204686/G010106 തീയതി.06.03.2023 (6000/- രൂപ),രസീത് നമ്പർ 1220204803/ G010106 തീയതി.18.03.2023 (24000/-രൂപ) എന്നിവ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്.ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃവിഹിതം ഈടാക്കാതെ വികസന ഫണ്ടിൽ നിന്നും അധികം തുക ചെലവഴിച്ചാണ് പദ്ധതി നടപ്പാക്കിയത്. 6 ഗുണഭോക്താക്കൾ മാത്രമേ ഗുണഭോക്തൃ വിഹിതം അടച്ചിട്ടുള്ളൂ എങ്കിലും 285000/- രൂപ ചെലവഴിച്ച് കൂടുതൽ എണ്ണം പശുക്കുട്ടികളെ വാങ്ങിയതായി കാണുന്നു. എന്നാൽ എത്ര പേർക്ക് വിതരണം ചെയ്തു എന്നതിന്റെ ആധികാരിക രേഖകളും ലഭ്യമാക്കിയിട്ടില്ല. മോണിട്ടറിംഗ് സമിതി പദ്ധതി മോണിട്ടറിംഗ് നടത്തുകയോ അപാകങ്ങൾ പരിഹരിക്കുന്നതിന് നിർദ്ദേശം നൽകുകയോ ചെയ്തിട്ടില്ല.അപാകങ്ങൾ പരിഹരിക്കുന്നതിന് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് വ്യക്തതയില്ല. രേഖകൾ ലഭ്യമാക്കുന്നതിനായും പ്ലാൻ ഫണ്ടിൽ നിന്ന് അധിക തുക ചെലവഴിച്ചതിനും ഗുണഭോക്തൃവിഹിതം ഈടാക്കാത്തിനും കാരണം വ്യക്തമാക്കാനുമായി നൽകിയ ഓഡിറ്റ് അന്വേഷണം.35/15.12.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.ചെലവ് രേഖകൾ ലഭ്യമാക്കാത്തതിനാലും സബ്സിഡി മാർഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഗുണഭോക്തൃവിഹിതം ഈടാക്കാതെ പ്ലാൻ ഫണ്ടിൽ നിന്നും അധിക തുക ചെലവഴിച്ചതിനാലും പദ്ധതിയുടെ ചെലവ് തുകയായ 285000/- രൂപ തടസ്സപ്പെടുത്തുന്നു. ആനുകൂല്യം നൽകിയ ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃവിഹിതം ഈടാക്കി പ്ലാൻ ഫണ്ടിലേക്ക് ഒടുക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-34-1 പശുക്കുട്ടി വിതരണം-എസ്.സി -അപാകങ്ങൾ-195000 രൂപ തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | 121/23 | |
| പേര് | പശുക്കുട്ടി വിതരണം-എസ്.സി.പി | |
| ഫണ്ട് | അടങ്കൽ | ചെലവ് |
| വികസന ഫണ്ട് (എസ്.സി.പി) | 378000 | 180000 |

| | | |
|---|---|---|
| മറ്റുള്ളവ(ഗുണഭോക്തൃ വിഹിതം) | 126000 | 15000 |
| ആകെ | 504000 | 195000 |
| നിർവ്വഹണം | വെറ്ററിനറി സർജൻ | |
| ബിൽ നമ്പർ/ചെക്ക് നമ്പർ | 169/05.12.2022-180000 രൂപ<br>108103/31.03.2023-15000 രൂപ | |

വെറ്ററിനറി സർജൻ നിർവ്വഹിച്ച ടി പ്രൊജക്ട് രൂപീകരണ ഫോറം പരിശോധിച്ചതിൽ, പഞ്ചായത്തിലെ 42 പട്ടികജാതി വനിത ഗുണഭോക്താക്കൾക്ക് 12000 രൂപ വിലയുള്ളതും 6 മാസം മുതൽ 8 മാസം വരെ പ്രായമുള്ളതുമായ ഒരു പശുക്കുട്ടി വീതം വാങ്ങി നൽകുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്.ആകെ തുകയുടെ 75% സബ്സിഡിയും 25% ഗുണഭോക്തൃവിഹിതവുമാണ്.ആകെ ചെലവിന്റെ 25% തുക ഗുണഭോകതൃവിഹിതമായിരിക്കണമെന്ന് പതിനാലാം പഞ്ചവൽസര പദ്ധതി സബ്സിഡി മാർഗരേഖ ഖണ്ഡിക 6.3 ൽ നിർദ്ദേശിച്ചിട്ടുണ്ട്. സുലേഖ പ്രകാരം ആകെ ചെലവായ 195000 രൂപയിൽ 15000 രൂപ മാത്രമാണ് ഗുണഭോക്തൃവിഹിതമായി ചെലവ് ചെയ്തിട്ടുള്ളത്.പദ്ധതി ഫയലുകൾ പരിശോധിച്ചതിൽ പശുക്കുട്ടി ഒന്നിന് 12000 രൂപ നിരക്കിൽ വിതുര ജഴ്സിഫാമിൽ നിന്നുമാണ് പശുക്കുട്ടികളെ വാങ്ങിയിട്ടുള്ളത്. ഗുണഭോക്താക്കളുടെ അപേക്ഷകൾ ഫയലിലുണ്ടെങ്കിലും ടി അപേക്ഷകളുടെ എണ്ണവും, വിതുര ജഴ്സിഫാമിലേക്ക് പശുക്കുട്ടികളെ വാങ്ങാനായി നൽകിയ തുകയും പൊരുത്തപ്പെടുന്നില്ല.എത്ര ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി എന്നത് സംബന്ധിച്ച് വ്യക്തതയില്ല.ഗുണഭോക്തൃ വിഹിതം ഒടുക്കിയതിന്റ രജിസ്റ്റർ,രസീത് ബുക്കുകൾ എന്നിവ പരിശോധിച്ചതിൽ 41 ഗുണഭോക്താക്കളിൽ നിന്നും 123000/-രൂപ ഗുണഭോക്തൃവിഹിതമായി ഈടാക്കി രസീത് നമ്പർ 1220204151/G010106 തീയതി: 20.01.2023 പ്രകാരം പഞ്ചായത്തിലേക്ക് ഒടുക്കിയിട്ടുണ്ട്. ഗുണഭോക്തൃവിഹിതമായി 123000/-രൂപ ഈടാക്കിയിട്ടും 15000 രൂപ മാത്രമാണ് പശുക്കളെ വാങ്ങാനായി ചെലവഴിച്ചത്. ആകെ 195000 രൂപ ചെലവുള്ള പദ്ധതിയിൽ പശുക്കുട്ടി ഒന്നിന് 12000/- രൂപ നിരക്കിൽ പരമാവധി 17 ഗുണഭോക്താക്കൾക്ക് മാത്രമേ ആനുകൂല്യം നൽകാൻ കഴിയൂ. 17 ഗുണഭോക്താക്കളിൽ നിന്നും ഈടാക്കാവുന്ന ഗുണഭോക്തൃവിഹിതം 51000 രൂപയാണ്. 41 ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃവിഹിതം ഈടാക്കിയിട്ടുള്ളതിനാൽ എല്ലാ ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകിയോ എന്നത് സംബന്ധിച്ച് വ്യക്തതയില്ല.ഇക്കാര്യത്തിൽ വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണം.35/15.12.2023-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സബ്സിഡി മാർഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവ് ചെയ്ത 195000 രൂപ തടസ്സപ്പെടുത്തുന്നു. അംഗീകൃത പ്രോജക്ട് സബ്സിഡി മാർഗരേഖയിലെ നിർദ്ദേശങ്ങൾക്കും വിരുദ്ധമായി, പ്ലാൻ ഫണ്ടിൽ നിന്നും ആനുപാതികമായല്ലാതെ അധികമായി തുക ചെലവ് ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ അധികമായി ചെലവായ തുക കണക്കാക്കി ഗുണഭോക്തൃവിഹിതത്തിൽ നിന്നും ആയത് പ്ലാൻ ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്. ഗുണഭോക്തൃവിഹിതം അടവാക്കിയ ആർക്കെങ്കിലും, ആനുകൂല്യം നൽകാതെ അവശേഷിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതും ഉണ്ടെങ്കിൽ ഈടാക്കിയ ഗുണഭോക്തൃവിഹിതം തിരികെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-35 സ്ത്രീ പദവി പഠനം-പെൺ അടയാളങ്ങൾ പദ്ധതി-രേഖകൾ ലഭ്യമാക്കേണ്ടതാണ്.

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | 102/22-23 | |
| പേര് | സ്ത്രീ പദവി പഠനം-പെൺ അടയാളങ്ങൾ | |
| ഫണ്ട് | അടങ്കൽ | ചെലവ് |
| വികസന ഫണ്ട്,പൊതു വിഭാഗം സാധാരണ വിഹിതം | 35400 | 12652 |

| | | |
|---|---|---|
| ആകെ | 35400 | 12652 |

പ്രൊജക്ട് രൂപീകരണ ഫോം പരിശോധിച്ചതിൽ ലിംഗപദവി സൗഹൃദമാക്കുന്നതിനും സ്ത്രീകളുടെ അവസ്ഥയും പ്രശ്നങ്ങളും ആവശ്യങ്ങളും മനസ്സിലാക്കി അവരെ സമൂഹത്തിന്റെ മുന്നിലെത്തിക്കുകയുമാണ് പ്രൊജക്ടിന്റെ ലക്ഷ്യം.പ്രൊജക്ടിൽ സ്ത്രീ പദവി പഠനം സംബന്ധിച്ച സർവെ നടത്തുന്നതിലേക്കായി രണ്ട് എന്യൂമറേറ്റർമാരെ നിയമിച്ച് വിവര ശേഖരണം നടത്തിയിട്ടുണ്ട്.പദ്ധതി ലക്ഷ്യം കൈവരിച്ചോ എന്നത് സംബന്ധിച്ച മോണിട്ടറിംഗ് സമിതി റിപ്പോർട്ട് ഉൾപ്പെടെയുള്ള രേഖകളൊന്നും തന്നെ ഫയലിൽ ലഭ്യമല്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം.36/15.12.2023 ന് മറുപടി ലഭ്യമാക്കിയില്ല.'ടി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-36 ആദായ നികുതി സ്രോതസ്സിൽ നിന്ന് കുറവു ചെയ്തിട്ടില്ല

1961 ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194(C) പ്രകാരം ഒരു സാമ്പത്തിക വർഷം, ഒരു കരാറിൽ 30000/- രൂപയിൽ കൂടുതൽ പെമെന്റ് നടത്തുമ്പോൾ 1% ആദായ നികുതി സ്രോതസ്സിൽ നിന്ന് കുറവു ചെയ്യേണ്ടതുണ്ട്.2022-23 വർഷം ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളിൽ ടി നിർദ്ദേശം പാലിച്ചിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം,പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | കരാർ തുക | കരാർ എടുത്ത സ്ഥാപനം/വ്യക്തി |
|---|---|---|---|---|
| 1 | 25, കംപ്യൂട്ടർ AMC | സെക്രട്ടറി | 103958 | Xite Systems |
| 2 | 2, ബഡ്സ്കൂളിന് വാഹനസൗകര്യം | അസി.സെക്രട്ടറി | 86800 | റഹിമുദീൻ |
| 3 | 14, തെരുവു വിലക്കു പരിപാലനം | സെക്രട്ടറി | 142076 | Best&Safe Electricals |

ടി സ്ഥാപനങ്ങളിൽ നിന്ന് ആദായ നികുതി ഈടാക്കുന്നതാണ് എന്ന് ഓഡിറ്റ് എൻക്വയറി നം. 15ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.വരും വർഷങ്ങളിൽ കരാർ അടിസ്ഥാനത്തിൽ സേവനങ്ങൾ ലഭ്യമാക്കുമ്പോൾ മേല്പറഞ്ഞ അപാകംഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-37 എയ്ഡഡ് സ്കൂളുകളുടെ വസ്തു നികുതി പുനർനിർണ്ണയം -കമ്മിറ്റി തീരുമാനം നടപ്പിലായില്ല.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എയ്ഡഡ് സ്കൂളുകളുടെ വിസ്തീർണ്ണം പുനർനിർണയിക്കാനും, ആയത് പഞ്ചായത്തിന്റെ അസസ്മെന്റ് രേഖകളുമായി ഒത്തുനോക്കാനും, ജനറൽകമ്മിറ്റിയുടെ 31/5/22-ലെ തീരുമാനം (നം7-5) പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ടി തീരുമാനത്തിന്മേൽ സ്വീകരിച്ച തുടർനടപടിയുടെ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.29) മറുപടിയിൽ, ടി തീരുമാനത്തിന്മേൽ തുടർ നടപടി ഒന്നും സ്വീകരിച്ചിട്ടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ജനറൽകമ്മിറ്റിയുടെ തീരുമാനം മാതൃകാപരം ആണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇക്കാര്യത്തിൽ എത്രയും വേഗം തുടർ നടപടിസ്വീകരിച്ച് വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-38 ആസ്തി രജിസ്റ്റർ കാലികമല്ല

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ, റോഡുകൾ വാഹനങ്ങൾ മുതലായ ആസ്തികൾ കാലികമാക്കി പുതുക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി, സചിത്ര സോഫ്റ്റ് വെയർ ഉപയോഗിച്ച് ഡാറ്റാ ബേസ് ആയി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് ജി.ഒ.(എംഎസ്) 255/2013 ത.സ്വ.ഭ.വ തീയതി 18.7.2013 മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തിരജിസ്റ്റർ കാലികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ജി.ഒ.(ആർ.ടി) 59/2012 തീയതി, 6.1.2012 മുഖേനയും പുറപ്പെടുവിച്ചിട്ടുണ്ട്.ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1)ജനറൽ കമ്മിറ്റിയുടെ വിവിധ തീരുമാനം പ്രകാരം വിവിധ വസ്തുക്കൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി കാലികമാക്കാൻ തീരുമാനിച്ചു.

| ക്രമ നം | തീരുമാനം നം,തീയതി | വസ്തുവിവരം |
|---|---|---|
| 1 | 31-5-22,4-1 | താന്നിമൂട്-ഡീസന്റ് മുക്ക്-മണലുവിള വഴി |
| 2 | 18-10-22,1/10,11 | വിവിധ വഴികൾ |
| 3 | 17-1-23,8-1 | കട്ടിംഗ് സ്റ്റേഡിയം |

2)ജനറൽ കമ്മിറ്റിയുടെ 25-11-22ലെ തീരുമാനം നം. 1-5 പ്രകാരം ആസ്തി രജിസ്റ്റർ കാലികമാക്കാൻ തീരുമാനിച്ചു.
ടി തീരുമാനങ്ങൾ നടപ്പിലായതിന്റെ വിശദാംശം ലഭ്യമാക്കിയില്ല.
ടി വസ്തുക്കൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് ആരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 8) ലഭ്യമാക്കിയ മറുപടിയിൽ, ആയവ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശപ്രകാരം ആസ്തി രജിസ്റ്ററിൽ പൂർണമായ വിവരങ്ങൾ ഉൾപ്പെടുത്തി കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-39 ഹോമിയോ മരുന്ന് ലഭ്യമാകുന്നതിലെ കാലതാമസം

| | |
|---|---|
| പ്രോജക്ട് നം. | S0003/23 |
| പ്രോജക്ടിന്റെ പേര് | ഹോമിയോ ആശുപത്രിയിലേയ്ക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 100000 (മെയിന്റനൻസ് ഫണ്ട് - റോഡിതരം) |
| ചെലവ് | 100000രൂ. |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) |

2022-23 സാമ്പത്തിക വർഷത്തിൽ മേൽ പദ്ധതിയ്ക്ക് പ്രൊഫോർമ ഇൻവോയ്സിന്റെയും നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ ബിൽ നം.138/18.11.2022 പ്രകാരം 100000/-രൂപ ഹോംകോയ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെ 92426/ രൂപയുടെ മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. (Invoice No. LF-557/17.7.2023 പ്രകാരം 48516/-, Invoice No. LF-1515/25.9.2023 പ്രകാരം 43910/-) അവശേഷിക്കുന്ന 7574/- രൂപയുടെ മരുന്നുകൾ 2023 ഡിസംബർ 31-നകം ലഭ്യമാക്കാമെന്ന് ഹോംകോ അറിയിച്ചതായി ഓഡിറ്റ് എൻക്വയറി നം.3/7.12.2023-ന് മറുപടി ലഭ്യമാക്കി.

മരുന്നുകൾ ലഭ്യമാക്കി, സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം

സുലേഖ ചെലവ് പത്രിക പ്രകാരം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | മുന്നിരിപ്പ് | തൻ വർഷം ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 0 | 265200 | 65/23 കേദാരം സമഗ്ര നെൽകൃഷി | 265200 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | 0 | 200000 | 16/23 പാലിയേറ്റീവ് കെയർ | 200000 | 0 |
| | | 0 | 47650 | 93/23 ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | **47650** | 0 |
| | | 0 | 300000 | 22/23 അങ്കണവാടി പോഷകാഹാര വിതരണം ജനറൽ | **300000** | 0 |
| | | 0 | 243750 | 92/23 സ്നേഹസ്പർശം | **243750** | 0 |
| | | 0 | 30000 | 31/23 ലൈഫ് ഭവന പദ്ധതി (പട്ടിക ജാതി അഡീഷണൽ ലിസ്റ്റ്) | **30000** | 0 |
| | | 0 | 200000 | 28/23 ലൈഫ് ഭവന പദ്ധതി | **200000** | 0 |
| | | 0 | 80000 | 30/23 ലൈഫ് ഭവന പദ്ധതി ( പട്ടിക ജാതി) | **80000** | 0 |
| | | 0 | 200000 | 109/23 ക്ഷീരസമൃദ്ധി | **200000** | 0 |
| | | 377040 | 0 | മുൻവർഷത്തെ പ്രോജക്ടുകൾ | 0 | 377040 |
| ആകെ | | 377040 | 1566600 | | 1566600 | 377040 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 0 | 63000 | 103/23 ഹരിതഭവനം | 63000 | 0 |
| | | 0 | 265200 | 65/23 കേദാരം സമഗ്ര നെൽകൃഷി | 265200 | 0 |
| | | 0 | 243750 | 92/23 സ്നേഹസ്പർശം | **243750** | 0 |
| | | 367380 | 0 | മുൻവർഷത്തെ പ്രോജക്ടുകൾ | 0 | 367380 |
| ആകെ | | 367380 | 571950 | | 571950 | 367380 |

വാർഷിക ധനകാര്യ പത്രിക പ്രകാരം

| | 2021-22 B-4,ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | തൻവർഷത്തെ വരവ് | ആകെ | സുലേഖ പത്രിക പ്രകാരം ചെലവ് | നീക്കിയിരിപ്പ് | 2022-23 B-4 ഷെഡ്യൂൾ പ്രകാരം നീക്കയിരിപ്പ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 377040 | 1566600 | 1943640 | 1566600 | 377040 | 377040 |
| ജില്ലാ പഞ്ചായത്ത് | 367380 | 571950 | 939330 | 571950 | 367380 | 367380 |

| | | | | | | |
|---|---|---|---|---|---|---|
| വിഹിതം | | | | | | |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

സുലേഖ ചെലവ് പത്രിക പ്രകാരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | തൻ വർഷം ചെലവഴിച്ച തുക ( വിനിയോഗ സാക്ഷ്യപത്രം പ്രകാരം) | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി | 82/23 പോസ്റ്റ് ഷിഫ്റ്റിംഗ് | 84873 | - | 84873 |
| വാട്ടർ അതോറിറ്റി | 105/23 ജലജീവൻ മിഷൻ - ഗാർഹിക കുടിവെള്ള കണക്ഷൻ ഫേസ് 1 | 483473 | - | 483473 |

വാർഷിക ധനകാര്യ പത്രിക പ്രകാരം

| | 2021-22 B18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 2022-23 വർഷത്തെ നിക്ഷേപം ( സുലേഖ പ്രകാരം) | ആകെ | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് / തിരികെ അടവാക്കിയത് | നീക്കിയിരിപ്പ് | 2021-22 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 835062 | 84873 | 919935 | - | 919935 | 919935 |
| വാട്ടർ അതോറിറ്റി * | 2782341 | 483473 | 3265814 | 261625 | 3004189 | 2520716 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 156451 | - | 156451 | - | 156451 | 156451 |

* പ്രോജക്ട് നമ്പർ 105/23 ജലജീവൻ മിഷൻ - ഗാർഹിക കുടിവെള്ള കണക്ഷൻ ഫേസ് 1 പദ്ധതിയ്ക്കായി തൻവർഷം വാട്ടർ അതോറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത 483473/- രൂപയുടെ ചെലവ് വാർഷിക ധനകാര്യ പത്രികയിൽ അഡ്വാൻസ് ഹെഡിൽ ഉൾപ്പെടുത്തിയില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

| വായ്പ വിവരം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക ( RP -31 പ്രകാരം) | ആകെ | തൻവർഷം തിരിച്ചടച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം) | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ( B-5 ഷെഡ്യൂൾ പ്രകാരം) |
|---|---|---|---|---|---|
| KURDFC | 17812000 | 3700000 | 21512000 | 2779765 | 18732235 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഇല്ല

## 4-8 ചാർജ്ജ്-സർചാർജ്ജ് നടപടി വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 12980153/- രൂപ |
| ഓഡിറ്റ് വർഷത്തെ വരവ് | 45478907/- രൂപ |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ചെലവ് | 33651050/- രൂപ |
| നീക്കിയിരിപ്പ് | 24808010/- രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 695200/-രൂ |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | തുക(രൂ) | | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും |
|---|---|---|---|---|
| 1 | 1-24 | 215200 | | അമിതാ.സി.ഒ, സെക്രട്ടറി |
| 2 | 1-34 | 285000 | 180000 | രമാ.വി, വെറ്ററിനറി സർജ്ജൻ |
| | | | 105000 | എസ്.ബൈജു, വെറ്ററിനറി സർജ്ജൻ |
| 3 | 1-34-1 | 195000 | | രമാ.വി, വെറ്ററിനറി സർജ്ജൻ |
| | ആകെ | 695200/- രൂപ | | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അമിത.സി.ഒ, സെക്രട്ടറി, | സെക്രട്ടറി, ഒറ്റശേഖരമംഗലം ഗ്രാമപഞ്ചായത്ത് | അനിതാസദനം, പാമാംകോട്, എസ്റ്റേറ്റ് പി.ഒ. |
| എസ്.ബൈജു,വെറ്ററിനറി സർജൻ | ലഭ്യമല്ല | നന്ദനം, ചെമ്പഴന്തി.പി.ഒ, അനിയൂർ |
| രമാ.വി,വെറ്ററിനറി സർജൻ | ലഭ്യമല്ല. | രാജു നിവാസ്, പാമ്പുറം, കല്ലുവാതുക്കൽ.പി.ഒ. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ജി.പി.8 | 1 |

| | | |
|---|---|---|
| 2014-15 | /197/2022 തീയതി 25.10.2022 | 1 |
| 2015-16 | | 5 |
| 2016-17 | | 6 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ജി.പി 07/43/2019 തീയതി 07.03.2019 | - |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ജി.പി 07/1867/2019 തീയതി 03.12.2020 | 30 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം/ജി.പി 07/671/2021 തീയതി 07.03.21 | 66 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം/ജി.പി 07/255/2022 തീയതി 11.05.2022 | 35 |
| 2021-22 | കെ.എസ്.എ.റ്റി.വി.എം/ജി.പി.8 /129/2023 തീയതി 17.02.2023 | 35 |

**ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)**
**ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 27-07-2023 and submitted on 31-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Cherunniyoor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Cherunniyoor Grama Panchayat for the year 2022-2023

**Date: 26/12/2023**

**Deputy Director(H.G)**
**District Office Trivandrum**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Cherunniyoor Grama Panchayat for the Year 2022-2023 .

**1.Major Observations**

1) Amount used for asset creation has not been completely transfered to Capital Contribution head.

Eg:-

| Project No/Name | Expenditure | Fund |
|---|---|---|
| 52/23 Smart class for Buds school | 199860 | State sponsored Scheme |
| 51/23, Name board for Anganawadis | 38961 | Central sponsored scheme |

2) Misclassification of Payment Voucher

i) The amount used for asset creation is wrongly booked in revenue head. Details given below

| Project No. /Name | Expenditure | Fund | Head Code ( Expenditure booked) | Head Code ( Expenditure to |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | | be booked) |
| 168/23 Purchasing UPS and battery for Panchayath | 192100 | Own fund | **251220007 Improvement Of The Service Of Local Governments-Purchase Of Hardware** | **414220101 Improvement Of The Service Of** Local Governments-Computers And Related Equiments |
| 124/23 Purchasing Laptop for Panchayath | 175053 | Own fund | | |

3) Depreciation not provided for following fixed assets. As a result the authenticity of asset value reflects in Annual Financial Statement cannot be ascertained.

| Serial No. | Fixed asset |
|---|---|
| 1 | Roads & Bridges |
| 2 | Waterways |
| 3 | Public Lighting |
| 4 | Plant & machinery |
| 5 | Other Fixed Assets |
| 6 | Sewerage and Drainage |

**2.Other Observations**

1. Mandatory Statements are not submitted for Audit eg: The financial ratios, notes to accounts, B-1 Shedule (Adjusted performance for the current year) are not submitted with the annual financial statement.
2. Cash flow statement-Net increase in cashflow (Rs. 11827857/-) doesnot match with the net cash generated by operating, investing and financing activities (-2698250/-)
3. The valuation of stock and stores are not done at the end of the financial year. The amount as per concerned schedule is recorded as âÂÂ0âÂÂ.

4. Cheques issued ( STATE BANK OF INDIA CHERUNNIYOOR( 67005962308 ) ) Amount Rs. 68679/-, Number of cheques - 18) and uncashed for more than three months were not transferred to Stale Cheque Account.

5. The following amounts , which is directly debited by banks have not reconciled till now.

| Bank | Account Number | Directly debited amount/ Date |
|---|---|---|
| STATE BANK OF INDIA CHERUNNIYOOR | 67005962308 | 620/12.01.2023 |
| INDIAN OVERSEAS BANK VADASERIKONAM | 076901000021249 | 18/21.06.2022 |
| ICICI BANK | 143301000492 | 28,080/ 31.03.23 |

6. The following amounts, which is directly credited by banks have not reconciled till now.

| Bank | Account Number | Directly credited amount |
|---|---|---|

| | | |
|---|---|---|
| STATE BANK OF INDIA CHERUNNIYOOR | 67005962308 | 22395 |
| INDIAN OVERSEAS BANK VADASERIKONAM | 076901000021249 | 44 |

7. Non disclosue of expenses due- Expenses due such as honorarium for members, fuel expenses due in the current fincancial year are not included in balance sheet as provision of expense due (B-9).

8) The amount of Rs.10727 in respect of online payment is not credited into the State Bank of India Cherunniyoor ( 37259656340 e -payment account) till date.
9) Lapses in making timely and accurate demand entries in respect of tax revenue.

Eg:- Property Tax, Profession Tax

10) Collection in respect of Profession Tax - Professionals (Current) and Profession Tax - Institutions (Current) with no demand entry in the respective head. The amount of Rs.127960/- collected as Profession Tax - Institutions (Current) and the amount of Rs. 4060/- collected as Profession Tax - Professionals (Current) have been booked in profession tax traders head (1102001005).

11) Misclassification of Receipt Voucher

The amount 0f Rs. 500/- (Fee for Ownership) is booked wrongly in Penalties And Fines - Other Penalties (140200199 ) head.

12) No action has been taken to realise the amount of Rs. 74379/- under the Liability head in respect of Stale cheques.

13) Registers are not maintained and not submitted for audit. Hence the authenticity of amount recorded in balance sheet cannot be verified. eg: Advance register, Grant Appropriation Control Register, Asset Register, Deposit Register

14) The amount given as part bill for the construction of toilets in GMLPS Kochu Palachira using CFC grant of Rs. 172025/- is booked directly as asset creation in head code 414130001 public programmes ÂÂÂÂÂ Toilet instead of including in Balance sheet B-11 (b) Schedule Capital Work in progress.

15) The Demand, collection, balance statement is not prepared in the registers of paramedical Registration, Auction and Dog license. Hence the correctness of figures in Annual Financial statement cannot be verified.

16) The amounts given to deposit works are directly treated as expenditure without obtaining utilisation certificate. Details given below.

| Project Number | Name of the Project | Amount | Agency | Head code ( Expenditure to be booked) | Head code ( Expenditure booked) |
|---|---|---|---|---|---|
| 105/23 | Jal Jeevan Mission Domestic Drinking water connection Phase 1 | 483473 | Kerala water Authority | 460500201- Advance to Implementing Agencies Water Authority | 251120002 Drinking water programmes Individual House Connection |

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്